33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 08, 2025 Vol. XXXIII No. 50




THRISSUR | KOCHI | THODUPUZHA | KOTTAYAM | THIRUVALLA | ATTINGAL | KOLLAM | THIRUVANANTHAPURAM | KUNNAMKULAM | CHALAKKUDY | PALAKKAD | PATTAMBI | PERINTHALMANNA | KOZHIKODE | KALPETTA | KANNUR | VADAKARA | PAYYANNUR | KASARAGOD
BENGALURU | ERODE | SALEM | DUBAI: KARAMA • MEENA BAZAAR • AL QUSAIS
SHARJAH: AL ZAHRA SQUARE • MUWEILAH | ABU DHABI | MUSCAT (RUWI) | DOHA | BAHRAIN

BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

**Tom Sunny, CFP®, CLU®, RICP®**
**Financial Advisor & Planner**
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.



SECURE TAX SERVICES

DBA Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing



LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

33rd Year of Service 2025
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഒന്നാംഘട്ട പ്രചാരണം അവസാനിച്ചു
8 രാഹുൽ മാങ്കൂട്ടത്തിലിനെ പുറത്താക്കി
11 ഫോറസ്റ്റ് ഫ്ളയിംഗ് സ്ക്വാഡ് ഇനി വനം വിജിലൻസ്
16 വേണം, കേരളത്തിലും ഫ്യൂണറൽ ഹോമുകൾ
17 ചിക്കാഗോ ഫ്രണ്ട്സ് ക്ലബിന് നവനേതൃത്വം

### ആദ്യ ആറു പ്രതികൾ കുറ്റക്കാർ; ശിക്ഷാവിധി 12-ന്

# നടിയെ ആക്രമിച്ച കേസിൽ ദിലീപ് കുറ്റവിമുക്തൻ

കൊച്ചി: ഓടുന്ന വാഹനത്തിൽവെച്ച് യുവനടിയെ ആക്രമിച്ച് ദൃശ്യങ്ങൾ പകർത്തിയെന്ന കേസിലെ എട്ടാം പ്രതി നടൻ ദിലീപിനെ വെറുതെവിട്ടു. ഇയാൾക്കെതിരേയുള്ള ഗൂഢാലോചനക്കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷനായില്ല. കേസിലെ ആദ്യ ആറു പ്രതികൾ കുറ്റക്കാരാണെന്ന് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി ഹണി എം. വർഗീസാണ് വിധി പ്രസ്താവിച്ചത്.

കുറ്റകൃത്യത്തിൽ നേരിട്ടു പങ്കെടുത്ത ഒന്നു മുതൽ ആറു വരെയുള്ള പ്രതികളായ പൾസർ സുനി (എൻ.എസ് സുനിൽ-37), നടുവിലേക്കുടി, വേങ്ങൂർ, എറണാകുളം, മാർട്ടിൻ ആന്റണി (33) പുതുശേരി ഹൗസ് കൊരട്ടി തൃശൂർ, ബി. മണികണ്ഠൻ (37) മണപ്പാട്ട്പറമ്പിൽ തമ്മനം, എറണാകുളം, വി.പി. വിജീഷ് (38) മംഗലശേരിൽ, കതിരൂർ തലശേരി, വടിവാൾ സലിം (എച്ച്. സലിം-30)പള്ളിക്കപ്പറമ്പിൽ, ഇടപ്പള്ളി, എറണാകുളം, പ്രദീപ് (31) പഴയ നിലയത്തിൽ തിരുവല്ല എന്നിവരെയാണ് കോടതി കുറ്റക്കാരായി കണ്ടെത്തിയത്.

ഏഴാം പ്രതിയായ ചാർലി തോമസ് (51), പൂപ്പാലിൽ, ഇരിട്ടി കണ്ണൂർ, എട്ടാം പ്രതി നടൻ ദിലീപ്-57 (പി. ഗോപാലകൃഷ്ണൻ, പത്മ സരോവരം, ആലുവ), ഒമ്പതാം പ്രതി വി.ഐ.പി. ശരത് എന്ന ശരത് നായർ (ദിലീപിന്റെ സുഹൃത്ത്) എന്നിവരെയാണ് കുറ്റവിമുക്തരാക്കിയത്.

കൃത്യത്തിൽ നേരിട്ടു പങ്കെടുത്ത പൾസർ സുനിയടക്കം ആറു പ്രതികൾക്കെതിരെ കൂട്ട ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ, ഗൂഢാലോചന എന്നീ കുറ്റങ്ങളാണ് പ്രധാനമായും ചുമത്തിയിരിക്കുന്നത്. ഇവയെല്ലാം തെളിഞ്ഞു. കൃത്യത്തിൽ നേരിട്ടു പങ്കെടുത്തില്ലെങ്കിലും സംഭവത്തിന്റെ മുഖ്യ ആസൂത്രകൻ എന്ന് പ്രോസിക്യൂഷൻ ആരോപിക്കുന്ന എട്ടാംപ്രതിയായ ദിലീപിനെതിരെയും ബലാത്സംഗ കുറ്റം ചുമത്തിയിരുന്നു. എന്നാൽ. ദിലീപിനെതിരെ ക്രമിനിൽ ഗൂഢാലോചനക്കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചില്ല. ഗൂഢാലോചനയിലടക്കം തെളിവില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ദിലീപിനെതിരെ കോടതി കുറ്റവിമുക്തനാക്കിയത്. പ്രതികളെ ഒളിവിൽ പോകാ സഹായിച്ച ചാർലിയെയും പത്താം പ്രതിയായ ശരത്തിനെയും വെറുതെ



വിട്ടു. കോവിഡ് ലോക്ഡൗണിനു പുറമെ പ്രതികളിലൊരാളായ നടൻ ദിലീപും പ്രോസിക്യൂഷനും അതിജീവിതയും പലതവണ മേൽക്കോടതികളിൽ നല്കിയ ഉപഹർജികളും അപ്പീലും വിചാരണ നടപടികൾ നീണ്ടുപോകാൻ കാരണമായി. സംവിധായകൻ ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ മാസങ്ങളോളം വിചാരണ നിർത്തിവെച്ചാണ് തുടരന്വേഷണം നടത്തിയത്.

ഇത് അന്തിമ വിധിയല്ലെന്നായിരുന്നു കേസ് അന്വേഷിച്ച പോലീസ് സംഘത്തിന്റെ മേധാവിയായിരുന്ന ബി. സന്ധ്യയുടെ പ്രതികരണം. മേൽക്കോടതിയിൽ എന്തു സംഭവിക്കുമെന്നു നോക്കാം ഗൂഢാലോചന എപ്പോഴും ഒരു വെല്ലുവിളിയാണെന്നും സന്ധ്യ പറഞ്ഞു.

# ഗോവയിൽ നിശാ ക്ലബ്ബിൽ തീപിടിത്തം: 25 മരണം

പനാജി: വടക്കൻ ഗോവയിലെ നിശാ ക്ലബ്ബിലുണ്ടായ തീപിടിത്തത്തിൽ 25 പേർ മരിച്ചു. ആറുപേർക്കു പരിക്കേറ്റു. പനാജിയിൽനിന്നു 25 കിലോമീറ്റർ അകലെ അർപോറയിലെ ബിർച്ച് ബൈ റോമിയോ ലെയ്ൻ നിശാക്ലബ്ബിൽ 7-ന് പുലർച്ചെയാണ് ദുരന്തമുണ്ടായത്. ശ്വാസംമുട്ടിയാണ് കൂടുതൽ മരണം സംഭവിച്ചത്. മരിച്ചവരിൽ ഏറെയും നിശാക്ലബ്ബിലെ ജീവനക്കാരാണ്.



വടക്കൻ ഗോവയിൽ തീപിടിത്തത്തിൽ കത്തിനശിച്ച ബിർച്ച് ബൈ റോമിയോ ലെയ്ൻ നിശാ ക്ലബ്ബിന്റെ ഉൾവശം.

നൃത്തത്തിനിടെയുണ്ടായ കരിമരുന്നു പ്രയോഗമാണ് അപകടത്തിനിടെയാക്കിയതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. സിലിണ്ടർ സ്ഫോടനമാണു തീപിടിത്തത്തിനു കാരണമെന്നായിരുന്നു നേരത്തെ പോലീസ് അറിയിച്ചിരുന്നത്.

അപകടത്തിനു പിന്നാലെ നിശാക്ലബ്ബിലെ നാലു ജീവനക്കാരെ അറസ്റ്റ് ചെയ്തതായി മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു. ക്ലബ്ബിന്റെ ചീഫ് ജനറൽ മാനേജർ രാജീവ് മൊദാക്, ജനറൽ മാനേജർ വിവേക് സിംഗ്, ബാർ മാനേജർ രാജീവ് സിംഘാനിയ, ഗേറ്റ് മാനേജർ റിയാൻഷു ഠാക്കൂർ എന്നിവരാണ് അറസ്റ്റിലായത്.

അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ സൗത്ത് ഗോവ കളക്ടർ, ഡെപ്യൂട്ടി കളക്ടർ ഓഫ് ഫയർ ആൻഡ് എമർജൻസി സർവീസസ്, ഫോറൻസിക് ലബോറട്ടറി ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന സമിതി രൂപവത്കരിച്ചു. ഒരാഴ്ചയ്ക്കകം സമിതി റിപ്പോർട്ട് സമർപ്പിക്കും. (ശേഷം 34-ാം പേജിൽ)

### ലൈംഗിക പീഡനക്കേസ്:

# രാഹുലിനെ കണ്ടെത്താൻ പുതിയ സംഘം

തിരുവനന്തപുരം: ലൈംഗിക പീഡനക്കേസിൽ പ്രതിയായതിനു പിന്നാലെ ഒളിവിൽപോയ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കണ്ടെത്താൻ പുതിയ സംഘത്തെ പോലീസ് നിയോഗിച്ചു. ആദ്യ സംഘത്തിൽനിന്ന് വിവരങ്ങൾ രാഹുലിനു ചോരുന്നുവെന്ന സംശയത്തിന്റെകൂടി അടിസ്ഥാനത്തിലാണിത്. ഒരാഴ്ചയിലേറെയായി തെരച്ചിൽ നടത്തിയ ആദ്യസംഘം കർണാടകയിൽനിന്നു തിരിച്ചെത്തി. പുതിയ സംഘം ഉടൻ അവിടേക്കു തിരിക്കും.

കഴിഞ്ഞമാസം 27-ന് ആണു രാഹുൽ ഒളിവിൽപോയത്. കോളിളക്കം സൃഷ്ടിച്ച കേസിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചു നടത്തിയ തെരച്ചിൽ ഫലംകാണാത്തതു പോലീസിനു ക്ഷീണമായി. തദ്ദേശ തെരഞ്ഞെടുപ്പിൽ ചർച്ചയാക്കാൻ രാഹുലിന്റെ അറസ്റ്റ് സർക്കാർ മനഃപൂർവം വൈകിക്കുകയാണെന്ന ആരോപണത്തിനു കോൺഗ്രസ് മൂർച്ചകൂട്ടി. നിരന്തരം ഒളിസങ്കേതങ്ങൾ മാറിയാണു രാഹുലിന്റെ സഞ്ചാരം. കഴിഞ്ഞദിവസം



ബെംഗളൂരുവിലെ റിസോർട്ടിൽ അന്വേഷണസംഘമെത്തുന്നതിനു മണിക്കൂറുകൾക്കു മുൻപ് രാഹുൽ കടന്നുകളഞ്ഞു. (ശേഷം 34-ാം പേജിൽ)

# ഒന്നാംഘട്ട പ്രചാരണം അവസാനിച്ചു; ഏഴ് ജില്ലകളിൽ വോട്ടെടുപ്പ്

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ട പരസ്യപ്രചാരണം അവസാനിച്ചു. മൂന്നാഴ്ചയിലേറെ നീണ്ട വോട്ടോട്ടം കൊട്ടിയിറങ്ങി. പ്രഖ്യാപനശേഷം പ്രചാരണത്തിന് ഒരു മാസംപോലും ലഭിക്കാത്തതിനാൽ തിരക്കേറിയ വോട്ട് ചോദ്യത്തിനാണ് സമാപനമായത്. ഡിസംബർ ഏഴിന് വൈകുന്നേരം ആറിനാണ് പരസ്യ പ്രചാരണത്തിന് പരിസമാപ്തിയായത്. എട്ടിന് നിശബ്ദ പ്രചാരണം നടത്തി. ഒന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ഏഴു ജില്ലകളിലും പരസ്യപ്രചാരണത്തിന്റെ അവസാന മണിക്കൂറുകളിൽ വാഹനപ്രചാരണജാഥയും പ്രധാന ജംഗ്ഷനുകളിൽ സ്ഥാനാർത്ഥികളും പ്രവർത്തകരും ഒത്തുചേർന്ന് കലാശക്കൊട്ടു നടത്തിയും ആവേശക്കൊടുമുടിയിൽ എത്തിച്ചു. പ്രചാരണ വാഹനങ്ങളെയും സ്ഥാനാർത്ഥികളെയും ഒന്നിച്ച് എത്തിച്ചാണ് മിക്കയിടങ്ങളിലും പരസ്യപ്രചാരണത്തിനു കൊടിയിറങ്ങിയത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് ഏഴിന് പരസ്യപ്രചാരണം അവസാനിച്ചത്. ഈ ഏഴു ജില്ലകളിൽ ഒൻപതിന് വോട്ടെടുപ്പ് നടക്കും. രാവിലെ ഏഴുമുതൽ വൈകുന്നേരം ആറുവരെയാണ് പോളിംഗ്. ഒന്നാംഘട്ടത്തിൽ 1,32,83739 വോട്ടർമാരാണ് സമ്മതിദാനാവകാശം രേഖപ്പെടുത്തുക. 595 തദ്ദേശ സ്ഥാപനങ്ങളിലെ 11,168 വാർഡുകളിലായി 36,630 സ്ഥാനാർത്ഥികളാണ് ഒന്നാംഘട്ടം ജനവിധി തേടുന്ന ഏഴു ജില്ലകളിൽ രംഗത്തുള്ളത്. തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ഏഴു ജില്ലകളിൽ 11-ന് വോട്ടെടുപ്പ് നടക്കും. 13-നാണ് ഫലപ്രഖ്യാപനം. ഒന്നും രണ്ടും ഘട്ടങ്ങളിലായി കേരളത്തിലെ 14 ജില്ലകളിലായി 75,633 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്.

അതേസമയം, കലാശക്കൊട്ട് സംഘടിപ്പിക്കാതെ അപ്പോഴും വീടുകൾ കയറി വോട്ട് ചോദിച്ച സ്ഥാനാർത്ഥികളുടെ എണ്ണവും ഏറെയായിരുന്നു. ജില്ലാ പഞ്ചായത്തിലെ മിക്ക സ്ഥാനാർത്ഥികളുടെയും വാഹന പ്രചാരണം ആറിന് അവസാനിച്ചിരുന്നു. ഏഴിന് മൂന്നു മുന്നണികളുടെയും ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥികൾ ഡിവിഷനുകളിലെ പഞ്ചായത്തുകളിൽ ഓട്ട പ്രദക്ഷിണം നടത്തി. എട്ടിനും എല്ലാ പഞ്ചായത്തുകളിൽ ഒരു വട്ടംകൂടി എത്തി വോട്ട് ഉറപ്പാക്കി.

ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഭൂരിഭാഗം സ്ഥാനാർത്ഥികളും മൂന്നു വട്ടത്തിലേറെ വീടു കയറിയിരുന്നു.

നഗരങ്ങളിലെ പല വീടുകളിലും രണ്ടുതവണയിലേറെ കയറിയപ്പോളാണ് മിക്ക സ്ഥാനാർത്ഥികൾക്കും വോട്ടർമാരെ നേരിൽ കാണാൻ കഴിഞ്ഞത്. ആദ്യം സ്ഥാനാർത്ഥി പ്രഖ്യാപനം നടന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ സ്ഥാനാർത്ഥികൾ മുഴുവൻ വീടുകളിലും ഒരുതവണ എത്തി വോട്ട് അഭ്യർത്ഥിച്ചിരുന്നു.

തെരഞ്ഞെടുത്ത വാർഡുകളിലെ വീട് കയറാൻ മാത്രമാണു ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥികൾക്കു സമയം ലഭിച്ചത്. രണ്ടു ദിവസമായി സ്ലിപ്പുകൾ വിതരണം ചെയ്യുന്ന തിരക്കിലായിരുന്നു മുന്നണികൾ.

ആടിയുലഞ്ഞു നിൽക്കുന്ന വോട്ടർമാരെ കേന്ദ്രീകരിച്ചാകും എട്ടിലെ പ്രവർത്തനങ്ങൾ. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഒരു വോട്ട് പോലും നിർണായകമായതിനാൽ പഴുതടച്ച നീക്കങ്ങളാണു മുന്നണികൾ നടത്തുന്നത്.

തദ്ദേശ തെരഞ്ഞെടുപ്പിൽ 2010-ലെ ഫലം ജില്ലയിൽ ആവർത്തിക്കുമെന്നാണ് യുഡിഎഫ് നേതൃത്വത്തിന്റെ ഉറപ്പും പ്രതീക്ഷയും. റിബലുകളില്ലാത്ത യുഡിഎഫ് ആണ് ഇത്തവണയെന്നും ഇത് അനുകൂലമായി പ്രതിഫലിക്കുമെന്നും യുഡിഎഫ് കൺവീനർ ഫിൽസൺ മാത്യൂസ് പറഞ്ഞു.

സർക്കാർ വിരുദ്ധവികാരം ജില്ലയിലില്ലെന്നും ജനവികാരം അനുകൂലമെന്നുമാണ് എൽഡിഎഫ് നേതൃത്വത്തിന്റെ കണക്കുകൂട്ടൽ. ജില്ലാപഞ്ചായത്തിലും 60 പഞ്ചായത്തുകളിലും അഞ്ച് നഗരസഭകളിലും മുന്നേറുമെന്നാണ് മുന്നണിയുടെ വിലയിരുത്തൽ.

ഗൃഹസമ്പർക്കത്തിലൂന്നിയായിരുന്നു തുടക്കംമുതൽ എൻഡിഎയുടെ പ്രചാരണം. നിരവധി പഞ്ചായത്തുകളിൽ പാർട്ടി നിർണായക ശക്തിയാകുമെന്ന് നേതൃത്വം കണക്കുകൂട്ടുന്നു. എൻഡിഎ പിടിക്കുന്ന വോട്ടുകൾ മറ്റ് രണ്ടു മുന്നണികളെയും ബാധിക്കുമെന്ന് വ്യക്തമാണ്.

## വായു മലിനീകരണം രൂക്ഷമായ ഇന്ത്യയിലെ ആദ്യ പത്തു നഗരങ്ങൾ ഡൽഹി എൻസിആർ മേഖലയിൽ

ന്യൂഡൽഹി: സമീപവർഷങ്ങളിൽ വായുമലിനീകരണം ഏറ്റവുമധികം നേരിട്ട ആദ്യ പത്ത് ഇന്ത്യൻ നഗരങ്ങളും ഡൽഹി എൻസിആർ (നാഷണൽ കാപിറ്റൽ റീജൺ) മേഖലയിൽ. ഇന്ത്യാതലസ്ഥാനത്തോടു ചേർന്നുകിടക്കുന്ന എൻസിആറിൽ ഉൾപ്പെട്ട ഉത്തർപ്രദേശിലെ ഗാസിയാബാദാണ് വായു മലിനീകരണത്തിൽ ഒന്നാമത്. നോയിഡയാണു രണ്ടാം സ്ഥാനത്ത്. ഹരിയാനയിലെ ബഹദൂർഗഡ് മൂന്നാമതും ഡൽഹി നാലാമതുമാണ്. ഹാംപുർ, ഗ്രേറ്റർ നോയിഡ, ബാഗ്പത്, സോണിപത്, മീററ്റ്, റോഹ്തക് എന്നീ നഗരങ്ങളാണു മലിനീകരണം വലിയതോതിൽ ബാധിച്ച എൻസിആറിലെ മറ്റു നഗരങ്ങൾ. എൻസിആറിലെ 29 നഗരങ്ങളിൽ 20 എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് മലിനീകരണത്തോത് കൂടുതലായി രേഖപ്പെടുത്തിയിട്ടുണ്ട്. സെന്റർ ഫോർ റിസർച്ച് ഓൺ എനർജി ആൻഡ് ക്ലീൻ എയർ നടത്തിയ പഠനത്തിലാണ് ഇക്കാര്യങ്ങൾ വ്യക്തമായത്. രാജ്യത്തുടനീളമുള്ള വായു ഗുണനിലവാരത്തിൽ ഗണ്യമായ തകർച്ചയുണ്ടെന്നു പഠനം വ്യക്തമാക്കുന്നു.

ഈ വർഷം നവംബറിലാണ് ഏറ്റവും മോശം വായു ലഭ്യമായത്. എൻസിആർ മേഖലയിൽ വായു ഗുണനിലവാര സൂചിക വളരെ മോശമായി തുടർന്ന 19 ദിവസങ്ങളും അതീവ ഗുരുതരാവസ്ഥയിൽ ആയിരുന്ന 10 ദിവസങ്ങളും ഉണ്ടായിരുന്നതായാണു പഠനം വ്യക്തമാക്കുന്നത്. വായു ഗുണനിലവാര സൂചിക ഏറ്റവും മോശമായ പത്തു നഗരങ്ങളിൽ ആറെണ്ണം ഉത്തർപ്രദേശിലും മൂന്നെണ്ണം ഹരിയാനയിലുമാണ്. നാലാം സ്ഥാനത്തുള്ള ഡൽഹിയാണു മറ്റൊന്ന്.

വായു മലിനീകരണ സൂചിക വളരെ മോശം അവസ്ഥയിൽ എത്തിയതിനെത്തുടർന്ന് ഡൽഹിയിൽ പല നിയന്ത്രണങ്ങളും സർക്കാർ ഏർപ്പെടുത്തിയിരുന്നു. വിഷയം പാർലമെന്റിലും സുപ്രീംകോടതിയിലും എത്തിയിട്ടും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കു പരിഹാരം കണ്ടെത്താനായിട്ടില്ല. കഴിഞ്ഞ ഒരു മാസത്തിലേറെയായി ഡൽഹിയിലെ ശരാശരി വായു ഗുണനിലവാര സൂചിക 350-നു മുകളിലാണ്. കേരളത്തിൽ ശരാശരി വായു ഗുണനിലവാരം 100-ൽ തുടരുന്ന സാഹചര്യത്തിലാണ് രാജ്യതലസ്ഥാനത്തെ മലിനീകരണത്തോത് കുതിച്ചുയർന്നിരിക്കുന്നത്. ഡൽഹിയിൽ വരുംദിവസങ്ങളിലും മലിനീകരണത്തോത് തുടരുമെന്നാണ് കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

## കൊല്ലത്ത് കായൽത്തീരത്ത് കെട്ടിയിട്ടിരുന്ന 11 ബോട്ടുകൾ കത്തിനശിച്ചു

കൊല്ലം: അഷ്ടമുടിക്കായൽ തീരത്തു കെട്ടിയിട്ടിരുന്ന 11 മത്സ്യബന്ധന ബോട്ടുകളും ഫൈബർ വള്ളവും കത്തിനശിച്ചു. അഗ്നിശമന സേന തീ കെടുത്താൻ ശ്രമിക്കുന്നതിനിടെ, ബോട്ടുകളിലെ നാല് പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ചതു കൂടുതൽ പരിഭ്രാന്തി പരത്തി. അപകട സമയത്ത് ബോട്ടിൽ തൊഴിലാളികൾ ഇല്ലായിരുന്നു. ആർക്കും പരുക്കില്ല. എട്ട് കോടിയോളം രൂപയുടെ നഷ്ടമുണ്ടായെന്നാണ് പ്രാഥമിക വിലയിരുത്തൽ.


കൊല്ലം അഷ്ടമുടിക്കായലിൽ കെട്ടിയിട്ടിരുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് തീ പിടിച്ചപ്പോൾ.

കാവനാട് കുരീപ്പുഴ അയ്യൻകോയിക്കൽ ക്ഷേത്രത്തിന് വടക്കുവശം ചിറ്റപ്പനഴികത്ത് കായൽവാരത്ത് ഡിസംബർ ഏഴിന് പുലർച്ചെ രണ്ട് മണിയോടെയാണു തീപിടിത്തം. ബോട്ടുകളിലെ വല ഉൾപ്പെടെ മത്സ്യബന്ധന ഉപകരണങ്ങളും നശിച്ചു.

ഇതിൽ ഒൻപത് ബോട്ടുകൾ തിരുവനന്തപുരം സ്വദേശികളുടേതാണ്. കൊല്ലം, കണ്ണൂർ സ്വദേശികളുടേതാണു മറ്റു രണ്ടു ബോട്ടുകൾ.

അഗ്നിരക്ഷാസേനയുടെ 12 യൂണിറ്റുകൾ ആറ് മണിക്കൂർ പരിശ്രമിച്ചാണ് തീ കെടുത്തിയത്. ഇവിടെ 20 ബോട്ടുകളാണ് കെട്ടിയിരുന്നത്. തീപിടിത്തം തുടങ്ങിയപ്പോൾ പൂട്ടു തകർത്തു മറ്റു ബോട്ടുകൾ ഓടിച്ചു മാറ്റുകയായിരുന്നു. തദ്ദേശ തെരഞ്ഞെടുപ്പു പ്രമാണിച്ചു കഴിഞ്ഞ ബുധനാഴ്ച ബോട്ടുകൾ കെട്ടിയിട്ട ശേഷം തൊഴിലാളികൾ നാട്ടിലേക്കു പോയിരുന്നു. ഓരോ ബോട്ടിനും 70 ലക്ഷം രൂപയുടെ വീതം നഷ്ടമുണ്ടായെന്ന് ഉടമകൾ പറഞ്ഞു. ഫൊറൻസിക് സംഘത്തിന്റെ പരിശോധനയ്ക്കു ശേഷമേ തീപിടിത്തത്തിന്റെ കാരണം വ്യക്തമാകൂ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 50
December 08, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

ഒരാളുടെ സുഹൃത്ത് അയാളിലെ നന്മ നിറഞ്ഞ മനുഷ്യൻ തന്നെയാണ്.
**സോഫോക്ലിസ്**

നിഷ്കളങ്ക ഹൃദയത്തേക്കാൾ വലിയ കവചമില്ല.
**ജോൺ മിൽട്ടൻ**

# 3215 ദിവസങ്ങൾ നീണ്ട കേസിന്റെ നാൾ വഴി

കൊച്ചി: 2017 ഫെബ്രുവരി 17–ന് മലയാള സിനിമയിലെ പ്രമുഖ നായികാതാരത്തെ കാർ തടഞ്ഞുനിർത്തി ഉപദ്രവിക്കുന്നു. അങ്കമാലിയിലെ അത്താണിക്കു സമീപത്തായിരുന്നു സംഭവം. കാറിൽ അതിക്രമിച്ചു കയറിയ സംഘം നടിയെ ശാരീരികമായി ആക്രമിക്കുന്നതിന്റെ വീഡിയോ പകർത്തി. തുടർന്ന് സംവിധായകൻ ലാലിന്റെ വീട്ടിലെത്തിയ നടി വിവരം പറയുന്നു. ലാൽ പി.ടി. തോമസ് എംഎൽഎയെ വിവരമറിയിച്ചു. അദ്ദേഹമാണ് പോലീസിനെ അറിയിച്ചത്. പോലീസ് ഉടൻ അന്വേഷണം തുടങ്ങുകയും ഡ്രൈവർ കൊരട്ടി പൂവത്തുശേരി മാർട്ടിൻ ആന്റണിയെ കസ്റ്റഡിയിലെടുക്കുകയും ചെയ്യുന്നു.

ഫെബ്രുവരി 18–ന് നടിയെ വൈദ്യപരിശോധന നടത്തി രഹസ്യമൊഴി കളമശേരി മജിസ്ട്രേട്ട് രേഖപ്പെടുത്തി. കേസ് അന്വേഷിക്കാൻ ഉത്തരമേഖല ക്രൈംബ്രാഞ്ച് ഐജി ദിനേന്ദ്ര കശ്യപിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചു. പ്രതികൾക്കെതിരെ പീഡനശ്രമം, തട്ടിക്കൊണ്ടുപോകൽ, ഗൂഢാലോചന, ഭീഷണിപ്പെടുത്തൽ, ബലപ്രയോഗത്തിലൂടെ അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തൽ തുടങ്ങിയ കുറ്റങ്ങൾക്ക് കേസെടുത്തു.

ഫെബ്രുവരി 19–ന് ആലപ്പുഴ സ്വദേശി വടിവാൾ സലിം, കണ്ണൂർ സ്വദേശി പ്രദീപ് എന്നിവർ കോയമ്പത്തൂരിൽ നിന്ന് പിടിയിലാകുന്നു. ഫെബ്രുവരി 20–ന് കൊച്ചി തമ്മനം സ്വദേശി മണികണ്ഠൻ പാലക്കാട്ടുനിന്ന് പിടിയിലായി. പ്രതികളായ സുനിൽ, മണികണ്ഠൻ, വി.പി. വിജീഷ് എന്നിവർ മുൻകൂർ ജാമ്യം തേടി.

ഫെബ്രുവരി 21–ന് അന്വേഷണസംഘം ദിലീപിന്റെ മൊഴിയെടുത്തു. ഫെബ്രുവരി 23–ന് പോലീസിനെ വെട്ടിച്ച് എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ കീഴടങ്ങാനെത്തിയ മുഖ്യപ്രതി പെരുമ്പാവൂർ കോടനാട് നെടുവേലിക്കുടി സുനിൽകുമാർ എന്ന പൾസർ സുനി, താമരശേരി സ്വദേശി വിജീഷ് എന്നിവരെ കോടതിമുറിയിൽ നിന്നു ബലപ്രയോഗത്തിലൂടെ പോലീസ് അറസ്റ്റ് ചെയ്തു.

മാർച്ച് 10–ന് സുനിൽകുമാർ, വിജീഷ് എന്നിവരെ ചോദ്യം ചെയ്യൽ പൂർത്തിയാക്കി പോലീസ് കോടതിയിൽ ഹാജരാക്കുന്നു. കോടതി ഇവരെ റിമാൻഡ് ചെയ്യുന്നു. ഏപ്രിൽ 18–ന് പൾസർ സുനി ഒന്നാം പ്രതിയായി അങ്കമാലി മജിസ്ട്രേട്ട് കോടതിയിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചു. കൊരട്ടി സ്വദേശി മാർട്ടിൻ, ആലപ്പുഴ സ്വദേശി വടിവാൾ സലിം, കണ്ണൂർ സ്വദേശികളായ പ്രദീപ്, വിജീഷ്, തമ്മനം സ്വദേശി മണികണ്ഠൻ, ഇരിട്ടി സ്വദേശി ചാർലി തോമസ് എന്നിവർ മറ്റു പ്രതികളായി.

ഏപ്രിൽ 20–ന് വിഷ്ണു എന്നയാൾ ഫോണിൽ വിളിച്ച്, സംഭവത്തിൽ ബന്ധപ്പെടുത്താതിരിക്കാൻ ഒന്നരക്കോടി രൂപ ആവശ്യപ്പെട്ടെന്ന് ദിലീപ് ഡിജിപിക്ക് പരാതി നല്കുന്നു. ജൂൺ 25–ന് ദിലീപിനെ ബ്ലാക്ക്മെയിൽ ചെയ്യാൻ ശ്രമിച്ച കേസിൽ പൾസർ സുനിയുടെ സഹതടവുകാരായ വിഷ്ണു, സനൽ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്യുന്നു. ജൂൺ 28–ന് പുതിയ വെളിപ്പെടുത്തലുകളെ തുടർന്ന് ദിലീപ്, നാദിർഷാ, ദിലീപിന്റെ സഹായി അപ്പുണ്ണി എന്നിവരെ അന്വേഷണസംഘം പോലീസ് ക്ലബിൽ വിളിച്ചുവരുത്തി മൊഴിയെടുത്തു.

ജൂലൈ രണ്ടിന് ദിലീപ് ചിത്രത്തിന്റെ ലൊക്കേഷനിൽ പൾസർ സുനി എത്തിയതായി പോലീസിനു തെളിവ് ലഭിക്കുന്നു. ജൂലൈ 10–ന് ആക്രമണത്തിനു ഗൂഢാലോചന നടത്തിയെന്ന കുറ്റത്തിന് ദിലീപ് അറസ്റ്റിലാകുന്നു.

ജൂലൈ 11–ന് അങ്കമാലി ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയ ദിലീപിനെ ആലുവ സബ്ജയിലിൽ പ്രവേശിപ്പിച്ചു. കൂട്ടമാനഭംഗം, ഗൂഢാലോചന, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങൾ ചുമത്തുന്നു. ജൂലൈ 15–ന് അങ്കമാലി ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതി ദിലീപിന്റെ ജാമ്യാപേക്ഷ തള്ളി. ജൂലൈ 24–ന് ദിലീപിന്റെ പങ്കിന് പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്നു ഹൈക്കോടതി. ഗൗരവമേറിയ കേസിന്റെ അന്വേഷണം നിർണായക ഘട്ടത്തിലാണെന്നും ജാമ്യം അനുവദിക്കാനാകില്ലെന്നും കോടതി. ജൂലൈ 25–ന് ദിലീപിന്റെ റിമാൻഡ് കാലാവധി ഓഗസ്റ്റ് എട്ടുവരെ നീട്ടുന്നു. ജൂലൈ 28–ന് അപ്പുണ്ണിയുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളുന്നു.

ഓഗസ്റ്റ് 8–ന് ദിലീപിന്റെ റിമാൻഡ് കാലാവധി അങ്കമാലി കോടതി 22 വരെ നീട്ടി, ഓഗസ്റ്റ് 11–ന് ദിലീപിന്റെ ജാമ്യഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടുന്നു. ഓഗസ്റ്റ് 29–ന് ദിലീപിന്റെ ജാമ്യഹർജി ഹൈക്കോടതി വീണ്ടും തള്ളി. സെപ്റ്റംബർ 2–ന് ദിലീപിന്റെ അച്ഛന്റെ ശ്രാദ്ധകർമ്മത്തിൽ പങ്കെടുക്കാൻ അങ്കമാലി മജിസ്ട്രേട്ട് കോടതി താൽക്കാലിക അനുവാദം നല്കി. 14–ന് റിമാൻഡിൽ 60 ദിവസം കഴിഞ്ഞതിനാൽ സോപാധിക ജാമ്യം അനുവദിക്കണമെന്ന് ദിലീപ് അപേക്ഷ നല്കുന്നു. 18–ന് കോടതി വീണ്ടും ജാമ്യാപേക്ഷ തള്ളി. 19–ന് മൂന്നാംവട്ടവും ഹൈക്കോടതിയിൽ ജാമ്യാപേക്ഷ നല്കി. സെപ്. 28–ന് റിമാൻഡ് ഒക്ടോബർ 12 വരെ അങ്കമാലി മജിസ്ട്രേട്ട് കോടതി നീട്ടി. ഒക്ടോബർ 3–ന് കർശന ഉപാധികളോടെ കോടതി ജാമ്യം അനുവദിക്കുന്നു.

നവം–. 15–ന് അറസ്റ്റിലായശേഷം ദിലീപ് നല്കിയ മൊഴികളിൽ പൊരുത്തക്കേട് കണ്ടതിനെത്തുടർന്ന് അന്വേഷണസംഘം വീണ്ടും ചോദ്യം ചെയ്യുന്നു. 2018 ഒക്ടോബർ 19ന് ദിലീപ് അഭിനേതാക്കളുടെ സംഘടനയായ അമ്മയിൽ നിന്നു പുറത്താകുന്നു. 2019 മെയ് 3–ന് വിചാരണക്കോടതിയിലെ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തു..

ഡിസംബർ 31–ന് അതിജീവിതക്കെതിരെ പ്രതിഭാഗത്തിന്റെ ആരോപണങ്ങൾ. ദിലീപ് സമർപ്പിച്ച വിടുതൽ ഹർജിയിലെ പരാമർശങ്ങൾ വായിച്ച കോടതി വാദം അടച്ചിട്ട കോടതിമുറിയിലേക്കു മാറ്റുന്നു.

2020 ജനുവരി 17–ന് കേസിന്റെ വിചാരണ നിർത്തിവെക്കണമെന്ന ദിലീപിന്റെ ആവശ്യം സുപ്രീംകോടതി നിരസിക്കുന്നു. മാർച്ച് 9–ന് താൻ ഇരയും പ്രതിയുമായ കേസുകളുടെ വിചാരണ ഒരുമിച്ചു നടത്തുന്നത് നിയമപരമല്ലെന്ന് ആരോപിച്ച് ദിലീപ് നല്കിയ ഹർജി ഹൈക്കോടതി തള്ളി. സെപ്റ്റംബർ 16–ന് കേസിൽ മാധ്യമങ്ങൾ വാർത്ത നല്കുന്നതിനെതിരെ ദിലീപ് കോടതിയിൽ പരാതി നല്കുന്നു. ഒക്ടോബർ 16–ന് കേസിലെ വിചാരണ താൽക്കാലികമായി നിർത്തിവെച്ചു.

ഒക്ടോബർ 30–ന് കേസിന്റെ വിചാരണ എറണാകുളം സിബിഐ കോടതിയിൽ നിന്നു മാറ്റണമെന്ന് ആവശ്യപ്പെട്ട് അതിജീവിതയ്ക്കു പിന്നാലെ സർക്കാരും ഹൈക്കോടതിയിലെത്തി.

2021 ജനുവരി 15–ന് ദിലീപിനെതിരായ കുറ്റാരോപണങ്ങളിൽ ഭാഗിക മാറ്റങ്ങൾ വരുത്താൻ കോടതി അനുവദിക്കുന്നു. ഒക്ടോബർ 13–ന് അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്താൻ ക്വട്ടേഷൻപ്രകാരം നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചെന്ന കേസിൽ ദിലീപിന്റെ ഡ്രൈവർ അപ്പുണ്ണി കൂറുമാറി പ്രതിഭാഗം ചേർന്നു. ഡിസംബർ 17–ന് കേസിലെ പ്രതിപട്ടികയിൽനിന്നു ഒഴിവാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഹർജി ദിലീപ് പിൻവലിച്ചു. ഡിസംബർ 30–ന് കേസിലെ ഒന്നാംപ്രതി പൾസർ സുനി നടിയെ പീഡിപ്പിക്കുന്നതിന്റെ ദൃശ്യങ്ങളുടെ പകർപ്പ് ദിലീപിന്റെ കൈവശമുണ്ടെന്നും ദിലീപും സുനിയും തമ്മിൽ അടുത്ത ബന്ധമുണ്ടെന്നും ദിലീപിനെതിരെ അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥരെ അപായപ്പെടുത്താൻ ഗൂഢാലോചന നടന്നെന്നും സംവിധായകൻ ബാലചന്ദ്രകുമാർ.

2022 ജനുവരി 21 അന്വേഷണ ഉദ്യോഗസ്ഥരെ അപായപ്പെടുത്താനുള്ള ഗൂഢാലോചനയാണ് എട്ടാംപ്രതി ദിലീപും കൂട്ടാളികളും നടത്തിയതെന്നു കോടതിയിൽ ബോധിപ്പിച്ച ക്രൈംബ്രാഞ്ച് പുതിയ എഫ്ഐആർ സമർപ്പിക്കുന്നു.

2023 ഫെബ്രുവരി 16–ന് പൾസർ സുനിയുടെ ജാമ്യാപേക്ഷയിൽ തീരുമാനമെടുക്കാൻ നടിയുടെ മൊഴി മുദ്രവെച്ച കവറിൽ ഹാജരാക്കാൻ ഹൈക്കോടതി നിർദേശിച്ചു. ഡിസംബർ 7–ന് കേസിൽ നിർണായക തെളിവായ മെമ്മറി കാർഡ് കോടതിയുടെ കസ്റ്റഡിയിലിരിക്കെ അനധികൃതമായി പരിശോധിച്ചതിൽ അന്വേഷണം നടത്താൻ ഹൈക്കോടതി ഉത്തരവ്.

2024 സെപ്റ്റംബർ 16. നടിയെ അക്രമിച്ച കേസിൽ ദിലീപിനെതിരെ കേരള സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നല്കുന്നു. 2024 ഡിസംബർ 11–ന് കേസിൽ അന്തിമവാദം തുടങ്ങി.

2025 ജനുവരി 23. പ്രോസിക്യൂഷൻ വാദം പൂർത്തിയായി. 261 സാക്ഷികളെ വിസ്തരിച്ച കോടതി 1700 രേഖകൾ പരിഗണിച്ചു.

ഡിസംബർ 8. കേസിലെ ആദ്യ 6 പ്രതികളെ കുറ്റക്കാരായിവിധിക്കുകയും ദിലീപിനെ കുറ്റവിമുക്തനാക്കുകയും ചെയ്തു.

## തനിക്കെതിരെ ഗൂഢാലോചന നടന്നെന്ന് ദിലീപ്




കൊച്ചി: നടി ആക്രമണക്കേസിൽ യഥാർത്ഥ ഗൂഢാലോചന നടന്നത് തനിക്കെതിരെയാണെന്നു നടൻ ദിലീപ്. തന്റെ കരിയറും ജീവിതവും നശിപ്പിക്കാൻ വലിയ ശ്രമം നടന്നുവെന്നും വിധി കേട്ടശേഷം പുറത്തെത്തിയ ദിലീപ് പ്രതികരിച്ചു. മുഖ്യപ്രതികളെയും കൂട്ടുപ്രതികളെയും കൂട്ടുപിടിച്ച് ഉന്നത പോലീസ് സംഘം തനിക്കെതിരെ കള്ളക്കേസെടുക്കുകയായിരുന്നു. ചില മാധ്യമങ്ങളും ഇതിനു കൂട്ടുനിന്നു.

തന്നെ പ്രതിയാക്കാൻ ഗൂഢാലോചന നടന്നെന്നും എല്ലാം തുടങ്ങിയത് അമ്മയുടെ യോഗത്തിൽ മഞ്ജുവാര്യർ നടത്തിയ പ്രസംഗത്തിനു ശേഷമാണെന്നും ദിലീപ് പറഞ്ഞു. ഈ കേസിൽ ക്രിമിനൽ ഗൂഢാലോചനയുണ്ടെന്നും ആ ഗൂഢാലോചന അന്വേഷിക്കണമെന്നും മഞ്ജു പറഞ്ഞതു മുതലാണ് എനിക്കെതിരെ ഗൂഢാലോചന ആരംഭിച്ചത്.

ക്വട്ടേഷൻ പ്രകാരം അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്താൻ നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചെന്ന കേസിലെ ഗൂഢാലോചനാവാദം ആദ്യം ആരോപിക്കപ്പെട്ടത് അതിജീവിതയ്ക്കു പിന്തുണ പ്രഖ്യാപിച്ച് താര സംഘടനയായ അമ്മ കൊച്ചിയിൽ നടത്തിയ യോഗത്തിലാണ്. ഈ കേസിലെ മുഖ്യസാക്ഷികളിൽ ഒരാളായിരുന്ന മഞ്ജു കോടതിയിൽ നല്കിയ മൊഴികൾ ഇതുവരെ പുറത്തു വന്നിട്ടില്ല. കോടതി വിധിയിലൂടെ മാത്രമേ ഈ മൊഴികൾ പുറത്തു വരൂ. ഒമ്പതു വർഷക്കാലം കൂടെനിന്ന കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും എനിക്കുവേണ്ടി പ്രാർത്ഥിച്ചവരോടുമെല്ലാം നന്ദി പറയുന്നു. എനിക്കു വേണ്ടി ആത്മാർത്ഥമായി നിന്ന രാമൻപിള്ള ഉൾപ്പെടെയുള്ള അഭിഭാഷകർക്കും നന്ദി പറയുന്നതായി ദിലീപ് അറിയിച്ചു.

## എംഎം ഫോം മുൻ ചെയർമാൻ മാമ്മൻ ഫിലിപ്പ് അന്തരിച്ചു



ചെന്നൈ: എംഎം ഫോം നിർമാതാക്കളായ എം.എം റബർ കമ്പനി മുൻ ചെയർമാനും മാനേജിങ് ഡയറക്ടറുമായ മാമ്മൻ ഫിലിപ്പ് (സെൻ–87) അന്തരിച്ചു. തയ്യിൽ കണ്ടത്തിൽ പരേതനായ കെ.എം. ഫിലിപ്പിന്റെ മകനാണ്. പുത്തൻവീട്ടിൽ പരേതനായ പി.സി. മാത്യു ഐസിഎസിന്റെ മകൾ അന്നമ്മയാണ് ഭാര്യ. മക്കൾ: ഡോ. കവിത ഫിലിപ്പ് (യുഎസ്എ), പരേതനായ ഡോ. കരുൺ ഫിലിപ്പ്. മരുമകൻ: വാർഡ് ജി. സ്മിത് (യുഎസ്എ).

## ഹമാസിനെ ഭീകര സംഘടനയായി ഇന്ത്യ പ്രഖ്യാപിക്കണമെന്ന് ഇസ്രയേൽ

ജറുസലം: ഹമാസിനെ ഭീകര സംഘടനയായി ഔദ്യോഗികമായി പ്രഖ്യാപിക്കണമെന്ന് ഇന്ത്യയോട് അഭ്യർത്ഥിച്ച് ഇസ്രയേൽ. പാകിസ്ഥാൻ ആസ്ഥാനമായുള്ള ലഷ്കറെ തയിബയുമായുള്ള ഹമാസിന്റെ വർധിച്ചുവരുന്ന ബന്ധങ്ങൾ ഇന്ത്യക്കും ഇസ്രയേലിനും ഒരുപോലെ സുരക്ഷാ ഭീഷണിയാണെന്ന് ഇസ്രയേൽ ചൂണ്ടിക്കാട്ടി.

"ഹമാസിനെ പോലുള്ള സംഘടനകളെ ഭീകര ഗ്രൂപ്പുകളായി പ്രഖ്യാപിക്കാൻ ഇന്ത്യ തയാറാകണം എന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. ഇസ്രയേൽ ഏതാനും വർഷങ്ങൾക്ക് മുൻപ് ലഷ്കറെ തയിബയെ ഭീകര സംഘടനയായി പ്രഖ്യാപിച്ചു. അതിന് ഒരു പ്രതികരണം ഇന്ത്യയിൽനിന്നു കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" – ഇസ്രയേൽ വിദേശകാര്യ മന്ത്രാലയത്തിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ മാധ്യമങ്ങളോട് പറഞ്ഞു. 2023–ലാണ് ഇസ്രയേൽ ലഷ്കറെ തയിബയെ ഭീകര ഗ്രൂപ്പായി പ്രഖ്യാപിച്ചത്. ഇസ്രയേൽ സൈന്യവും നേരത്തെ ഇക്കാര്യം ഇന്ത്യയോട് ആവശ്യപ്പെട്ടിരുന്നു.

ഇരു രാജ്യങ്ങൾക്കും പൊതു ശത്രുവാണ് ഉള്ളതെന്നും വ്യക്തമാക്കിയിരുന്നു. ഗാസയിൽ വീണ്ടും പ്രവർത്തനം ശക്തമാക്കാൻ ഹമാസ് ഒരുങ്ങുന്നതായാണ് ഇസ്രയേൽ അവകാശപ്പെടുന്നത്.

ഒക്ടോബർ 10–ന് വെടിനിർത്തൽ നിലവിൽ വന്നെങ്കിലും ഗാസയിൽ ഇസ്രയേൽ ആക്രമണം തുടരുകയാണ്. വെസ്റ്റ് ബാങ്കിൽ ഡിസംബർ ഏഴിന് ഇസ്രയേൽ സൈന്യം നടത്തിയ വെടിവെപ്പിൽ രണ്ട് പേർ കൊല്ലപ്പെട്ടു. യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് മുൻകയ്യെടുത്തു നടപ്പാക്കിയ ഗാസ വെടിനിർത്തൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിനു സമയമായെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു പറഞ്ഞു. ഈ മാസം അവസാനം ട്രംപുമായുള്ള കൂടിക്കാഴ്ചയിൽ, ഗാസയിലെ ഹമാസ് ഭരണം അവസാനിപ്പിക്കുന്നതുൾപ്പെടെയുള്ള വിശദാംശങ്ങൾ ചർച്ച ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. ഗാസയുടെ ഭരണച്ചുമതല രാജ്യാന്തര 'സമാധാന സമിതി' ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകളാണ് രണ്ടാംഘട്ടത്തിൽ ഉള്ളത്.

# കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago


## സഞ്ചാർ സാഥിയും വ്യക്തിസ്വാതന്ത്ര്യവും

സൈബർ സുരക്ഷ ഉറപ്പാക്കാൻ 'സഞ്ചാർ സാഥി' ആപ്പ് എല്ലാ ഫോണുകളിലും നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാർ സ്മാർട്ട് ഫോൺ നിർമാതാക്കളോട് നിർദേശിച്ചത് വലിയ പ്രതിഷേധത്തിനാണ് ഇടയാക്കിയത്. നീക്കംചെയ്യാനോ നിഷ്ക്രിയമാക്കാനോ കഴിയാത്തവിധം 90 ദിവസത്തിനകം ഫോണിൽ ഉൾപ്പെടുത്തണമെന്നായിരുന്നു സർക്കാരിന്റെ ആവശ്യം. ഇതുസംബന്ധിച്ച ആശങ്ക പ്രതിപക്ഷം പാർലമെന്റിൽ ഉന്നയിച്ചിരുന്നു. ആവശ്യമില്ലാത്തവർക്ക് അതു ഫോണിൽനിന്ന് ഒഴിവാക്കാമെന്നാണ് ടെലികോം മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ വിശദീകരിച്ചത്. പ്രതിഷേധം കനത്തതുകൊണ്ടാകാം, സർക്കാർ തീരുമാനത്തിൽനിന്നു പിന്മാറി. അപ്പോഴും ചില ചോദ്യങ്ങൾ ഉയരുന്നുണ്ട്; ആവശ്യമുള്ളവർക്ക് ഉൾപ്പെടുത്താം എന്നു പറയുന്നതിനു പകരം, ആപ്പ് ഉൾപ്പെടുത്തിയ ഫോൺ മാത്രമേ വിൽക്കാവൂ എന്നു നിർബന്ധം പിടിച്ചത് എന്തിനാണ്? ഇതുവഴി എന്തിനാണ് സർക്കാർ സ്വയം സംശയനിഴലിലാകുന്നത്? ആപ്പ് ഫോണിൽനിന്ന് ഒഴിവാക്കിയാലും അതിന്റെ രഹസ്യഘടകങ്ങൾ ഒഴിവാകില്ലെന്ന സംശയം ഉപയോക്താവിനുണ്ട്. ഫോണിലുണ്ടോ എന്നുപോലും അറിയാൻ എളുപ്പമല്ലാതിരുന്ന പെഗാസസ് സോഫ്റ്റ്‌വേർ സംബന്ധിച്ച 2019-ലെ സംശയങ്ങൾ ഇപ്പോഴും തീർന്നിട്ടില്ല. വ്യക്തിസ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കും മേലുള്ള ഏതു കടന്നുകയറ്റവും ജനാധിപത്യ വ്യവസ്ഥിതിയിൽ സ്വീകാര്യമല്ല. കയ്യിൽകിട്ടുന്ന വ്യക്തിവിവരങ്ങൾ എങ്ങനെ വേണമെങ്കിലും ദുരുപയോഗപ്പെടുത്തുന്നവരുള്ള ഇക്കാലത്ത് അതിനുവേണ്ട പരിരക്ഷ പരമപ്രധാനമാണുതാനും. വ്യക്തിവിവരങ്ങളുടെ ആത്യന്തിക സൂക്ഷിപ്പുകാർ ഭരണകൂടമാകുന്നതിലും വലിയ പൗരാവകാശ ലംഘനമെന്ത്? ടെലികോം വകുപ്പിന്റെ 'സഞ്ചാർ സാഥി' ആപ് ഫോണുകളിൽ നിർബന്ധമാക്കാനുള്ള കേന്ദ്രനീക്കം പാർലമെന്റിലും പുറത്തും വലിയ പ്രതിഷേധത്തിനു കാരണമായതോടെ പിൻവലിക്കേണ്ടിവന്നെങ്കിലും ഇതു സംബന്ധിച്ച ആശങ്കകൾ ബാക്കിയാണ്.

സൈബർ തട്ടിപ്പുകൾ തടയാൻ ഒട്ടേറെ മാർഗങ്ങളുള്ളപ്പോൾ ഒരു ആപ് എക്കാലവും ഫോണിൽ നിർബന്ധമാക്കുന്നത് എന്തിന്, സൈബർ സുരക്ഷയെന്ന പേരിൽ പൗരരെ നിരീക്ഷിക്കാൻ ലക്ഷ്യമിട്ടുള്ള അപ്ഡേറ്റുകൾ ഭാവിയിൽ വരില്ലെന്ന് എന്താണ് ഉറപ്പ്, ആപ് നിർബന്ധമാക്കാനുള്ള ഉത്തരവിനുമുൻപ് പൊതുജനങ്ങളുമായും ഈ മേഖലയിലുള്ളവരുമായി കൂടിയാലോചന നടത്താതിരുന്നത് എന്തുകൊണ്ട് തുടങ്ങിയ പല ചോദ്യങ്ങളാണ് ഉയർന്നത്. സ്വകാര്യതയെന്ന അടിസ്ഥാന പൗരാവകാശത്തിനുമേലുള്ള കടന്നുകയറ്റമായി ഈ നീക്കം വിലയിരുത്തപ്പെട്ടു. അല്ലെങ്കിൽത്തന്നെ, വഴിയാധാരമായിക്കൊണ്ടിരിക്കുകയാണു നമ്മുടെ സ്വകാര്യത എന്നത് ആശങ്കപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. സ്വകാര്യത വ്യക്തിയുടെ മൗലികാവകാശം തന്നെയെന്ന ചരിത്രപരമായ വിധി 2017-ൽ സുപ്രീംകോടതിയിൽനിന്നുണ്ടായപ്പോൾ അതു വലിയൊരളവിൽ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. സ്വകാര്യതയെന്നതു വ്യക്തികളുടെ അന്തസ്സോടെയുള്ള ജീവിതത്തിന് അനുപേക്ഷണീയമായ അവകാശമാണെന്നും ഭരണകൂടമോ ഏതെങ്കിലും ബാഹ്യ ഏജൻസിയോ വ്യക്തികൾക്കുമേൽ ചാരപ്പണി നടത്തുമ്പോൾ ആ അവകാശത്തിൽ നേരിട്ടുള്ള കടന്നുകയറ്റമാണ് ഉണ്ടാകുന്നതെന്നും സുപ്രീംകോടതി നാലു വർഷം മുൻപു വ്യക്തമാക്കിയതാണ്; പെഗസസ് ചാര സോഫ്റ്റ്‌വെയർ ദുരുപയോഗം സംബന്ധിച്ച കേസിൽ. 'സഞ്ചാർ സാഥി' ആപ് പെഗസസിനു സമാനമാണെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. രാജ്യവ്യാപകമായ സൈബർ തട്ടിപ്പുകളുടെ അങ്ങേയറ്റം ആശങ്കാജനകമായ സാഹചര്യം തിരിച്ചറിഞ്ഞ് സുപ്രീംകോടതിതന്നെ ഇടപെടുമ്പോൾ, മൊബൈൽ ഫോണുമായി ബന്ധപ്പെട്ട മറ്റൊരു വലിയ ആശങ്ക സൃഷ്ടിക്കുകയല്ല സർക്കാർ ചെയ്യേണ്ടിയിരുന്നത്. നിരീക്ഷണത്തിനുള്ള ഉപാധിയായി മൊബൈൽ ഫോണിനെ മാറ്റാനുള്ള നീക്കത്തിനെതിരെ ഉയർന്നതു വലിയ പ്രതിഷേധമാണ്. 'സഞ്ചാർ സാഥി' ആപ് നിർബന്ധമാക്കുന്നത് ജനങ്ങളെ നിരീക്ഷിക്കുന്നതിനാണെന്ന ശക്തമായ വിമർശനമാണു പ്രതിപക്ഷം ഉയർത്തിയത്. ജനങ്ങളുടെ ശബ്ദം അടിച്ചമർത്താനുള്ള ബിജെപിയുടെ മറ്റൊരു ശ്രമമാണിതെന്നും ഇതു സ്വേച്ഛാധിപത്യത്തിനു തുല്യമാണെന്നും കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിക്കുകയുണ്ടായി. പാർലമെന്റ് ശീതകാലസമ്മേളനത്തിന്റെ ആദ്യദിവസങ്ങളിൽ തന്നെ ശക്തമായ പ്രതിഷേധമുയർത്തി ഈ നീക്കം പിൻവലിപ്പിക്കാൻ സാധിച്ചതു പ്രതിപക്ഷ വിജയംതന്നെയാണ്.

ഇന്ത്യയിലെ ജനാധിപത്യ ഭരണസംവിധാനത്തിന്റെ പ്രവർത്തനം ആരോഗ്യകരമായ രീതിയിലാണോ എന്ന സംശയം പലരും ഉന്നയിക്കുന്ന കാലത്താണു പൗരജീവിതത്തിൽ സർക്കാർ ഒളിഞ്ഞുനോക്കാൻ ശ്രമിക്കുകയാണെന്ന ആരോപണം സഞ്ചാർ സാഥിയിലൂടെ ഉയർന്നത്. ഈ ആപ് സംബന്ധിച്ച നിബന്ധന ഗത്യന്തരമില്ലാതെ കേന്ദ്ര സർക്കാർ പിൻവലിച്ചെങ്കിലും സമാനമായ നിരീക്ഷണതന്ത്രങ്ങൾ പിൻവാതിലിലൂടെ ഇനിയും കടറിവരുമോ എന്ന ആശങ്ക പരക്കെയുണ്ട്. പൗരാവകാശങ്ങൾ ഹനിക്കുന്ന ഏതു കാര്യവും അടിച്ചേൽപിക്കപ്പെടാതിരിക്കാൻ നിരന്തര ജനജാഗ്രത ആവശ്യമാണെന്നു കൂടി സഞ്ചാർ സാഥി ഓർമിപ്പിക്കുന്നു.

# ഇന്ത്യ-റഷ്യ സഹകരണം കൂടുതൽ ശക്തമാക്കും

ന്യൂഡൽഹി: പ്രതിരോധം, ക്രൂഡ് ഓയിൽ മേഖലകളിൽ ശക്തമായിരുന്ന ഇന്ത്യ-റഷ്യ സഹകരണം മറ്റു വാണിജ്യ മേഖലകളിലേക്കുകൂടി വ്യാപിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുട്ടിനും തമ്മിലുള്ള ചർച്ചയിൽ നിർണായക തീരുമാനങ്ങളാണുണ്ടായത്. കൃഷി, ആരോഗ്യം, മാനവശേഷി കൈമാറ്റം, മാരിടൈം, വിനോദസഞ്ചാരം, മരുന്നു നിർമാണം തുടങ്ങിയ മേഖലകളിൽ ധാരണാപത്രങ്ങളും ഒപ്പിട്ടു. നിലവിലെ 6870 കോടി ഡോളറിന്റെ വാണിജ്യ ഇടപാടുകൾ 10,000 കോടി ഡോളറിലേക്കു വളരും.

റഷ്യയിൽ നിന്നെത്തുന്നവർക്കു 30 ദിവസത്തെ സൗജന്യ ഇ-ടൂറിസ്റ്റ് വി



സ. പകരം ഇന്ത്യക്കാർക്കും സൗജന്യ വിസ അനുവദിച്ചേക്കും. സിംഹം, കടുവ, പുലി ഉൾപ്പെടെ ഏഴ് വന്യമൃഗങ്ങളുടെ സംരക്ഷണത്തിനായി ഇന്ത്യ രൂപീകരിച്ച ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിൽ റഷ്യ ചേരും. ഇന്ത്യയിലെയും റഷ്യയിലെയും കമ്പനികൾ ചേർന്നു യൂറിയ പ്ലാന്റ് നിർമിക്കും. ഇന്ത്യയിലെ മൂന്ന് വളം കമ്പനികളായ ആർസിഎഫ്, ഐപിഎൽ, എൻഎഫ്എൽ എന്നിവയും റഷ്യയിലെ യുറാൽകെം കമ്പനിയും സംയുക്തമായാണു പ്ലാന്റ് റഷ്യയിൽ ആരംഭിക്കുന്നത്. 120 കോടി ഡോളർ മുതൽമുടക്കുള്ള പ്ലാന്റിൽ പ്രതിവർഷം 20 ലക്ഷം ടൺ യൂറിയ ഉൽപാദിപ്പിക്കും. 2028 പകുതിയോടെ പ്രവർത്തനം ആരംഭിച്ചേക്കും. ഇതോടെ രാജ്യത്തെ കർഷകർക്ക് ആവശ്യംപോലെ യൂറിയ ലഭിക്കും. നൈപുണ്യ ശേഷിയുള്ള ഇന്ത്യൻ തൊഴിലാളികൾക്കു റഷ്യയിൽ ജോലി, ഇന്ത്യയിലെ കപ്പൽ മേഖലയിലെ തൊഴിലാളികൾക്കു ധ്രുവപ്രദേശത്തു വിദഗ്ധ പരിശീലനം, ഷിപ്പിങ്, സംയുക്ത ധാതുഖനനം, ഗവേഷണം എന്നിവയിലും സഹകരിക്കും. പൂണെയിലെ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ടെക്നോളജിയും റഷ്യയിലെ നാഷണൽ ടോംസ്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണാപത്രത്തിൽ വിദ്യാർത്ഥികളുടെ കൈമാറ്റം, പുതിയ കോഴ്സുകൾ ആവിഷ്കരിക്കൽ, സംയുക്ത ഗവേഷണം എന്നിവ ലക്ഷ്യമിടുന്നു. യൂണിവേഴ്സിറ്റി ഓഫ് മുംബൈ, റഷ്യയിലെ ലൊമോനോസോവ് മോസ്കോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി എന്നിവ തമ്മിലും സഹകരണത്തിനു ധാരണയായി.

തമിഴ്നാട്ടിലെ കൂടംകുളം ആണവനിലയം പൂർണശേഷിയിലേക്ക് ഉയർത്താൻ ഇന്ത്യയുമായി സഹകരിക്കുമെന്നു റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിൻ. നിലവിൽ ആണവനിലയത്തിലെ ആറ് റിയാക്ടറുകളിൽ രണ്ടെണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. നിലയം പൂർണശേഷിയിൽ പ്രവർത്തനസജ്ജമാക്കുമെന്നു പ്രധാനമന്ത്രി നരേന്ദ്രമോദിക്കൊപ്പം നടത്തിയ പത്രസമ്മേളനത്തിൽ പുടിൻ വ്യക്തമാക്കി.

ഇന്ത്യയിലെ ഏറ്റവും വലിയ ആണവനിലയം കൂടംകുളത്ത് വികസിപ്പിക്കാനുള്ള അഭിമാനപദ്ധതിയാണ് സംയുക്തമായി നടപ്പാക്കുന്നതെന്നു പുടിൻ പറഞ്ഞു. ശേഷിക്കുന്ന നാല് റിയാക്ടറുകളുടെ നിർമാണം പുരോഗമിക്കുകയാണ്. നിലയം പൂർണശേഷിയിലെത്തുന്നതോടെ ഇന്ത്യൻ ഊർജമേഖലയ്ക്കു വൻനേട്ടമാകുമെന്നും പുടിൻ ചൂണ്ടിക്കാട്ടി.

കൂടംകുളം നിലയത്തിലെ മൂന്നാം റിയാക്ടറിൽ നിറയ്ക്കാനുള്ള ആദ്യ ലോഡ് ആണവ ഇന്ധനക്കരാർ റഷ്യൻ ഔദ്യോഗിക ആണവ കോർപറേഷനായ റോസാറ്റം സ്ഥിരീകരിച്ചതിനു പിന്നാലെയാണ് പുടിന്റെ വാഗ്ദാനം. ചെറു മോഡുലാർ റിയാക്ടറുകൾ, ജലോപരിതല ആണവനിലയങ്ങൾ, ഔഷധ-കാർഷികമേഖലകളിലടക്കം പ്രയോജനപ്പെടുത്താവുന്ന ഊർജേതര ആണവ സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ചും ഇന്ത്യയുമായി ചർച്ചയ്ക്കു തയാറാണെന്ന് പുടിൻ പറഞ്ഞു. എണ്ണ, വാതകം, കൽക്കരി തുടങ്ങി ഇന്ത്യൻ ഊർജമേഖലയ്ക്ക് ആവശ്യമായ എന്തും വിതരണംചെയ്യുന്ന രാജ്യമാണ് റഷ്യ. അതിവേഗം വളരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്കായി മുടങ്ങാതെ ഇന്ധനം കയറ്റുമതി ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.


ആറ് 'വി.വി.ഇ.ആർ-1000' റിയാക്ടറുകളും 600 മെഗാവാട്ട് പൂർണോത്പാദനശേഷിയുമുള്ള കൂടംകുളം ആണവനിലയത്തിലെ ആദ്യ രണ്ട് റിയാക്ടറുകൾ 2013-ലും 2016-ലുമാണ് വൈദ്യുതി വിതരണശൃംഖലയുമായി ബന്ധിപ്പിച്ചത്. മറ്റ് നാല് റിയാക്ടറുകളുടെ നിർമാണം പുരോഗമിക്കുന്നു. നിലയത്തിലേക്ക് ആവശ്യമായ യുറേനിയം ഇന്ധനം റഷ്യയാണ് ദീർഘകാലാടിസ്ഥാനത്തിൽ നൽകിവരുന്നത്. മൂന്നാം റിയാക്ടറിനായുള്ള ഫ്യുവൽ അസംബ്ലീസ് ഡിസംബർ അഞ്ചിന് റൊസാറ്റം കോർപറേഷൻ ചരക്കുവിമാനത്തിൽ ഇന്ത്യയിലെത്തിച്ചു. മൂന്ന്, നാല്, റിയാക്ടറുകൾക്ക് ആവശ്യമായ ഇന്ധനം പൂർണ സേവനകാലയളവിൽ ലഭ്യമാക്കാൻ കഴിഞ്ഞവർഷമാണ് റഷ്യയുമായി കരാറൊപ്പിട്ടത്.

ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തുമെന്ന് ഇന്ത്യ-റഷ്യ ചർച്ചയിൽ ഇരു രാജ്യത്തലവൻമാരും വ്യക്തമാക്കി. ജമ്മു കശ്മീരിലെ പഹൽഗാമിലും മോസ്കോയിലെ ക്രോക്കസ് സിറ്റി ഹാളിലും നടന്ന ഭീകരാക്രമണങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുട്ടിനും അപലപിച്ചു. യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡണ്ടിനോട് അഭ്യർത്ഥിച്ചു. അനധികൃത കുടിയേറ്റം തടയാനും ധാരണയുണ്ടായി.

## ഇൻഡിഗോ സർവീസുകൾ റദ്ദാക്കി; യാത്രാക്ലേശം രൂക്ഷം

ന്യൂഡൽഹി: ഇന്ത്യയിലെ ആകാശയാത്രയെ പ്രതിസന്ധിയിലാക്കി ഇൻഡിഗോ വിമാന സർവീസുകളുടെ കൂട്ട റദ്ദാക്കൽ. ഡിസംബർ അഞ്ചിന് മാത്രം ഇൻഡിഗോയുടെ ആയിരത്തിലധികം സർവീസുകളാണു റദ്ദ് ചെയ്യപ്പെട്ടത്. ഇതുവരെയുള്ളതിൽ ഏറ്റവും കൂടുതൽ വിമാനങ്ങൾ റദ്ദ് ചെയ്യപ്പെട്ട ദിവസമായിരുന്നു ഇത്. ഡ്യൂട്ടി സമയക്രമീകരണത്തിലെ പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനാൽ ഉടലെടുത്ത പ്രതിസന്ധി മറികടക്കാൻ വ്യോമയാന നിരീക്ഷണ ഏജൻസിയായ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) പുതുക്കിയ ചട്ടങ്ങൾ പൂർണമായി മരവിപ്പിച്ചിട്ടുണ്ട്. ഇതോടെ ഈ മാസം 10-നും 15-നുമിടയിൽ വിമാന സർവീസുകൾ പൂർവസ്ഥിതിയിലാകുമെന്ന് പ്രതീക്ഷിക്കുന്നതായി ഇൻഡിഗോ സിഇഒ പീറ്റർ എൽബേഴ്സ് പറഞ്ഞു. സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതിനായി വ്യോമയാനമന്ത്രാലയം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. വ്യോമയാനരംഗത്തെ പ്രതിസന്ധിയിൽ ഉന്നതതല അന്വേഷണം നടത്താൻ തീരുമാനിച്ചതായി വ്യോമയാന മന്ത്രാലയം പ്രസ്താവനയിലൂടെ അറിയിച്ചു. വിമാന സർവീസുകൾ തടസപ്പെട്ടതിന്റെ കാരണങ്ങൾ അന്വേഷിക്കാൻ നാലംഗ സമിതി രൂപീകരിച്ചിട്ടുണ്ട്.


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
◆ For Vacation and Holiday rentals.
◆ Licensed Home stay, Safe and Secured.
◆ 3 A/C rooms, Unique Packages for 2-8 people very economical.
◆ Individual Room rental for families.
◆ Fruits and vegetable Garden.
◆ Feels like farm house with Pets, Animals, Fish and birds.
◆ Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
◆ Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
◆ Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
◆ Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
◆ Adhering Food Safety Regulations.
◆ Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

# രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസിൽനിന്ന് പുറത്താക്കി

തിരുവനന്തപുരം: നിയമസഭാപ്രവേശത്തിന്റെ ഒന്നാംവാർഷികദിനത്തിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ പടിക്കു പുറത്താക്കി കോൺഗ്രസ്. ലൈംഗികപീഡനക്കേസിൽ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി മുൻകൂർജാമ്യം നിഷേധിച്ചതിനു തൊട്ടുപിന്നാലെയാണ് പാലക്കാട് എംഎൽഎ രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടി പ്രാഥമികാംഗത്വത്തിൽനിന്നു പുറത്താക്കിയത്. ആരോപണമുയർന്ന ഘട്ടത്തിൽ യൂത്ത് കോൺഗ്രസ് സംസ്ഥാനാധ്യക്ഷ പദവി രാജിവെച്ച രാഹുലിനെ പാർട്ടി സസ്പെൻഡ് ചെയ്യുകയും നിയമസഭാകക്ഷിയിൽനിന്നു പുറത്താക്കുകയും ചെയ്തിരുന്നു.

പ്രോസിക്യൂഷൻ ഹാജരാക്കിയ പുതിയ തെളിവുകൾകൂടി പരിശോധിച്ച ശേഷമാണ് പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി എസ്. നസീറ മുൻകൂർ ജാമ്യഹർജി തള്ളിയത്. അറസ്റ്റിനു തടസമില്ലെന്നും കോടതി വ്യക്തമാക്കി. കഴിഞ്ഞ ദിവസം ഒന്നേമുക്കാൽ മണിക്കൂറും ഡിസംബർ നാലിന് ഇരുപത്തിയഞ്ച് മിനിറ്റും വാദം കേട്ടതിന് ശേഷമാണ് കോടതി വിധി പറഞ്ഞത്. അടച്ചിട്ട കോടതി മുറിയിലാണ് വാദം നടന്നത്. തുടർന്ന് പുതിയ തെളിവടക്കം പരിശോധിച്ചശേഷമാണ് കോടതി വാദം പൂർത്തിയാക്കിയത്. രാഹുലിന്റെ അറസ്റ്റ് തടയണമെന്നായിരുന്നു പ്രതിഭാഗത്തിന്റെ പ്രധാന ആവശ്യം. എന്നാൽ, പ്രതിഭാഗത്തിന്റെ വാദം തള്ളിയാണ് മുൻകൂർ ജാമ്യം നിഷേധിച്ചത്.



മുൻകൂർ ജാമ്യം നിഷേധിക്കപ്പെടുകയും അറസ്റ്റിനു തടസമില്ലെന്നു കോടതി വ്യക്തമാക്കുകയും ചെയ്ത സാഹചര്യത്തിൽ, കോടതി മുമ്പാകെ കീഴടങ്ങുകയോ ഹൈക്കോടതിയെ സമീപിക്കുകയോ ചെയ്യുന്നതിനുമുമ്പ് രാഹുലിനെ അറസ്റ്റ് ചെയ്യാൻ പോലീസ് നീക്കമാരംഭിച്ചു. പാർട്ടിയിൽനിന്നു പുറത്താക്കിയ സാഹചര്യത്തിൽ, എംഎൽഎ സ്ഥാനം രാജിവെക്കണോയെന്നു തീരുമാനിക്കേണ്ടതു രാഹുലാണെന്ന നിലപാടിലാണ് കോൺഗ്രസ്. രാഹുൽ എത്രയും വേഗം നിയമസഭാംഗത്വം രാജിവെക്കുകയാണു വേണ്ടതെന്ന് മുതിർന്ന കോൺഗ്രസ് നേതാക്കളടക്കം ആവശ്യപ്പെട്ടു. രാഹുലിനെതിരായ ആരോപണം തെരഞ്ഞെടുപ്പ് കാലത്തെ രാഷ്ട്രീയനീക്കമാണെന്നാരോപിച്ച് നേരത്തേ പ്രതിരോധം ചമച്ച യുഡിഎഫ് കൺവീനർ അടൂർ പ്രകാശും രാജി ആവശ്യപ്പെട്ടവരിൽ ഉൾപ്പെടുന്നു.

രാഹുൽ രാജിവെക്കുന്നതാണ് നല്ലതെന്നായിരുന്നു പുറത്താക്കൽ നടപടി പ്രഖ്യാപിച്ച കെപിസിസി അദ്ധ്യക്ഷൻ സണ്ണി ജോസഫിന്റെ പ്രതികരണം. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, രമേശ് ചെന്നിത്തല, കെ. മുരളീധരൻ തുടങ്ങിയ മുതിർന്ന നേതാക്കളും ഇതേ നിലപാടിലാണ്. രാഹുൽ രാജിക്കു തയാറല്ലെങ്കിൽ നിയമസഭാ സ്പീക്കർക്കു കത്ത് നൽകാനാണു കോൺഗ്രസ് നീക്കം. എന്നാൽ, പാർട്ടിയിൽനിന്നു പുറത്താക്കിയ സാഹചര്യത്തിൽ ഇതിന് സാങ്കേതികപ്രശ്നങ്ങളുണ്ട്.

വിവാഹവാഗ്ദാനം ചെയ്ത് പീഡിപ്പിച്ചെന്നും ഗർഭഛിദ്രത്തിനു നിർബന്ധിച്ചെന്നുമുള്ള യുവതിയുടെ പരാതിയിൽ പോലീസ് കേസെടുത്തതിനേത്തുടർന്നാണ് രാഹുൽ മുൻകൂർജാമ്യത്തിനായി തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയെ സമീപിച്ചത്.

ഹോം സ്റ്റേയിലെത്തിച്ച് ക്രൂരമായി ബലാത്സംഗം ചെയ്തെന്നും വിവാഹവാഗ്ദാനത്തിൽനിന്നു പിന്മാറിയെന്നും ആരോപിച്ച് മറ്റൊരു യുവതിയും രാഹുലിനെതിരെ കോൺഗ്രസ് നേതൃത്വത്തിനു പരാതി നൽകി. കെപിസിസിക്കു ലഭിച്ച പരാതി സംസ്ഥാന പോലീസ് മേധാവിക്കു കൈമാറിയതിനേത്തുടർന്ന് കേസെടുക്കുകയും പരാതിക്കാരിയുടെ മൊഴിയെടുക്കാൻ നീക്കമാരംഭിക്കുകയും ചെയ്തു.

## സ്ഥിരം വിസി നിയമനം: മുഖ്യമന്ത്രിയുടെ നിർദേശം ഗവർണർ അവഗണിച്ചു

ന്യൂഡൽഹി: കേരള ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലേക്കുള്ള സ്ഥിരം വൈസ് ചാൻസലർ നിയമനത്തിൽ മുഖ്യമന്ത്രിയുടെ പരിഗണനാക്രമം തള്ളി സർവകലാശാല ചാൻസലർകൂടിയായ ഗവർണർ രാജേന്ദ്ര അർലേക്കർ.

വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലെന്നു മുഖ്യമന്ത്രി നിർദേശിച്ച ഡോ. സിസ തോമസിനെ എപിജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ വൈസ് ചാൻസലറായും പരിഗണനാപട്ടികയിൽ നാലാമതുള്ള ഡോ. പ്രിയ ചന്ദ്രനെ കേരള ഡിജിറ്റൽ സർവകലാശാലയുടെ വൈസ് ചാൻസലറായും നിർദേശിക്കുന്നുവെന്ന് ഗവർണർ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അറിയിച്ചു.

പട്ടികയിൽ ഉൾപ്പെട്ടവരുടെ യോഗ്യതകൾ ശിപാർശയ്ക്കൊപ്പം കൈമാറാത്ത സാഹചര്യത്തിൽ രണ്ടു പട്ടികയിലും ഉൾപ്പെട്ടവരെ സ്ഥിരം വിസിമാരായി നിയമിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്ന് ഗവർണർ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. ഡോ. സിസ തോമസും ഡോ. പ്രിയ ചന്ദ്രനും രണ്ടു പട്ടികയിലും ഉൾപ്പെട്ട സാഹചര്യത്തിലാണു തീരുമാനം.

സുപ്രീംകോടതി മുൻ ജഡ്ജി സുധാൻശു ധൂലിയയുടെ അദ്ധ്യക്ഷതയിലുള്ള സെർച്ച് കമ്മിറ്റി നിർദേശിക്കുന്ന പേരുകൾ മുൻഗണനാടിസ്ഥാനത്തിൽ മുഖ്യമന്ത്രി ഗവർണർക്കു കൈമാറുകയും ഗവർണർ നിയമനം നടത്തുകയും ചെയ്യണമെന്നായിരുന്നു സുപ്രീംകോടതിയുടെ നിർദേശം. ഇതിന്റെ അടിസ്ഥാനത്തിൽ കേരള ഡിജിറ്റൽ സർവകലാശാലാ വിസി നിയമനത്തിന് മുൻഗണനാക്രമത്തിൽ ഡോ. സജി ഗോപിനാഥൻ, ഡോ. എം.എസ്. രാജശ്രീ, ഡോ. ജിൻ ജോസ്, ഡോ. പ്രിയ ചന്ദ്രൻ, സിസ തോമസ് എന്നിവരുടെ പേരുകൾ മുഖ്യമന്ത്രി ഗവർണർക്കു കൈമാറി. എ.പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയിലേക്ക് ഡോ. സി. സതീഷ് കുമാർ, ഡോ. ജി. ആർ. ബിന്ദു, ഡോ. പ്രിയ ചന്ദ്രൻ, സിസ തോമസ് എന്നിവരെയുമാണ് മുൻഗണനാക്രമത്തിൽ നിർദേശിച്ചത്.

മുഖ്യമന്ത്രി ഗവർണർക്കു കൈമാറിയ രണ്ടു പട്ടികയിലും ഡോ. സിസയെ ശിപാർശ ചെയ്യുന്നില്ലെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇരു പട്ടികയിലും അവസാനമായാണു ഡോ. പ്രിയ ചന്ദ്രനെ മുഖ്യമന്ത്രി നിർദേശിച്ചിരിക്കുന്നത്. എന്നാൽ, രണ്ടു പട്ടികയിലും ഇരുവരെയും ഉൾപ്പെടുത്തിയ സാഹചര്യത്തിൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഇരുവരെയും സ്ഥിരം വിസിമാരായി നിയമിക്കണമെന്ന് ഗവർണർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടു.

ഓഗസ്റ്റ് 18-ലെ സുപ്രീംകോടതിയുടെ നിർദേശപ്രകാരം ഷോർട്ട് ലിസ്റ്റ് ചെയ്ത ഏതെങ്കിലും സ്ഥാനാർത്ഥികളെ സംബന്ധിച്ചോ മുഖ്യമന്ത്രിയുടെ നിർദേശത്തിലോ ഗവർണർക്ക് അതൃപ്തിയുണ്ടെങ്കിൽ കാരണങ്ങൾ ചൂണ്ടിക്കാട്ടി ചാൻസലർകൂടിയായ ഗവർണർക്കു തീരുമാനമെടുക്കാമെന്ന് സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടി. ഇതോടൊപ്പം സ്ഥാനാർത്ഥികളുടെ യോഗ്യതകൾ വ്യക്തമാക്കുന്ന ഒരു രേഖയുമില്ലാതെയാണു തീരുമാനമെടുക്കാൻ ചാൻസലറോട് ആവശ്യപ്പെട്ടതെന്നും സത്യവാങ്മൂലത്തിൽ പറയുന്നുണ്ട്.

സാങ്കേതിക സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ നിന്ന് ഇറങ്ങിപ്പോകുകയും സർവകലാശാലയിൽ ഭരണ പ്രതിസന്ധിയുണ്ടാക്കുകയും ചെയ്ത സിസ തോമസിനെ വിസിയാക്കരുതെന്നു വ്യക്തമാക്കിക്കൊണ്ടുള്ള മുഖ്യമന്ത്രിയുടെ വിയോജനക്കുറിപ്പും സത്യവാങ്മൂലത്തിനൊപ്പം ചേർത്തിട്ടുണ്ട്. വിഷയം പരിഗണനയ്ക്കു വരുമ്പോൾ സുപ്രീംകോടതിയായിരിക്കും ഇനി തീരുമാനമെടുക്കുക.

## സഞ്ചാർ സാഥി: നിർബന്ധമല്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: പ്രതിപക്ഷത്തിന്റെയും പൊതുസമൂഹത്തിന്റെയും കടുത്ത എതിർപ്പിനു പിന്നാലെ, മൊബൈൽ ഫോണുകളിൽ ടെലികോം വകുപ്പിന്റെ ‘സഞ്ചാർ സാഥി’ ആപ് നിർബന്ധമാക്കാനുള്ള ഉത്തരവ് കേന്ദ്രസർക്കാർ പിൻവലിച്ചു. ആപ്പിന്റെ ‘വർധിച്ചു വരുന്ന സ്വീകാര്യത’ പരിഗണിച്ച് ഇതു നിർബന്ധമാക്കാനുള്ള തീരുമാനം വേണ്ടെന്നുവെക്കുന്നുവെന്നാണ് കേന്ദ്രത്തിന്റെ വിചിത്രമായ വിശദീകരണം.

90 ദിവസത്തിനകം എല്ലാ കമ്പനികളും നിർമിക്കാനിരിക്കുന്ന ഫോണുകളിലും ഇതിനകം വിപണിയിലുള്ള ഫോണുകളിലും നിർബന്ധമായും ആപ് ലഭ്യമാക്കണമെന്നായിരുന്നു സർക്കാരിന്റെ ഉത്തരവ്. ആപ് ജനങ്ങളിലേക്കെത്തിക്കാനുള്ള നീക്കം വേഗത്തിലാക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യമെന്നാണ് ഇപ്പോൾ സർക്കാരിന്റെ വാദം.

വൻതോതിൽ പ്രചാരം ലഭിച്ചതോടെ ഡിസംബർ നാലിന് മാത്രം ആറ് ലക്ഷം പേർ ആപ് ഇൻസ്റ്റാൾ ചെയ്തെന്നും സാധാരണയുള്ളതിന്റെ പത്തുമടങ്ങാണിതെന്നും പറയുന്നു. ആകെ 1.4 കോടി പേർ ആപ് ഡൗൺലോഡ് ചെയ്തു. പ്രതിദിനം 2000 തട്ടിപ്പുകേസുകൾ ആപ് വഴി അറിയിക്കുന്നുണ്ട്. സഞ്ചാർ സാഥിയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ സൂചനയാണിതെന്നും അതിനാൽ നിർബന്ധമാക്കാനുള്ള നീക്കം പിൻവലിക്കുന്നുവെന്നുമാണ് വാർത്താക്കുറിപ്പിൽ പറയുന്നത്.






# സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ CML- AROHA ‘25’ പ്രവർത്തനത്തിന് തുടക്കമായി




ചിക്കാഗോ: ചിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് CML യൂണിറ്റിന്റെ നേതൃത്വത്തിൽ വരാനിരിക്കുന്ന ക്രിസ്മസ് ആഘോഷങ്ങളോടനുബന്ധിച്ച് CML-AROHA ‘25’ എന്ന കാരുണ്യ പ്രവർത്തനത്തിന് ഭംഗിയായ തുടക്കം കുറിച്ചു. ക്രിസ്തുവിന്റെ ജനനത്തെ ആസ്പദമാക്കിയ ദൈവവചനങ്ങളോടും കുട്ടികളുടെ സ്വതന്ത്രമായ സൃഷ്ടിപരതയോടും കൂടിയ ക്രിസ്മസ് ഗ്രീറ്റിംഗ് കാർഡുകൾ ദേവാലയത്തിന്റെ ഹോൾവേയിൽ സജ്ജീകരിച്ചിരിക്കുന്ന പ്രത്യേക ബോക്സിൽ ഡിസംബർ 7 മുതൽ നിക്ഷേപിച്ചു തുടങ്ങി.

ഈ പദ്ധതിയുടെ ഭാഗമായി ഡിസംബർ 21-ന് ഇടവക ദേവാലയ പരിസരപ്രദേശങ്ങളിലുള്ള വൃദ്ധസദനങ്ങൾ സിഎംഎൽ കുട്ടികൾ സന്ദർശിച്ച് ക്രിസ്മസ് കരോളുകൾ ആലപിക്കുന്നു. അവർ തയ്യാറാക്കിയ ഗ്രീറ്റിംഗ് കാർഡുകൾ അവിടുത്തെ അന്തേവാസികൾക്ക് വിതരണം ചെയ്യുകയും ചെയ്യും. പ്രായാധിക്യം മൂലം ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്നവരോടുള്ള സ്നേഹവും കരുതലും കുട്ടികളുടെ മനസ്സിൽ വളർത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് CML-AROHA ‘25’ വിഭാവനം ചെയ്തിരിക്കുന്നത്.

ഇതോടൊപ്പം ഫാമിലി ഗ്രീറ്റിംഗ് കാർഡ് മേക്കിംഗ് ചലഞ്ചും സംഘടിപ്പിച്ചിട്ടുണ്ട്. മിഷൻലീഗ് യൂണിറ്റ് വിതരണം ചെയ്ത പ്ലെയിൻ കാർഡ് കിറ്റുകൾ കുടുംബങ്ങൾ ചേർന്ന് സൃഷ്ടിപരമായതും അർത്ഥവത്തുമായ രീതിയിൽ തയ്യാറാക്കി ബോക്സിൽ നിക്ഷേപിക്കുന്ന കുടുംബങ്ങൾക്ക് ക്രിസ്മസ് രാത്രി പ്രത്യേക സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

സ്നേഹവും ദയയും ഒരിക്കലും പാഴാകുന്നില്ല. അവ എപ്പോഴും മാറ്റം സൃഷ്ടിക്കുന്നു എന്ന പ്രമേയത്തോടെ സിഎംഎൽ സെക്രട്ടറി ഷോബിൻ കണ്ണമ്പള്ളി മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ക്രിസ്മസ് കാലയളവിൽ മുതിർന്നവരോടുള്ള കരുതൽ കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനായി ഈ കാരുണ്യ പ്രവർത്തനത്തിൽ എല്ലാ കുട്ടികളെയും സജീവമായി പങ്കാളികളാക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഡിസംബർ 21-ന് നടക്കുന്ന വൃദ്ധസദന സന്ദർശനവും കരോളിംഗും വിജയകരമാക്കുന്നതിന് മാതാപിതാക്കളുടെ പിന്തുണ അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.




കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ച സിഎംഎൽ പ്രസിഡണ്ട് ഐസക് മറ്റത്തിൽ പറഞ്ഞു: “ഇത്തരത്തിലുള്ള ഈ ലളിതമായ സ്നേഹപ്രവർത്തനം നമ്മുടെ വയോധിക സമുദായാംഗങ്ങളുടെ ഹൃദയങ്ങളിൽ ആത്മസാന്ത്വനവും സന്തോഷവും നിറയ്ക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. AROHA ‘25’ മുഖേന നിങ്ങൾ സ്നേഹത്തിന്റെ ചെറിയ മിഷനറിമാരായിത്തീരുന്നു. നിങ്ങൾ ഒരുക്കുന്ന ഓരോ കാർഡും പാടുന്ന ഓരോ ഗാനവും യേശുവിനുള്ള ഒരു സമ്മാനമായി മാറുന്നു.”


CML AROHA ‘25’ പ്രവർത്തനങ്ങളുടെ തുടക്കമായി നവംബർ 29-ന് വിശുദ്ധ കുർബാനയ്ക്കുശേഷം സിഎംഎൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ഗ്രീറ്റിംഗ് കാർഡുകൾ തയ്യാറാക്കുകയും കുട്ടികൾ നിർമ്മിക്കുന്ന കാർഡുകൾ നിക്ഷേപിക്കുന്നതിനായി ദേവാലയ ഹോൾവേയിൽ പ്രത്യേക ഡ്രോപ്പ് ബോക്സ് സജ്ജീകരിക്കുകയും ചെയ്തു. ഈ സ്നേഹ-കരുണ പ്രവർത്തനത്തിലൂടെ ക്രിസ്മസിന്റെ യഥാർത്ഥ സന്ദേശം സമൂഹത്തിലെ ഏറ്റവും കൂടുതൽ പരിഗണനയും ആശ്വാസവും ആവശ്യമായവരിലേക്ക് എത്തിക്കുകയാണ് AROHA ‘25’-ന്റെ ലക്ഷ്യം. ഇതിലേക്കുള്ള കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് ഇടവകവികാരി ഫാ. സിജു മുടക്കോടിൽ മാതാപിതാക്കളോടും കുട്ടികളോടും അഭ്യർത്ഥിച്ചു.

പരിപാടിയുടെ വിജയത്തിനായി സിഎംഎൽ സ്പിരിചൽ ഡയറക്ടർ അനീഷ് മാവേലി പുത്തൻപുരയിൽ യൂണിറ്റ് ഡയറക്ടർ ജോജോ ആനാലിൽ, മറ്റ് കോ-ഓർഡിനേറ്റേഴ്സ്, മതാദ്ധ്യാപകർ, ട്രസ്റ്റിമാർ എന്നിവർ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തി.

# ഐപിസി അരുണാചൽ സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു

സ്റ്റാൻലി ജോർജ്

ടിപ്പി (അരുണാചൽപ്രദേശ്): ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭ അരുണാചൽപ്രദേശ് സ്റ്റേറ്റ് 28-ാമത് വാർഷിക കൺവൻഷൻ കർത്താവിന്റെ വരവിനുവേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കാം എന്ന ആഹ്വാനത്തോടെ സമാപിച്ചു.



ഐപിസി അരുണാചൽപ്രദേശ് സ്റ്റേറ്റ് കൺവൻഷൻ പാസ്റ്റർ ആൽവിൻ ഡേവിഡ് ഉദ്ഘാടനം ചെയ്യുന്നു. പരിഭാഷ പാസ്റ്റർ ഒ.ജെ. മൈക്കിൾ.

നവംബർ 20 മുതൽ 23 വരെ ടിപ്പിയിൽ നടന്ന കൺവൻഷൻ സ്റ്റേറ്റ് പ്രസിഡണ്ട് പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ് ഉദ്ഘാടനം ചെയ്തു. യേശുക്രിസ്തുവിലുള്ള വിശ്വാസവും യേശുക്രിസ്തുവിന്റെ മടങ്ങിവരവിലുള്ള പ്രത്യാശയുമാണ് ഒരു മനുഷ്യനെ സമാധാനത്തിലേക്കും സന്തോഷത്തിലേക്കും നയിക്കുന്നതെന്ന് ഡോ. ആൽവിൻ ഡേവിഡ് ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ദൈവം സ്നേഹമാണ്, യഥാർത്ഥ ദൈവസ്നേഹം നാം അനുഭവിക്കുന്നത് യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിലൂടെയാണ്: അദ്ദേഹം തുടർന്നു പറഞ്ഞു.

കൺവൻഷന്റെ സെക്രട്ടറി പാസ്റ്റർ സുനിൽ കുഞ്ചുജു അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഡോ. ജോബെൻസൺ ബെന്നി അതിഥി പ്രസംഗകനായിരുന്നു. പാസ്റ്റർമാരായ വർഗീസ് മത്തായി, ഏബ്രഹാം മാത്യു, ഒ.ജെ. മൈക്കിൾ, സിസ്റ്റർ ഗ്രേസ് ആൽവിൻ ഡേവിഡ്, സിസ്റ്റർ കൊച്ചുറാണി ഏബ്രഹാം എന്നിവരും വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. നിഖ് കമിൻ എംഎൽഎ, പബ്ലിക് ലീഡർ അജയ് ജെബിസോ, പഞ്ചായത്ത് പ്രസിഡണ്ട് വിജയ് ലിപിയാങ്സോ എന്നിവർ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

ഞായറാഴ്ച രാവിലെ നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ആൽവിൻ ഡേവിഡിന്റെ നേതൃത്വത്തിൽ തിരുവത്താഴ ശുശ്രൂഷ നടന്നു. ശനിയാഴ്ച ഉച്ചയ്ക്ക്ശേഷം നടന്ന പ്രത്യേക യോഗത്തിൽ ആറ് ശുശ്രൂഷകന്മാർക്ക് പാസ്റ്റർ ആൽവിൻ ഡേവിഡിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ ഓർഡിനേഷൻ നല്കി. പാസ്റ്റർമാരായ ഒ.ജെ. മൈക്കിൾ, വർഗീസ് മത്തായി എന്നിവർ സഹശുശ്രൂഷകരായിരുന്നു.

വെള്ളിയാഴ്ച രാവിലെ നടന്ന യുവജനസമ്മേളനത്തിൽ അറുപതിൽ അധികം യുവജനങ്ങൾ സുവിശേഷവേലക്കായി സ്വയം സമർപ്പിച്ചു. 12 പേർ സ്നാനപ്പെട്ടു. പാസ്റ്റർമാരായ മേഴ്സി യെസ് ഖണ്ഡൂസൗ, ലെഗോ യാമേ, തകാർ കൊഞ്ചുജു, വാങ്ചിൻ സാക്രിൻസോ, തോമസ് ഹക്കും, ബിജയ് കർ മാൾ എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. ഐപിസി അരുണാചൽപ്രദേശ് സ്റ്റേറ്റ് ഗായകസംഘം സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. കിഴക്കും പടിഞ്ഞാറുമുള്ള സോണികളിൽ നിന്നായി ആയിരത്തോളം വിശ്വാസികൾ കൺവൻഷനിൽ പങ്കെടുത്തു.

# ചിക്കാഗോയിൽ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ധ്യാനം നയിക്കുന്നു

ലിൻസ് താന്നിച്ചുവട്ടിൽ



ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ക്രിസ്മസ് ഒരുക്ക ധ്യാനം ഡിസംബർ 19, 20, 21 തീയതികളിൽ നടത്തും. കപ്പൂച്ചിൻ സന്യാസ സഭാംഗമായ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ആണ് ധ്യാനത്തിന് നേതൃത്വം നല്കുന്നത്. യുട്യൂബിലെ പ്രഭാഷണങ്ങൾ വഴി ജനപ്രിയനും സർവ്വസമ്മതനുമായ അദ്ദേഹം കപ്പൂച്ചിൻ സഭയുടെ പ്രൊവിൻഷ്യൽ ആയും സേവനം ചെയ്തിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമായി കഴിഞ്ഞ മൂന്നര പതിറ്റാണ്ടിലേറെയായി വചന ശുശ്രൂഷ നിർവഹിക്കുന്ന പ്രിയ ജോസഫച്ചനെ ക്രിസ്മസ് ഒരുക്ക ധ്യാനത്തിനായി ബെൻസൻവിൽ ഇടവകയിലേക്ക് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി ഇടവക വികാരി ഫാ. ഏബ്രഹാം കളരിക്കൽ അറിയിച്ചു. ഈ ധ്യാനത്തിലുടനീളം സംബന്ധിച്ച് ആത്മീയ ഉണർവ് നേടാനും ചിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും ഏവരെയും ദേവാലയത്തിലേക്ക് സ്വാഗതം ചെയ്യുന്നതായും അദ്ദേഹം അറിയിച്ചു.

# ദ്വാരപാലക ശില്പങ്ങളിലെ സ്വർണം കവർന്ന കേസിലും പത്മകുമാർ പ്രതി


കൊല്ലം: ശബരിമല സ്വർണക്കവർച്ച കേസിൽ അറസ്റ്റിലായ മുൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് എ. പത്മകുമാറിന് കുരുക്ക് മുറുകുന്നു. 2019-ൽ ദ്വാരപാലക ശില്പങ്ങളുടെ പാളി കടത്തിക്കൊണ്ടുപോയി സ്വർണം തട്ടിയെടുത്തെന്ന കേസിൽ കൂടി പത്മകുമാറിനെ പ്രതിചേർത്തു.

പ്രത്യേക അന്വേഷണ സംഘം കൊല്ലം വിജിലൻസ് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലാണ് നിർണായക വിവരങ്ങളുള്ളത്. ആദ്യം കട്ടിളപ്പാളി കടത്തിയ കേസിലാണ് പത്മകുമാറിനെ പ്രതി ചേർത്തിരുന്നത്. റിമാൻഡ് കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പത്മകുമാറിനെ കോടതിയിൽ ഹാജരാക്കിയിരുന്നു. ഈ മാസം 18 വരെയാണ് കൊല്ലം വിജിലൻസ് കോടതി റിമാൻഡ് ചെയ്തത്. കൊല്ലം വിജിലൻസ് കോടതിയിലാണ് എസ്ഐടി റിപ്പോർട്ട് സമർപ്പിച്ചത്. ഈ കേസിൽ ജയിലിലെത്തി എസ്ഐടി അറസ്റ്റ് രേഖപ്പെടുത്തി.

കട്ടിളപ്പാളിയിലെ സ്വർണം കടത്തിയ കേസിൽ റിമാൻഡിൽ കഴിയുന്നതിനിടെയാണ് എ. പത്മകുമാറിനെ ജയിലിൽ എത്തി ഡിസംബർ രണ്ടിന് പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തത്. ദ്വാരപാലക ശിൽപ്പങ്ങളിലെ സ്വർണം കടത്തിയ കേസിൽ എ. പത്മകുമാറിനെ പ്രതിചേർത്ത അന്വേഷണ സംഘം പത്മകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. പത്മകുമാറിന്റെ അറിവോടെയാണ് ദ്വാരപാലക ശിൽപ്പങ്ങളിലെ സ്വർണം കടത്തിയതെന്നതിന് എസ്ഐടിക്ക് തെളിവുകൾ ലഭിച്ചു.

ഉണ്ണികൃഷ്ണൻ പോറ്റിയുമായി പത്മകുമാറിന് അടുത്ത ബന്ധം ഉണ്ടായിരുന്നുവെന്നും അന്വേഷണ സംഘം കണ്ടെത്തി. എസ്.പി. ശശിധരന്റെ നേതൃത്വത്തിലുള്ള സംഘമാണ് ജയിലിൽ പത്മകുമാറിനെ ചോദ്യം ചെയ്തത്. രണ്ടാമത്തെ കേസിൽകൂടി പ്രതി ചേർത്തതോടെ പത്മകുമാറിനെ എസ്ഐടി വീണ്ടും ചോദ്യം ചെയ്യും. ഇതിനായി ഉടൻ കോടതിയെ സമീപിക്കാനാണ് അന്വേഷണ സംഘത്തിന്റെ തീരുമാനം.

സിപിഎം നേതാവും ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടും എംഎൽഎയുമായിരുന്ന പത്മകുമാറിന്റെ ജാമ്യാപേക്ഷയിൽ എസ്ഐടിയുടെ റിപ്പോർട്ട് കഴിഞ്ഞ ദിവസം കോടതി തേടയിരുന്നു. രണ്ടു തവണ എസ്ഐടി മൊഴി രേഖപ്പെടുത്തിയതിനാൽ പത്മകുമാറിനു ജാമ്യം അനുവദിക്കണമെന്നു പ്രതിഭാഗം ആവശ്യപ്പെട്ടെങ്കിലും പുറത്തിറങ്ങിയാൽ സാക്ഷികളെ സ്വാധീനിക്കുമെന്ന് പ്രോസിക്യൂഷൻ വാദിച്ചു. 2019-ൽ കട്ടിളപ്പാളിയിലെ സ്വർണം കടത്തിയ കേസിൽ അഞ്ചാം പ്രതിയും ദ്വാരപാലക ശിൽപത്തിലെ സ്വർണം കവർന്ന കേസിൽ മൂന്നാം പ്രതിയുമാണ് സുധീഷ്കുമാർ. ദേവസ്വം ബോർഡ് കമ്മീഷണർ ആയിരുന്ന എൻ. വാസു ബോർഡ് പ്രസിഡണ്ടായിരുന്നപ്പോൾ സുധീഷ്കുമാർ പേഴ്സണൽ അസിസ്റ്റന്റായി പ്രവർത്തിച്ചിരുന്നു.



കട്ടിളപ്പാളികൾ ഉണ്ണിക്കൃഷ്ണൻ പോറ്റിക്ക് കൊടുത്തുവിടാനുള്ള തീരുമാനം ഇക്കാലയളവിലാണെടുത്തത്. സിഐടിയു നേതൃത്വത്തിലുള്ള ദേവസ്വം എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡണ്ടായി സുധീഷ്കുമാർ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. 2022-ലാണ് വിരമിച്ചത്.

# ഇന്ത്യൻ പൗരത്വം ഉണ്ടായിട്ടും നാടുകടത്തപ്പെട്ട ഗർഭിണിയെയും കുട്ടിയെയും തിരികെ എത്തിച്ചു

ന്യൂഡൽഹി: ഇന്ത്യൻ പൗരത്വം ഉണ്ടായിരുന്നിട്ടും ബംഗ്ലാദേശിലേക്ക് നാടുകടത്തപ്പെട്ട ഗർഭിണിയെയും എട്ടു വയസുള്ള മകനെയും തിരികെ എത്തിച്ചു. സുപ്രീംകോടതി നിർദേശത്തിനു പിന്നാലെയാണ് ഇരുവരെയും ഇന്ത്യയിലേക്ക് എത്തിച്ചത്. ഡിസംബർ മൂന്നിനാണ് ഇരുവരെയും ബംഗ്ലാദേശിൽനിന്ന് തിരികെ കൊണ്ടുവരാൻ സുപ്രീംകോടതി കേന്ദ്രസർക്കാരിനോട് നിർദേശിച്ചത്. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സർക്കാർ നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുകയായിരുന്നു. ബംഗാളിലെ മാൾഡയിൽ അഞ്ചിന് ജില്ലാ ഭരണകൂടത്തിലെ നിരവധി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് ഒമ്പത് മാസം ഗർഭിണിയായ സുനാലി ഖത്തൂനും മകനും ഇന്ത്യയിലേക്കു തിരികെ പ്രവേശിച്ചത്.



സുനാലി ഖത്തൂനും ഭർത്താവ് ഡാനിഷ് ഷെയ്ഖും.

'നിയമം മാനുഷികതയുടെ മുന്നിൽ തലകുനിക്കേണ്ടിവരുന്ന അപൂർവ സന്ദർഭങ്ങളുണ്ട്. ഇന്ത്യൻ പൗരരെന്ന് അവർ അവകാശപ്പെടുന്ന സ്ഥിതിക്ക് ഈ കേസ് വ്യത്യസ്തമാണ്'- സുപ്രീം കോടതി പറഞ്ഞു.

സുനാലിയുടെ പിതാവ് ഭോഡു ഷെയ്ഖ് നൽകിയ ഹർജിയിൽ ഇവരെ തിരിച്ചെത്തിക്കാൻ കൽക്കട്ട ഹൈക്കോടതി സെപ്റ്റംബർ 26-നു കേന്ദ്രത്തോടു നിർദേശിച്ചിരുന്നു. അതിനെതിരെ കേന്ദ്രം നൽകിയ ഹർജിയാണു ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരുടെ ബെഞ്ച് പരിഗണിച്ചത്. 'ഇന്ത്യൻ പൗരനായ ഭോഡു ഷെയ്ഖിന്റെ മകൾക്കും കുട്ടിക്കും സ്വാഭാവികമായും ഇവിടത്തെ പൗരത്വമുണ്ട്'- ജസ്റ്റിസ് ബാഗ്ചി പറഞ്ഞു.

ജനന സർട്ടിഫിക്കറ്റും തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ള രേഖകളും ഉണ്ടായിരുന്നിട്ടും ഇവരെ നാടുകടത്തിയതിനെ കോടതി വിമർശിച്ചിരുന്നു. മാനുഷിക പരിഗണനയുടെ പേരിൽ ഇവരെ തിരിച്ചെത്തിച്ച് പൗരത്വം തെളിയിക്കാൻ അവസരം നൽകണമെന്നും കോടതി നിർദേശിച്ചിരുന്നു. തുടർന്നാണ് കേന്ദ്രം അനുകൂല നിലപാട് അറിയിച്ചത്. സുനാലിക്കു സൗജന്യചികിത്സയും മകനു സംരക്ഷണവും നൽകണമെന്നു കോടതി ബംഗാൾ സർക്കാരിനോടു നിർദേശിച്ചു.

അനധികൃത കുടിയേറ്റക്കാരെന്ന് ആരോപിച്ചാണ് സുനാലി ഉൾപ്പെടെയുള്ളവരെ കഴിഞ്ഞ ജൂൺ എട്ടിന് ഡൽഹി പോലീസ് അറസ്റ്റ് ചെയ്തത്. ജൂൺ 27-ന് നാടുകടത്തി. നുഴഞ്ഞുകയറ്റക്കാരെന്ന് ആരോപിച്ച് ഓഗസ്റ്റ് 20-ന് ബംഗ്ലാദേശ് അധികൃതർ ജയിലിലടച്ചു. ഡൽഹിയിലെ രോഹിണിയിൽ ദിവസവേതനക്കാരായിരുന്നു തങ്ങളെന്നും 20 വർഷത്തിലേറെയായി ഇവിടെയാണു താമസമെന്നും ഭോഡു ഷെയ്ഖ് പറഞ്ഞു. സുനാലിയുടെ ഭർത്താവ് ഉൾപ്പെടെയുള്ളവരെക്കൂടി തിരിച്ചെത്തിക്കണമെന്നു ആവശ്യമുയർന്നെങ്കിലും അവർ ബംഗ്ലാദേശ് പൗരരാണെന്ന വാദമാണു കേന്ദ്രം ഉന്നയിച്ചിരിക്കുന്നത്.

# എസ്ഐആർ: കൂടുതൽ ബിഎൽഒമാരെ നിയമിക്കാൻ സുപ്രീംകോടതി നിർദേശം

ന്യൂഡൽഹി: കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വോട്ടർപട്ടികയിലെ പ്രത്യേക തീവ്ര പരിഷ്കരണത്തിൽ (എസ്ഐആർ) ഏർപ്പെട്ടിരിക്കുന്ന ബൂത്ത് ലെവൽ ഓഫീസർമാരുടെ (ബിഎൽഒ) ജോലിഭാരത്തിൽ ആശങ്ക പ്രകടിപ്പിച്ച് സുപ്രീംകോടതി. ബിഎൽഒമാരുടെ ആത്മഹത്യകളും ജോലിഭാരവും ആരോപിക്കപ്പെടുന്ന സാഹചര്യത്തിൽ എസ്ഐആർ ജോലികൾക്ക് അധികജോലിക്കാരെ നിയോഗിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ജി എന്നിവരുൾപ്പെട്ട ബെഞ്ച് സംസ്ഥാനങ്ങളോടു നിർദേശിച്ചു. സംസ്ഥാന സർക്കാരുകൾ ഇതിനു ബാധ്യസ്ഥമാണെന്നും കോടതി നിരീക്ഷിച്ചു. ഇതോടൊപ്പം, പ്രത്യേക കാരണങ്ങൾ ചൂണ്ടിക്കാട്ടി ബിഎൽഒമാർ ജോലിയിൽനിന്ന് ഇളവ് തേടുകയാണെങ്കിൽ ഓരോ സംഭവവും പ്രത്യേകമായി കൈകാര്യം ചെയ്തു തീരുമാനമെടുക്കണം. ആ വ്യക്തിക്കുപകരം മറ്റൊരാളെ നിയമിക്കണമെന്നും കോടതി സംസ്ഥാനങ്ങളോടു നിർദേശിച്ചു. ബന്ധപ്പെട്ടവരിൽനിന്ന് ആശ്വാസം ലഭിക്കാത്ത സാഹചര്യത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് കോടതിയെ സമീപിക്കാമെന്നും ബെഞ്ച് ഉത്തരവിട്ടു. ജീവനൊടുക്കിയവരുടെ അവസ്ഥ വിവരിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ തമിഴക വെട്രി കഴകം (ടിവികെ) സമർപ്പിച്ച അപേക്ഷ പരിഗണിക്കവേയാണു കോടതി ഈ നിർദേശങ്ങൾ പുറപ്പെടുവിച്ചത്. വ്യക്തിപരമോ കുടുംബപരമോ ആയ കാര്യങ്ങൾനിമിത്തം എസ്ഐആർ ജോലികൾചെയ്യാൻ സാധിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നതായി ഹർജിയിൽ പരാമർശിക്കുന്നുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.






# ഫോറസ്റ്റ് ഫ്ളയിംഗ് സ്ക്വാഡ് ഇനി വനം വിജിലൻസ്

കോഴിക്കോട്: വനംവകുപ്പിന്റെ പദ്ധതി നടത്തിപ്പുകളിൽ വ്യാപകമായ ക്രമക്കേടുകളുണ്ടെന്ന ആക്ഷേപത്തിനിടെ വകുപ്പിലെ ആഭ്യന്തര അന്വേഷണസംവിധാനമായ ഫോറസ്റ്റ് ഫ്ളയിംഗ് സ്ക്വാഡിന്റെ ഘടനയും പ്രവർത്തനങ്ങളും പരിഷ്കരിച്ച് വനം വിജിലൻസാക്കി മാറ്റി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ്) നൽകിയ ശിപാർശ അംഗീകരിച്ചാണു മാറ്റം.

ഫ്ളയിംഗ് സ്ക്വാഡ് മുക്കിയ ഒട്ടേറെ അഴിമതികൾ കോഴിക്കോട് ജില്ലയിലടക്കം പോലീസ് വിജിലൻസ് പൊക്കിയ സാഹചര്യത്തിൽക്കൂടിയാണ് വനം വിജിലൻസിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും മാറ്റം. ഫ്ളയിംഗ് സ്ക്വാഡ് ഓഫീസുകളുടെ പേര് വിജിലൻസ് ഓഫീസുകളായി പുനർനാമകരണം ചെയ്തിട്ടുമുണ്ട്.

വനംവകുപ്പിന്റെ പദ്ധതികളിലെ ക്രമക്കേടുകൾക്കെതിരെയോ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയോ പേരു വെളിപ്പെടുത്താതെ പരാതി നൽകാൻ കഴിയുന്നതടക്കം നേരത്തേയുണ്ടായിരുന്ന സംവിധാനങ്ങളാണു ചെറിയ മാറ്റങ്ങളോടെ പുനർക്രമീകരിച്ചിരിക്കുന്നത്.

വനംവകുപ്പിന്റെ പദ്ധതികളിൽ കൈയിട്ടുവാരൽ വ്യാപകമാണെന്നാണ് ആക്ഷേപം. ജനങ്ങൾക്ക് ഇതിന്റെ തെളിവുകൾ സഹിതം പരാതി നൽകാം.

വനം വിജിലൻസിന്റെ പോർട്ടൽ മുഖേന പരാതി അയച്ചാൽ റഫറൻസ് നമ്പർ ലഭിക്കും. അത് ഉപയോഗിച്ച് പരാതികളിലെ തുടർ അന്വേഷണ നടപടികളെക്കുറിച്ച് അറിയാൻ കഴിയും.

പരാതിക്കാരന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ് എന്നിവ കൂടി ഉൾപ്പെടുത്തിയാണു പരാതി നൽകേണ്ടത്. തെളിവുകളും ഉൾപ്പെടുത്താം. പരാതിയോ പരാതിക്കാരനോ വ്യാജനല്ലെന്ന് ഉറപ്പിക്കാൻ വനംവിജിലൻസ് തിരിച്ചുബന്ധപ്പെടും.

വ്യാജമാണെങ്കിൽ പരാതി ഒഴിവാക്കും. പ്രാഥമിക അന്വേഷണത്തിൽ പരാതിയിൽ കഴമ്പുണ്ടെന്നു കണ്ടെത്തിയാൽ പരാതിക്കാരന്റെ പേര് തിരിച്ചറിയുന്നത് ഒഴിവാക്കാൻ രഹസ്യ കോഡ് നൽകി തുടർ അന്വേഷണം തുടങ്ങും.

പരാതി അന്വേഷിച്ച വനം വിജിലൻസ് ഉദ്യോഗസ്ഥനെതിരെ വനംവകുപ്പ് ഉദ്യോഗസ്ഥർക്കു പരാതി നൽകാൻ കഴിയും. പക്ഷേ, ആ പരാതി വ്യാജമാണെന്നു കണ്ടെത്തിയാൽ പരാതിപ്പെട്ട ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി ഉണ്ടാവും.

അതേസമയം വനം വകുപ്പിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിനു മുകളിലുള്ള ഉദ്യോഗസ്ഥർക്കെതിരേയുള്ള പരാതികൾ വനം വിജിലൻസ് അന്വേഷിക്കേണ്ടെന്നും നിർദേശമുണ്ട്. ഇത്തരം പരാതിയിലെ ഓരോ ആരോപണങ്ങൾക്കും വസ്തുതാപരമായ റിപ്പോർട്ട് തയാറാക്കി തുടർ നടപടികൾക്കായി സർക്കാരിനു സമർപ്പിക്കാനാണു നിർദേശം.

വനം വിജിലൻസിന്റെ അന്വേഷണ പരിധിയിലുള്ള പരാതികളുടെ വിവരം വിവരാവകാശ നിയമപ്രകാരം ലഭിക്കില്ല.

വിജിലൻസ് മേധാവിയുടെ ഓഫീസിൽനിന്നും അന്വേഷണ റിപ്പോർട്ട് അംഗീകരിച്ചു പരാതി തീർപ്പാക്കി എന്ന വിവരം ലഭിച്ചതിനുശേഷം മാത്രമേ വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർ എന്നിവരുടെ ഓഫീസിൽനിന്നും വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ നൽകുകയുള്ളൂ.

## മലയാളി സ്ഥാനാർത്ഥികളില്ലാതെ മൂന്ന് പഞ്ചായത്തുകൾ

തൊടുപുഴ: തദ്ദേശ തെരഞ്ഞെടുപ്പിൽ മലയാളി സ്ഥാനാർത്ഥികളില്ലാതെ ജില്ലയിലെ മൂന്നു പഞ്ചായത്തുകൾ. ഇടമലക്കുടി, മൂന്നാർ, വട്ടവട പഞ്ചായത്തുകളിലാണു തമിഴ് വംശജരായ സ്ഥാനാർത്ഥികൾ മാത്രം മത്സരരംഗത്തുള്ളത്. തോട്ടം തൊഴിലാളികളും ആദിവാസികളും അധിവസിക്കുന്ന ഇവിടെ തമിഴ് വംശജരാണ് കൂടുതൽ. ഇടമലക്കുടിയിൽ 14 വാർഡുകളിലായി 41 സ്ഥാനാർത്ഥികളും വട്ടവടയിൽ 14 വാർഡുകളിലായി 43 സ്ഥാനാർത്ഥികളും മൂന്നാറിൽ 20 വാർഡുകളിലായി 58 തമിഴ് വംശജരായ സ്ഥാനാർത്ഥികളുമാണു ജനവിധി തേടുന്നത്.

യുഡിഎഫ്, എൽഡിഎഫ്, എൻഡിഎ സ്ഥാനാർത്ഥികൾക്കു പുറമെ ഡിഎംകെ, എഐഡിഎംകെ, വിടുതൽ തിർത്തി എന്നീ പാർട്ടികളിലെ സ്ഥാനാർത്ഥികളും മൂന്നാർ പഞ്ചായത്തിലെ ചില വാർഡുകളിൽ രംഗത്തുണ്ട്. ഇവിടെ ഭൂരിഭാഗം വോട്ടർമാരും തമിഴ് വംശജരായതിനാൽ പ്രചാരണത്തിനും തമിഴ് ടച്ചാണ്. നോട്ടീസുകളും പോസ്റ്ററുകളുമെല്ലാം തമിഴ്ഭാഷയിലാണ് അച്ചടിച്ചിരിക്കുന്നത്. ഇതോടൊപ്പം തമിഴ് സിനിമാഗാനങ്ങളുടെ പാരഡിഗാനങ്ങളും പുറത്തിറക്കിയിട്ടുണ്ട്. വോട്ടർമാരെ സ്വാധീനിക്കാൻ ഇത് ഏറെ പ്രയോജനപ്പെടുമെന്നാണ് സ്ഥാനാർത്ഥികളുടേയും പ്രവർത്തകരുടേയും പ്രതീക്ഷ. തമിഴ്നാട്ടിൽ സിനിമാമേഖലയിലുള്ളവർക്ക് വലിയ ജനപിന്തുണയാണുള്ളത്. ഇതു തിരിച്ചറിഞ്ഞാണ് തമിഴ്ഭാഷയിലെ സിനിമാഗാനങ്ങളും പാരഡിഗാനങ്ങളും പ്രചാരണത്തിന് ഉപയോഗിക്കുന്നത്. കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിലും ഈ പഞ്ചായത്തുകളിൽ മലയാളി സ്ഥാനാർത്ഥികൾ മത്സരരംഗത്തില്ലായിരുന്നു. ഇടമലക്കുടി പഞ്ചായത്തിൽ മുഴുവൻ കുടുംബങ്ങളും മുതുവാൻ സമുദായത്തിൽപ്പെട്ടവരാണ്. അതിനാൽ മുഴുവൻ വാർഡുകളും പട്ടികവർഗ സംവരണമാണ്.

# നിർമാണത്തിനിടെ കൊല്ലത്ത് ദേശീയപാത ഇടിഞ്ഞുതാണു

കൊട്ടിയം: മലപ്പുറം കൂരിയാട് അടക്കം നിർമാണത്തിലിരിക്കെ ദേശീയപാത തകർന്നതിനെ ചൊല്ലിയുള്ള വിവാദം കെട്ടടങ്ങുംമുമ്പേ നിർമാണം നടന്നുകൊണ്ടിരിക്കുന്ന കൊല്ലം മൈലക്കാടും ദേശീയപാതയുടെ ഉയരപ്പാത ഇടിഞ്ഞുവീണു. ഡിസംബർ അഞ്ചിന് വൈകുന്നേരം മൂന്നരയോടെയാണ് അപകടം സംഭവിച്ചത്. ദേശീയപാതയുടെ പാർശ്വഭിത്തിയാണ് ഇടിഞ്ഞത്. ഇതോടെ സർവീസ് റോഡ് തകർന്നു. മൈലക്കാട് പാലത്തിനു സമീപത്തെ അപ്രോച്ച് റോഡിൽ വലിയ ഗർത്തം രൂപപ്പെടുകയും ചെയ്തു.

നൂറു മീറ്ററിലേറെ നീളത്തിലാണ് ഉയരപ്പാത തകർന്നത്. പത്ത് മീറ്ററിലധികം ഉയരത്തിലാണ് ഈ ഭാഗത്ത് ദേശീയപാതയുടെ പ്രധാന റോഡ് നിർമിക്കുന്നത്.

അപകടം സംഭവിക്കുമ്പോൾ സർവീസ് റോഡിലൂടെ നിരവധി വാഹനങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. ഒരു സ്കൂൾ ബസും രണ്ടു കാറുകളും അപകടത്തിൽപ്പെട്ടു. റോഡ് തകർന്നു സർവീസ് റോഡിൽ വലിയ കുഴികളുണ്ടായി. ഈ കുഴികളിലാണ് സ്കൂൾ ബസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ വീണത്. സ്കൂൾ ബസ് പെട്ടെന്ന് ബ്രേക്കിട്ട് നിർത്തി കുട്ടികളെ പെട്ടെന്ന് പുറത്തിറക്കി സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. കുഴിയിൽപ്പെട്ട വാഹനങ്ങളിലെ യാത്രക്കാരും പരുക്കുകളില്ലാതെ രക്ഷപ്പെട്ടു.

കൊട്ടിയത്തുനിന്നും ചാത്തന്നൂരിലേക്കുള്ള വഴിയിൽ മൈലക്കാട് ഇറക്കത്താണ് അപകടം. മൈലക്കാട് ഇറക്കം ജില്ലയിലെതന്നെ വലിയ കയറ്റിറക്കമാണ്. ഈ കയറ്റിറക്കം ഒഴിവാക്കി റോഡ് നിരപ്പാക്കാനാണ് ഉയരപ്പാത നിർമിക്കുന്നത്.

ശിവാലയ കൺസ്ട്രക്ഷൻസിനാണ് നിർമാണച്ചുമതല. ദേശീയ ജലപാതയ്ക്കായി കായലിൽനിന്ന് കുഴിച്ചെടുത്ത മണ്ണ് ദേശീയപാതാ നിർമാണത്തിന് ഉപയോഗിക്കാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. കൊല്ലം റീച്ചിൽ കുഴി നികത്താനും അപ്രോച്ച് റോഡിന്റെ ഫില്ലിങ്ങിനും അഷ്ടമുടിക്കായലിൽനിന്നുള്ള മണ്ണ് ഉപയോഗിച്ചിരുന്നതായി എൻഎച്ച്ഐ വൃത്തങ്ങൾ നേരത്തെ സമ്മതിച്ചിരുന്നു. പാത തകർന്ന സ്ഥലത്ത് ഈ മണ്ണ് ഉപയോഗിച്ചോയെന്ന് വ്യക്തമല്ല.




കൊല്ലം കൊട്ടിയം മൈലക്കാട് പ്രദേശത്ത് നിർമാണത്തിലിരുന്ന ദേശീയപാതയും സർവീസ് റോഡും തകർന്ന നിലയിൽ.



# സഹകരണബാങ്കിനെ രക്ഷിക്കാൻ ക്ഷേത്രധനം ഉപയോഗിക്കാനാകില്ലെന്ന് സുപ്രീംകോടതി വിധി

ന്യൂഡൽഹി: ചക്രശ്വാസം വലിക്കുന്ന സഹകരണ ബാങ്കിനെ രക്ഷിക്കാൻ ക്ഷേത്രധനം ഉപയോഗിക്കാനാകില്ലെന്നു സുപ്രീംകോടതി വ്യക്തമാക്കി. ക്ഷേത്രസമ്പത്ത് അവിടത്തെ ദേവന്റേതാണെന്നു നിരീക്ഷിച്ച കോടതി, തിരുനെല്ലി സഹകരണ ബാങ്കിന്റെയും മാനന്തവാടി അർബൻ ബാങ്കിന്റെയും ഹർജികൾ തള്ളി.

തിരുനെല്ലി ക്ഷേത്ര ദേവസ്വത്തിനു നിക്ഷേപങ്ങൾ രണ്ട് മാസത്തിനകം തിരികെ നൽകണമെന്ന കേരള ഹൈക്കോടതിയുടെ നിർദേശം ചോദ്യം ചെയ്താണ് ഇരുബാങ്കുകളും സുപ്രീംകോടതിയെ സമീപിച്ചത്.

എന്നാൽ, ഹൈക്കോടതിയുടെ നിർദേശത്തിൽ എന്താണ് തെറ്റെന്നായിരുന്നു ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരുടെ ബെഞ്ചിന്റെ മറുചോദ്യം.


'പണം നിലനിൽപിനു കഷ്ടപ്പെടുന്ന ബാങ്കിൽ ഇടണോ അതോ പരമാവധി പലിശ നൽകാൻ കഴിയുന്ന ദേശസാൽകൃത ബാങ്കിൽ നിക്ഷേപിക്കണോ? ക്ഷേത്രധനം ക്ഷേത്ര താൽപര്യങ്ങൾക്കായി ഉപയോഗിക്കണം. അതു സഹകരണ ബാങ്കിന്റെ വരുമാന സ്രോതസ്സോ നിലനിൽപിനുള്ള മാർഗമോ ആകരുത്'- ചീഫ് ജസ്റ്റിസ് പറഞ്ഞു.

നിക്ഷേപം തിരികെ ദേവസ്വത്തിനു നൽകണമെന്ന് ഹൈക്കോടതി പൊടുന്നനെ നിർദേശിച്ചത് ബുദ്ധിമുട്ടിലാക്കിയെന്നു സഹകരണ ബാങ്കുകളുടെ അഭിഭാഷകൻ ജി. മനുകൃഷ്ണൻ വാദിച്ചു.

നിക്ഷേപങ്ങളുടെ കാലാവധി പൂർത്തിയായാൽ തുക അപ്പോൾതന്നെ നൽകുകയാണ് ബാങ്കുകൾ ചെയ്യേണ്ടതെന്ന് ജസ്റ്റിസ് ബാഗ്ചി പറഞ്ഞു.

പണം തിരികെ നൽകാൻ സാവകാശം അനുവദിക്കണമെന്ന ആവശ്യം ഹൈക്കോടതിയിൽ ഉന്നയിക്കാൻ ബാങ്കുകൾക്കു സുപ്രീംകോടതി അനുമതി നൽകി.

# നിതീഷ് കുമാറിന് വേൾഡ് ഓഫ് റിക്കാർഡ്സിൽ അംഗീകാരം



പാറ്റ്ന: മുഖ്യമന്ത്രിയായി പത്തുതവണ സത്യപ്രതിജ്ഞ ചെയ്തയാളായി ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറിനെ ലണ്ടനിലെ വേൾഡ് ഓഫ് റിക്കാർഡ്സ് അംഗീകരിച്ചു. ലോക റിക്കാർഡ്സ് ലഭിക്കുക എന്നത് അഭിമാനവും സന്തോഷവും പകരുന്നതാണെന്ന് വാർത്ത പങ്കുവച്ച് ജനതാദൾ (യു) ദേശീയ വർക്കിംഗ് പ്രസിഡന്റ് സഞ്ജയ് ഝാ സമൂഹ മാധ്യമമായ എക്സിൽ അറിയിച്ചു.

2000-ത്തിലാണ് നിതീഷ് ആദ്യമായി മുഖ്യമന്ത്രിപദത്തിലെത്തുന്നത്. എന്നാൽ സഭയിൽ ഭൂരിപക്ഷം തെളിയിക്കാനാകാത്തതിനാൽ ഏഴു ദിവസത്തിനു ശേഷം രാജിവച്ചു. 2005 മുതൽ നിതീഷ് തുടർച്ചയായി മുഖ്യമന്ത്രിക്കസേരയിൽ തുടരുകയാണ്. 2014 ലോക്സഭാ തെരഞ്ഞെടുപ്പിനു മോശം പ്രകടനത്തിന്റെ പേരിൽ ഒരു വർഷത്തിൽത്താഴെ മാത്രം അദ്ദേഹം അധികാരത്തിൽനിന്ന് മാറി നിൽക്കുകയും ചെയ്തു. ജിതിൻ റാം മാഞ്ചിയായിരുന്നു ഈ സമയത്ത് മുഖ്യമന്ത്രി.

# അനിൽ അംബാനിയുടെ 1120 കോടിയുടെ സ്വത്ത്കൂടി കണ്ടുകെട്ടി

ന്യൂഡൽഹി: വായ്പത്തട്ടിപ്പ് കേസിൽ റിലയൻസ് ഗ്രൂപ്പ് ചെയർമാൻ അനിൽ അംബാനിയുടെ കൂടുതൽ സ്വത്തുക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. കഴിഞ്ഞദിവസം 1120 കോടി രൂപയുടെ സ്വത്തുക്കൾകൂടി കണ്ടുകെട്ടിയതോടെ ഇഡി പിടിച്ചെടുത്ത ആകെ ആസ്തികളുടെ മൂല്യം 10,117 കോടി രൂപയായി. 17,000 കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടത്തിയെന്ന കേസിൽ നേരത്തേ അനിൽ അംബാനിയെ ഇഡി ചോദ്യം ചെയ്തിരുന്നു. റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ഉൾപ്പെടെ അനിൽ അംബാനിയുടെ കീഴിലെ കമ്പനികൾ വിവിധ ബാങ്കുകളിൽനിന്നു വായ്പയെടുത്ത് 17,000 കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടത്തിയെന്നാണ് ആരോപണം. വായ്പകൾ അനുവദിക്കുന്നതിന് ബാങ്ക് പ്രമോട്ടർമാർക്ക് കൈക്കൂലി നൽകിയിട്ടുണ്ടോ എന്നും ഇഡി അന്വേഷിക്കുന്നുണ്ട്.

# രാഷ്ട്രീയാതിക്രമം; കണ്ണൂരിന്റെ ചീത്തപ്പേര് മാറ്റണമെന്ന് ഹൈക്കോടതി

കൊച്ചി: രാഷ്ട്രീയ അതിക്രമങ്ങളുണ്ടാകുന്ന സ്ഥലമെന്ന ചീത്തപ്പേര് ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ കണ്ണൂരിലെ ജനങ്ങളും പോലീസും ചേർന്നു മാറ്റിയെടുക്കണമെന്നു ഹൈക്കോടതി നിർദേശിച്ചു.

പോളിങ് ദിവസം ക്രമസമാധാന പ്രശ്നങ്ങളുണ്ടെന്നും ബൂത്ത് പിടിത്തമടക്കമുള്ള അട്ടിമറിക്ക് സാധ്യതയുള്ളതിനാൽ സുരക്ഷ വർധിപ്പിക്കാൻ നിർദേശിക്കണമെന്നുമാവശ്യപ്പെട്ടു വിവിധ ജില്ലകളിൽനിന്നുള്ള ഹർജികൾ തീർപ്പാക്കിയാണു ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ ഇക്കാര്യം പറഞ്ഞത്. ഹർജികളിൽ ഭൂരിഭാഗവും കണ്ണൂരിൽനിന്നായിരുന്നു.

കണ്ണൂരുകാർ ആതിഥ്യമര്യാദയുള്ളവരും സന്ദർശകരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ കരുതുന്നവരുമാണെന്നാണു പറയാറുള്ളതെന്നു കോടതി ചൂണ്ടിക്കാട്ടി. ശക്തമായ സാമൂഹികബന്ധങ്ങളിലും സാംസ്കാരികമൂല്യങ്ങളിലും അധിഷ്ഠിതമാണ് അവിടത്തെ കുടുംബങ്ങൾ.

2011-ലെ സെൻസസ് പ്രകാരം കണ്ണൂർ ജില്ലയിലെ സാക്ഷരതാനിരക്ക് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. എന്നിട്ടും എന്തുകൊണ്ടാണ് കണ്ണൂരിനെ രാഷ്ട്രീയ അക്രമങ്ങളുടെ നാടായി കേരളീയർ കരുതുന്നതെന്നു കോടതി ചോദിച്ചു.

പ്രശ്നബാധിത ബൂത്തുകൾക്കായി കോടതി മാർഗനിർദേശങ്ങളും നൽകി. ഏതെങ്കിലും ബൂത്തുകളിൽ വീഡിയോഗ്രഫി വേണമെന്ന് ഹർജിക്കാർ കരുതുന്നുണ്ടെങ്കിൽ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർക്ക് മൂന്ന് ദിവസത്തിനുള്ളിൽ അപേക്ഷ നൽകാം. അപേക്ഷകരുടെ ചെലവിൽ വീഡിയോഗ്രഫിക്ക് അനുമതി നൽകാം.

ഭീഷണി ഭയക്കുന്ന സ്ഥാനാർത്ഥികൾക്കും ഏജന്റുമാർക്കും പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് മൂന്ന് ദിവസത്തിനുള്ളിൽ ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ നൽകാം. നിയമപ്രകാരം അവർക്കു സംരക്ഷണം നൽകണമെന്നും കോടതി നിർദേശിച്ചു.

# അപൂർവയിനം പക്ഷികളുമായി ദമ്പതികൾ പിടിയിൽ

നെടുമ്പാശേരി: തായ്‌ലൻഡിൽനിന്ന് അപൂർവയിനം പക്ഷികളുമായി എത്തിയ ദമ്പതികൾ നെടുമ്പാശേരി വിമാനത്താവളത്തിൽ കസ്റ്റംസ് എയർ ഇന്റലിജൻസ് വിഭാഗത്തിന്റെ പിടിയിലായി. വംശനാശ ഭീഷണി നേരിടുന്ന 11 പക്ഷികളെയാണു കസ്റ്റംസ് കസ്റ്റഡിയിലെടുത്തത്.



മലപ്പുറം സ്വദേശിയിൽനിന്ന് കൊച്ചി വിമാനത്താവളം കസ്റ്റംസ് പിടികൂടിയ പക്ഷികൾ.

മലപ്പുറം സ്വദേശി മർവാനും ഭാര്യയുമാണ് പിടിയിലായത്. ഇവരോടൊപ്പം ഏഴു വയസുള്ള മകനുമുണ്ടായിരുന്നു. ഡിസംബർ നാലിന് പുലർച്ചെ ക്വാലാലംപുരിൽനിന്നാണ് ഇവർ നെടുമ്പാശേരിയിലേക്കു വിമാനം കയറിയത്. കസ്റ്റംസ് ഉദ്യോഗസ്ഥർ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയായിരുന്നു.

ചെക്ക് ഇൻ ബാഗേജിൽ പ്രത്യേക സംവിധാനം ഒരുക്കിയാണ് പക്ഷികളെ ജീവനോടെ കൊണ്ടുവന്നത്. ഇത്തരത്തിലുള്ള അപൂർവയിനം പക്ഷികളെ കൊണ്ടുവരുന്നതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്.

പിടികൂടിയ പക്ഷികളെയും പ്രതികളെയും വനംവകുപ്പിനു കൈമാറി. ഇവരെ വിശദമായി ചോദ്യംചെയ്തുവരികയാണ്.

സ്വന്തമായി വളർത്തുന്നതിനാണോ കച്ചവട ലക്ഷ്യങ്ങൾക്കായിട്ടാണോ ഇവയെ കൊണ്ടുവന്നതെന്നും പരിശോധിക്കുന്നുണ്ട്. പക്ഷികളെ തിരികെ തായ്‌ലൻഡിലേക്ക് അയയ്ക്കും.




FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976
Children Welcome
Invisalign & Braces
9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)






DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# നന്മ ചൊരിയുന്ന ക്രിസ്മസ് കാലം

ഡോ. മാത്യു ജോയിസ് മാടപ്പാട്ട്




ഈ ക്രിസ്മസ് നിങ്ങളുടെ ഹൃദയത്തെ സമാധാനം കൊണ്ടും നിങ്ങളുടെ വീട് സന്തോഷത്താലും നിങ്ങളുടെ ജീവിതം പ്രത്യാശയാലും നിറയട്ടെ. നമ്മുടെ ചുറ്റും വെളിച്ചം പ്രകാശിക്കുന്നതുപോലെ ലോകത്തിലേക്ക് ദയയും സ്നേഹവും കൃതജ്ഞതയും പ്രകാശിപ്പിക്കാൻ നമുക്കു കഴിയട്ടെ. അനുഗ്രഹങ്ങളുടെയും പുതുക്കിയ വിശ്വാസത്തിന്റെയും നടുവിൽ നമ്മൾ ഏറ്റവും സ്നേഹിക്കുന്ന ആളുകളുമൊത്തുള്ള അർത്ഥവത്തായ നിമിഷങ്ങളുടെയും നല്ല നാളുകൾ ആശംസിക്കുന്നു.

സഹസ്രാബ്ദങ്ങളായി ഒരു ചെറിയ ഭൗമിക ശരീരത്തിനുള്ളിൽ തന്നെത്തന്നെ ഒതുക്കിയ നമ്മുടെ സ്രഷ്ടാവിന്റെ കഥ പലരും വിവരിച്ചിട്ടുണ്ട്. നിത്യതയിലേക്കുള്ള സമൃദ്ധമായ ജീവിതത്തിന്റെ സൗജന്യ സമ്മാനം നമുക്ക് കൊണ്ടുവന്നപ്പോൾ അവൻ നമ്മോടൊപ്പം മനുഷ്യത്വം പങ്കിട്ടു.

ലൂക്കോസിന്റെ സുവിശേഷത്തിന്റെ രണ്ടാം അദ്ധ്യായം ചരിത്രത്തിന്റെ ഈ ദിവ്യസംഭവത്തിന്റെ മനോഹരമായ ഒരു വിവരണം നല്കുന്നു. "ദാവീദിന്റെ നഗരത്തിൽ ഇന്ന് നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു. അവൻ കർത്താവായ ക്രിസ്തു. ഇത് നിങ്ങൾക്ക് ഒരു അടയാളമായിരിക്കും. തുണികളിൽ പൊതിഞ്ഞ് ഒരു പുൽത്തൊട്ടിയിൽ കിടക്കുന്ന ഒരു കുഞ്ഞിനെ നിങ്ങൾ കാണും."

പെട്ടെന്ന് ദൂതനോടൊപ്പം ഒരുകൂട്ടം സ്വർഗ്ഗീയ സൈന്യം ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ അവൻ പ്രസാദിച്ചവർക്ക് സമാധാനം."

ഈ അനുഗൃഹീത ക്രിസ്മസ് കാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, ദൈവത്തിന്റെ സ്നേഹത്തിന്റെ അത്ഭുതത്താൽ നിങ്ങളുടെ ഹൃദയം നിറയട്ടെ. തിരുവെഴുത്തു പറയുന്നതുപോലെ 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു' (യോഹന്നാൻ 1:14) ആ വിശുദ്ധ നിമിഷത്തിൽ സ്വർഗ്ഗം ഭൂമിയെ സ്പർശിച്ചു. ദൈവത്തിന്റെ നിത്യപ്രകാശം ഇരുട്ടിലൂടെ കടന്ന് എല്ലാ ആളുകൾക്കും പ്രത്യാശ നല്കി.


ലേഖകൻ

ഒരു പുൽത്തൊട്ടിയിൽ കിടന്ന് ലോകത്തിലേക്കു വന്ന അതേ രക്ഷകൻ ഇപ്പോഴും നമ്മുടെ ജീവിതത്തിന്റെ ശാന്തമായ സ്ഥലങ്ങളിലേക്ക്, സൗമ്യമായും വിശ്വസ്തതയോടെയും വരുമെന്ന വാഗ്ദാനത്തിൽ വിശ്വസിക്കാം.

അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ സമാധാനം (ലൂക്കോസ് 2:14) എന്ന് മാലാഖമാർ പ്രഖ്യാപിച്ചതുപോലെ, അവന്റെ സമാധാനം നമ്മുടെ ആത്മാവിൽ ആഴത്തിൽ കുടികൊള്ളട്ടെ. ലോകം നല്കുന്ന സമാധാനമല്ല, മറിച്ച് ക്രിസ്തു തന്നെ വാഗ്ദാനം ചെയ്ത സമാധാനം. (യോഹന്നാൻ 14:27).

ജ്ഞാനികളെ നയിച്ച നക്ഷത്രം, തന്നെ അന്വേഷിക്കുന്നവരെ ദൈവം ഇപ്പോഴും ആത്മാർത്ഥമായ ഹൃദയത്തോടെ നയിക്കുന്നുണ്ടെന്ന് നമ്മുടെ ഓർമ്മയിൽ ഇരിക്കട്ടെ. നമുക്ക് ഇതുവരെ പലതും മനസ്സിലാകാത്തപ്പോഴും ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിക്കാൻ മറിയയുടെ വിശ്വാസം നമ്മെ പ്രചോദിപ്പിക്കട്ടെ. അവളുടെ വാക്കുകൾ ഓർമ്മിക്കുക: ദൈവത്തിന്റെ ഇഷ്ടപ്രകാരം എനിക്ക് അത് സംഭവിക്കട്ടെ (ലൂക്കോസ് 1:38) വഴി അനിശ്ചിതമായിരിക്കുമ്പോൾ പോലും അനുസരണയോടെ നടക്കാൻ യോസേഫിന്റെ ധൈര്യം നമ്മെ പ്രോത്സാഹിപ്പിക്കട്ടെ.

പുൽത്തൊട്ടിയുടെ നിശബ്ദതയിൽ തന്റെ ഏറ്റവും വലിയ ദാനങ്ങൾ പലപ്പോഴും എളിമയുള്ള രൂപങ്ങളിലാണ് വരുന്നതെന്ന് ദൈവം കാണിച്ചുതന്നു. ഒരു നവജാത രക്ഷകന്റെ നിലവിളിയിൽ, ഇരുണ്ട രാത്രിയിലും പ്രത്യാശ ജനിക്കാൻ കഴിയുമെന്ന് അവൻ തെളിയിച്ചു. അതിനാൽ ഈ ക്രിസ്മസ് നിങ്ങളിൽ ഒരു പുതുക്കിയ വിശ്വാസവും ദൈവത്തിന്റെ സാമീപ്യത്തെക്കുറിച്ചുള്ള ആഴത്തിലുള്ള ബോധവും അവന്റെ വാഗ്ദാനങ്ങളിൽ ആത്മവിശ്വാസമുള്ള പ്രത്യാശയും ഉണർത്തട്ടെ. കാരണം ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല (ലൂക്കോസ് 1:37)

പരിശുദ്ധാത്മാവ് നമ്മുടെ വീടുകളിൽ സ്നേഹം, ഐക്യം, അനുകമ്പ എന്നിവ സമൃദ്ധമായി നിറയ്ക്കട്ടെ. യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള സുവിശേഷം കേട്ടപ്പോൾ ഇടയന്മാർ അനുഭവിച്ച സന്തോഷം നമ്മുടെ ദിവസങ്ങളെ സന്തോഷഭരിതമാക്കട്ടെ. രക്ഷകനെ കണ്ടുമുട്ടുന്നതിലൂടെ നിങ്ങളുടെ ജീവിതവും ഇടയന്മാരുടേതുപോലെ രൂപാന്തരപ്പെടട്ടെ.

ദൈവം നമ്മോടൊപ്പമുണ്ടെങ്കിൽ ഇമ്മാനുവേലിന്റെ അത്ഭുതം നാം ആഘോഷിക്കുമ്പോൾ, ഇവന്റെ സാന്നിദ്ധ്യം നമ്മെ നയിച്ചുകൊണ്ട്, അവന്റെ കൃപ നമ്മെ നിലനിർത്തി, ഈ സീസണിലും വരാനിരിക്കുന്ന വർഷത്തിലും അവന്റെ സ്നേഹം നമ്മെ ചുറ്റിപ്പറ്റിയുള്ള അനുഭവങ്ങൾ നിറയ്ക്കട്ടെ.

ഓരോ വർഷവും നമ്മോടൊപ്പമുള്ള ദൈവത്തിന്റെ അദൃശ്യമായ സാന്നിദ്ധ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് കൂടുതൽ അർത്ഥവത്താകുന്നു. തിരുവെഴുത്തുകളാൽ സമ്പന്നവും ദൈവത്തിന്റെ അനുഗ്രഹങ്ങളാൽ നിറഞ്ഞതും ദൈവത്തിന്റെ വിശുദ്ധ അത്ഭുതത്താൽ നിറഞ്ഞതുമായ ഒരു ക്രിസ്മസ് നമുക്ക് പരസ്പരം ആശംസിക്കാം.

# സെ. മേരീസ് ജാക്സൺ ഹൈറ്റ്സ് സൺഡേസ്കൂളിന് മെത്രാപ്പോലീത്തയുടെ അനുമോദനം

ജാക്സൺ ഹൈറ്റ്സ്: സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ സൺഡേസ്കൂൾ ഈ വർഷവും ഏരിയാതല മത്സരങ്ങളിൽ എല്ലാ ഐറ്റങ്ങളിലും സമ്മാനം നേടി. ഭദ്രാസന തലത്തിൽ നടന്ന ക്വിസ് മത്സരങ്ങളിൽ ലഭിച്ച ട്രോഫി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാസ് മാർ നിക്കളോവാസ് ഇടവക വികാരി ഫാ. ജോൺ തോമസിനെ ഏല്പിച്ചു.

എല്ലാ വർഷവും ഏകദേശം ഈ കാലഘട്ടത്തിൽ മെത്രാപ്പോലീത്തായുടെ ഇടവക സന്ദർശനം നടക്കുന്നതിനാൽ കഴിഞ്ഞ നാല് വർഷവും സമ്മാനങ്ങൾ ഭദ്രാസന മെത്രാപ്പോലീത്തയിൽ നിന്നുതന്നെ സ്വീകരിക്കുവാൻ സാധിച്ചതിൽ പ്രിൻസിപ്പൽ ബിജി വർഗീസും വൈസ് പ്രിൻസിപ്പൽ ശില്പാ തര്യനും സന്തോഷം രേഖപ്പെടുത്തി.

സൺഡേസ്കൂൾ അദ്ധ്യാപകരോടൊപ്പം പാഠ്യേതര വിഷയങ്ങൾക്ക് നേതൃത്വം നല്കുന്ന സിന്ധു ഷിബു തോമസ്, അന്നാ ഷാജി, അമൃതാ റോയി, ബ്ലെസ്സി ലിജു മാത്തൻ എന്നിവരും മെത്രാപ്പോലീത്തയുടെ പ്രശംസയ്ക്ക് അർഹരായി.

ഇടവകയിൽ പ്രശംസനീയമായ രീതിയിൽ പ്രവർത്തിക്കുന്ന യൂത്ത് സെക്രട്ടറി ആൽവിൻ സോട്ടർ പ്രത്യേക പാരിതോഷികം മെത്രാപ്പോലീത്തയിൽ നിന്നും ഏറ്റുവാങ്ങി.

ഈ വർഷത്തെ ഫാമിലി കോൺഫറൻസിൽ ഇടവകയുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി ട്രഷറർ ജോൺ താമരവേലിലും സെക്രട്ടറി ഗീവർഗീസ് ജേക്കബും സംസാരിച്ചു. ഇടവക വികാരി ഫാ. ജോൺ തോമസ് ആലുംമൂട്ടിൽ അഭിവന്ദ്യ തിരുമേനിക്ക് നന്ദി പറഞ്ഞു.





# 2026 ഫാമിലി & യൂത്ത് കോൺഫറൻസിന് പുതിയ നേതൃനിര പ്രഖ്യാപിച്ചു

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: 2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയ ലാങ്കസ്റ്റർ വിൻഡം റിസോർട്ടിൽ നടക്കാനിരിക്കുന്ന ഫാമിലി & യൂത്ത് കോൺഫറൻസിനായി നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം പുതുതായി നിയമിച്ച നേതൃത്വ സംഘത്തെ പ്രഖ്യാപിച്ചു.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സക്കറിയ മാർ നിക്കളാവോസ് കോൺഫറൻസിന്റെ ലീഡർഷിപ്പ് ടീമിലേക്ക് താഴെപ്പറയുന്നവരെയും നിയമിച്ചു.

* ഫാ. അലക്സ് കെ. ജോയ്-കോൺഫറൻസ് കോ-ഓർഡിനേറ്റർ (വികാരി, സെ. പോൾസ് ഓർത്തഡോക്സ് ചർച്ച്, ആൽബനി, ന്യൂയോർക്ക്)
* ജെയ്സൺ തോമസ്-കോൺഫറൻസ് സെക്രട്ടറി (സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്, ബ്രോങ്ക്സ് ന്യൂയോർക്ക്)
* ജോൺ താമരവേലിൽ-കോൺഫറൻസ് ട്രഷറർ (സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്, ജാക്സൺ ഹൈറ്റ്സ്, ന്യൂയോർക്ക്)
* ഡോ. റെബേക്ക പോത്തൻ-സുവനീർ എഡിറ്റർ (സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്, സഫേൺ, ന്യൂയോർക്ക്)
* ആശ ജോർജ്-ജോയിന്റ് സെക്രട്ടറി (സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച്, മിഡ്ലാൻഡ് പാർക്ക്, ന്യൂജേഴ്സി)
* റിംഗിൾ ബിജു-ജോയിന്റ് ട്രഷറർ (സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്, ലിൻഡൻ, ന്യൂജേഴ്സി)

സമ്മേളനത്തിന്റെ സുഗമമായ ആസൂത്രണത്തിനും നിർവ്വഹണത്തിനും പിന്തുണ നല്കുന്നതിനായി നിരവധി ഉപസമിതികളും രൂപീകരിക്കുന്നുണ്ട്.

2026 ഫാമിലി & യൂത്ത് കോൺഫറൻസ് ജൂലൈ 15-ന് ബുധനാഴ്ച മുതൽ ജൂലൈ 18 ശനിയാഴ്ച വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ വിൻഡം റിസോർട്ടിൽ നടക്കും. 'കൃപയുടെ പാത്രങ്ങൾ' എന്ന കോൺഫറൻസ് തീം 2 തിമോത്തി 2:20-22 അടിസ്ഥാനമാക്കിയുള്ളതാണ്.

**പ്രധാന പ്രഭാഷകർ:**

* ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത)
* ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയനീഷ്യസ് മൊണാസ്ട്രി)
* ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെ. തോമസ് ഇടവക വികാരി)
* ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം)

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:** ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.



ഫാ. അലക്സ് കെ. ജോയ്



ജെയ്സൺ തോമസ്



ജോൺ താമരവേലിൽ



ആശ ജോർജ്



റിംഗിൾ ബിജു



ഡോ. റെബേക്ക പോത്തൻ

# യുഎസ്എ U-17 വോളിബോൾ താരം ഷോൺ അറയ്ക്കപ്പറമ്പിലിനെ ചിക്കാഗോ സെ. മേരീസ് ഇടവക ആദരിച്ചു

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: യുഎസ്എ U-17 വോളിബോൾ താരം ഷോൺ അറയ്ക്കപ്പറമ്പിലിനെ ചിക്കാഗോ സെന്റ് മേരീസ് ഇടവക ആദരിച്ചു. മൗണ്ട് പ്രോസ്പെക്ടിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയ ഇടവകാംഗവും ഞീഴൂർ അറയ്ക്കപ്പറമ്പിൽ സനീഷ്-അനീറ്റ ദമ്പതികളുടെ മകനുമാണ് യുഎസ്എ U-17 വോളിബോൾ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഷോൺ ജോൺ. നവംബർ 30-ന് ഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് ശേഷം ഇടവക വികാരി ഫാ. സിജു മുടക്കോടിൽ ഷോണിനെയും കുടുംബത്തെയും ഇടവക സമൂഹത്തിന്റെ മുമ്പിൽ അഭിനന്ദിക്കുകയും ഷോണിനെ പോക്കണ്ട നല്കി സ്വീകരിക്കുകയും ചെയ്തു. നവംബർ 18 മുതൽ 23 വരെ നിക്കരാഗ്വയിലെ മനാഗ്വയിൽ നടന്ന NORCECA ബോയ്സ് U-17 കോണ്ടിനെന്റൽ ചാമ്പ്യൻഷിപ്പിൽ അമേരിക്കയെ ഷോൺ പ്രതിനിധീകരിച്ചിരുന്നു.

ചിക്കാഗോ കെസിവൈഎൽ അംഗമായ ഷോൺ ജോണിന്റെ വോളിബോൾ യാത്ര ആരംഭിച്ചത് 2022-ൽ കെസിഎസ് ചിക്കാഗോ ആരംഭിച്ച ബോയിസ് ആൻഡ് ഗേൾസ് ക്യാമ്പിലൂടെയായിരുന്നു. തുടർന്ന് റിവർ ട്രെയിൽസ് മിഡിൽ സ്കൂൾ ടീമിൽ കളിച്ച ഷോൺ ടീമിനെ തുടർച്ചയായി രണ്ട് വർഷം അജയ്യരാക്കി. തുടർന്ന് $7^{th}$ ഗ്രേഡിലും $8^{th}$ ഗ്രേഡിലും സ്കൂളിന് ആദ്യമായി കോൺഫറൻസ് ചാമ്പ്യൻഷിപ്പ് നേടിക്കൊടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുകയും ചെയ്തിരുന്നു.



2023-ൽ ഷോൺ ചിക്കാഗോ പ്രദേശത്തെ പ്രമുഖ വോളിബോൾ ക്ലബുകളിൽ ഒന്നായ Mod Vollyball club, Northbrook-ൽ ചേർന്നു. അവരുടെ എലിറ്റ് ടീമിൽ സ്ഥാനം നേടി. 2025 ജൂലൈയിൽ ഫ്ളോറിഡയിലെ ഒർലാൻഡോയിൽ നടന്ന AAU നാഷണൽ ക്ലബ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയത് അദ്ദേഹത്തിന്റെ ക്ലബ് കരിയറിലെ പ്രധാന നേട്ടങ്ങളിലൊന്നായിരുന്നു. ഹൈസ്കൂൾ തലത്തിലും ഷോൺ മികച്ച പ്രകടനം തുടരുകയും ആർലിംങ്ടൺ ഹൈറ്റ്സിലെ ജോൺ ഹേർസി ഹൈസ്കൂളിലെ ഫസ്റ്റ് ഇയർ വിദ്യാർത്ഥിയായിട്ടും അദ്ദേഹം വാഴ്സിറ്റി ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വെറും പതിനഞ്ചാമത്തെ വയസ്സിൽ ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന കായികതാരമായി വളരാൻ ഷോണിന് സാധിച്ചതിന് ദൈവത്തിന് നന്ദി പറയുന്നതായി വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു.

ടീം സെലക്ഷന് മുന്നോടിയായുള്ള ക്യാമ്പിൽ പങ്കെടുക്കാൻ പോകുന്നതിനു മുമ്പായി, താൻ ചെറുപ്പകാലം മുതൽ സ്ഥിരമായി വന്നിരുന്ന ഇടവക ദേവാലയത്തിലേക്ക് എത്തിയതും വിശ്വാസത്തോടെ പ്രാർത്ഥിച്ച് ഒരുങ്ങി യാത്രയായതും അദ്ദേഹം ഓർമ്മിച്ചു. മുന്നോട്ടുള്ള യാത്രയിൽ സെന്റ് മേരീസ് ഇടവകയുടെ പേരിലുള്ള എല്ലാ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നതായും അദ്ദേഹം അറിയിച്ചു. വികാരി ഫാ. സിജു മുടക്കോടിയിലിനൊപ്പം അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, ഫാ. ജോസഫ് പുതുപ്പറമ്പിൽ, സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പുഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, ട്രഷറർ ജെയിംസ് മന്നാകുളത്തിൽ എന്നിവർ സ്വീകരണത്തിനു ചുക്കാൻപിടിച്ചു.

# ഡാളസിൽ കുട്ടികൾക്കായി മീറ്റ് ആൻഡ് ഗ്രീറ്റ് സാന്റാ പ്രോഗ്രാം

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക ദേവാലയത്തിൽ തിരുബാലസഖ്യത്തിന്റെയും മിഷൻലീഗിന്റെയും നേതൃത്വത്തിൽ കുട്ടികൾക്കായി മീറ്റ് ആൻഡ് ഗ്രീറ്റ് സാന്റാ പ്രോഗ്രാം ഡിസംബർ 14-ന് ഞായറാഴ്ച 12.30-ന് നടത്തപ്പെടുന്നു.

കുട്ടികൾക്കും മാതാപിതാക്കൾക്കും സാന്റായോടൊപ്പം കുടുംബചിത്രത്തിനും ഒപ്പം ഭക്ഷണത്തിനും അവസരം ഒരുക്കുന്നു. കുട്ടികൾക്കായി മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ മത്സരങ്ങളും ക്രമീകരിക്കുന്നതാണ്. ഇതിന്റെ രജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചു.




കുട്ടികൾക്ക് ഒരു പുത്തൻ അനുഭവം ഈ കൂട്ടായ്മ നല്കും എന്ന് മിനിസ്ട്രി എക്സിക്യൂട്ടീവ് അംഗങ്ങളോടൊപ്പം വികാരി ഫാ. ബിൻസ് ചേത്തലിൽ അറിയിച്ചു.


# വേണം, കേരളത്തിലും ഫ്യൂണറൽ ഹോമുകൾ

**പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ**

കേരളത്തിലെ സാമൂഹ്യ സാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. പ്ലസ്ടു വിദ്യാഭ്യാസം കഴിയുമ്പോൾത്തന്നെ ചെറുപ്പക്കാരെല്ലാം വീടും നാടും ഉപേക്ഷിച്ച് പോകാനുള്ള വ്യഗ്രതയിലാണ്. വീടുകളിൽ വൃദ്ധരായ മാതാപിതാക്കൾ മാത്രമുള്ള ഒരിടമായി നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നു. അമേരിക്കയിലേക്കും ഓസ്ട്രേലിയയിലേക്കും യു.കെ.യിലേക്കും നടക്കുന്ന കുടിയേറ്റങ്ങൾ കേരളത്തിലെ സാമൂഹ്യ സാമ്പത്തിക കാർഷിക മേഖലകളെ പലതരത്തിലാണ് സ്വാധീനിക്കുന്നത്. ഒറ്റപ്പെട്ട് ജീവിക്കുന്ന മാതാപിതാക്കളുടെയും, ബന്ധുക്കളുടെയും മരണവും മൃതസംസ്ക്കാരവും പുതിയ സാഹചര്യത്തിൽ ഒട്ടേറെ പ്രായോഗികമായ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്.

കാലത്തിനനുസരിച്ച് മരണാനന്തര ചടങ്ങുകളും രീതികളും പരിഷ്ക്കരിക്കുന്നതിനെക്കുറിച്ച് കേരളീയ സാഹചര്യത്തിൽ ചർച്ച ചെയ്യപ്പെടേണ്ട കാലമായിരിക്കുന്നു. ഫ്യൂണറൽ ഹോമുകളുടെ കേരളത്തിലെ പ്രസക്തി വർദ്ധിച്ചുവരുന്ന ഒരു സാമൂഹ്യ സാഹചര്യമാണ് ഇവിടെ ഉള്ളത്. വിദേശ രാജ്യങ്ങളിലെ ഫ്യൂണറൽ ഹോമുകളുടെ സേവനമാതൃകകൾ കേരളത്തിൽ നടപ്പിലാക്കുവാൻ സമയമായിരിക്കുന്നു.

മരണം സ്ഥിരീകരിക്കപ്പെട്ടുകഴിഞ്ഞാൽ നിയമാനുസൃത രേഖകളോടെ മൃതദേഹം ഫ്യൂണറൽ ഹോമിന്റെ പ്രതിനിധികൾ ഏറ്റുവാങ്ങുകയും അവരുടെ ഉത്തരവാദിത്വത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മോർച്ചറിയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. വേക്ക് സർവ്വീസ് ആവശ്യമുണ്ടെങ്കിൽ തീയതിയും സമയവും അറിയിച്ചാൽ അവർ തന്നെ പേടകത്തിലാക്കിയ മൃതദേഹം പുഷ്പാലംകൃതമായി അവരുടെ ഓഡിറ്റോറിയത്തിൽ പ്രത്യേക വേദിയിൽ സ്ഥാപിക്കുന്നു. വീട്ടുകാർക്കും ബന്ധുക്കൾക്കും മിത്രങ്ങൾക്കും അവിടെ പോയി ആദരാഞ്ജലികൾ അർപ്പിക്കുവാനും അനുസ്മരണ പ്രസംഗങ്ങൾ നടത്തുവാനും അവസരമൊരുക്കുന്നു.



ലേഖകൻ

ചടങ്ങിനുശേഷം വരുന്നവർക്കെല്ലാം ലഘുഭക്ഷണവും അവർ തന്നെ ക്രമീകരിക്കുന്നു. ആവശ്യത്തിന് പാർക്കിംഗ് സൗകര്യമുള്ളതിനാൽ വാഹനങ്ങളിൽ എത്തുന്നവർക്ക് യാതൊരു ബുദ്ധിമുട്ടുകളും ഇല്ല. മൈക്ക് സെറ്റ്, പോഡിയം, ഇരിപ്പിടങ്ങൾ, വോളന്റിയേഴ്സ് ഇവയെല്ലാം ഫ്യൂണറൽ ഹോംസ് ഏജൻസി തന്നെ ഒരുക്കുന്നതിനാൽ വളരെ മാന്യവും പരിഷ്കൃതവുമായ രീതികളിലുള്ള ക്രമീകരണങ്ങൾക്ക് യാതൊരു പ്രയാസവുമില്ല. പള്ളിയിൽ സംസ്ക്കാരത്തിനുള്ള ക്രമീകരണങ്ങളും ഏജൻസി തന്നെയാണ് ഒരുക്കുന്നത്. വിലാപയാത്രയ്ക്കുള്ള വാഹനങ്ങൾ, മൃതദേഹപേടകം വഹിക്കാനുള്ള വോളന്റിയേഴ്സ് ഇതെല്ലാം അവരുടെ ഉത്തരവാദിത്തമാണ്. കല്ലറയിലേക്കോ വോൾട്ടിലേക്കോ കുഴിയിലേക്കോ മൃതദേഹ പേടകം സുരക്ഷിതമായി സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്തവും അവർ ഏറ്റെടുക്കുന്നു.

കേരളത്തിലും ഇതനുകരിക്കാവുന്ന മാതൃകയാണെന്ന് തോന്നുന്നു. വീടുകളിൽ പന്തൽ ഇടുന്നതും മറ്റ് ക്രമീകരണങ്ങൾ നടത്തുന്നതിനുമൊക്കെ ധാരാളം പ്രായോഗിക പ്രശ്നങ്ങളുണ്ട്. മക്കളുടെയും സഹോദരങ്ങളുടെയും വേണ്ടപ്പെട്ടവരുടെയും അസാന്നിധ്യമാണ് ഏറ്റവും ഗൗരവമേറിയ പ്രശ്നം. എല്ലാവരും സ്വന്തം വാഹനങ്ങളിലെത്തുന്നതുകൊണ്ട് പാർക്കിംഗ് വളരെ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് പലരും ഇപ്പോൾ പള്ളികളിലെ ഹാളുകളിലേക്ക് പൊതുദർശനവും ചടങ്ങുകളും മാറ്റുന്നത് അനുകരണീയമായ മാതൃകയാണ്. പള്ളികളിലും സ്ഥാപനങ്ങളിലും പാർക്കിംഗിനുള്ള നല്ല സൗകര്യങ്ങളും ഉണ്ടല്ലോ. വീടു കണ്ടുപിടിക്കാൻ വിഷമിക്കാതെ, പാർക്കിംഗ് അന്വേഷിച്ച് ബുദ്ധിമുട്ടാതെ എല്ലാവർക്കും സൗകര്യപ്രദമായ പള്ളിയും പശ്ചാത്തലവും ഏറ്റവും ഉചിതമാണ്.

ഹാളിൽ സന്ദർശിക്കാൻ വരുന്നവർക്ക് വീട്ടുകാരുടെ അനുവാദത്തോടുകൂടി ചെറിയ അനുസ്മരണ പ്രസംഗത്തിനുള്ള അവസരം ഒരുക്കുന്നതും അഭികാമ്യമാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് സഭാധികാരികളും സാമുദായിക നേതാക്കളും ചിന്തിക്കാനും പ്രവർത്തിക്കാനും സമയമായി എന്ന് തോന്നുന്നു.

# സെ. മേരീസ് ക്നാനായ ഇടവകയിൽ നാല്പതു മണിക്കൂർ ആരാധന നടത്തി

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നടത്തപ്പെട്ട നാല്പതു മണിക്കൂർ ആരാധന ഭക്തിനിർഭരമായി സമാപിച്ചു. നവംബർ 28-ന് വെള്ളിയാഴ്ച വൈകിട്ട് ആറു മണിക്ക് ദിവ്യബലിയോടു കൂടി ആരംഭിച്ച് നവംബർ 30



-ന് ഞായറാഴ്ച ഉച്ചയോടു കൂടിയാണ് നാല്പതു മണിക്കൂർ ആരാധനയുടെ തിരുക്കർമ്മങ്ങൾ സമാപിച്ചത്.

കോട്ടയം അതിരൂപതയിലെ വല്ലംബ്രോസൻ സന്യാസസമൂഹത്തിലെ ഫാ. ജോബി പന്നൂറയിൽ, ഫാ. സാബു വെള്ളരിമറ്റം, ഫാ. ജോസഫ് പുതുപ്പറമ്പിൽ എന്നിവർ മൂന്നു ദിവസങ്ങളിലെ വിവിധ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വിവിധ കൂടാരയോഗങ്ങളും മിനിസ്ട്രികളും രാത്രിയും പകലും നീണ്ടുനിന്ന തുടർച്ചയായ ആരാധനയിൽ പങ്കാളികളായി.

യുവതീയുവാക്കൾക്കായി പ്രത്യേകം സംഘടിപ്പിച്ച ആരാധനയ്ക്ക് ഫാ. മെൽവിൻ മംഗലത്ത് നേതൃത്വം നല്കി. ഞായറാഴ്ച ഉച്ചയ്ക്ക് നടത്തപ്പെട്ട ദിവ്യകാരുണ്യ പ്രദക്ഷിണത്തോടെയാണ് നാല്പതു മണിക്കൂർ ആരാധന സമാപിച്ചത്. വികാരി ഫാ. സിജു മുടക്കോടിയിലിനൊപ്പം അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, ട്രഷറർ ജെയിംസ് മന്നാകുളത്തിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

# ചിക്കാഗോ ലാറ്റിൻ കാത്തലിക് കമ്യൂണിറ്റി ക്രിസ്മസ് ആഘോഷം ഡിസംബർ 13-ന്

ചിക്കാഗോ: ചിക്കാഗോ ലാറ്റിൻ കാത്തലിക് കമ്യൂണിറ്റിയുടെ 41st Year ക്രിസ്മസ് ആഘോഷം ഡിസംബർ 13-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് Mary Queen of Heaven Church, 426 N. West Ave, Elmhurst, Illinois-60126-ൽ വെച്ച് ആഘോഷിക്കുന്നു.

ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് (12-13-25) വിശുദ്ധ കുർബാന ആരംഭിക്കുകയും തുടർന്ന് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ച് സാന്റായെ വരവേല്പും ക്രിസ്മസ് കരോളും കലാപരിപാടികളും ക്രിസ്മസ് വിരുന്നും ഉണ്ടായിരിക്കും.



ഈ അവസരത്തിൽ വളരെ സന്തോഷത്തോടും നന്ദിയോടും രേഖപ്പെടുത്തുകയാണ് 41 വർഷം മുമ്പ് ഡിസംബർ 8 1984-ൽ ചിക്കാഗോയിലെ അതിപുരാതനവും ഹിസ്റ്റോറിക്കൽ ലാൻഡ് മാർക്ക് ചർച്ചുമായ ഓൾഡ് സെന്റ്. പാട്രിക് ചർച്ചിൽ ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ സ്പിരിചൽ ലീഡർഷിപ്പിൽ ചിക്കാഗോ കേരള റോമൻ ലാറ്റിൻ കാത്തലിക് കമ്യൂണിറ്റിക്ക് തുടക്കം കുറിച്ച് വിശുദ്ധ കുർബാനയും ക്രിസ്മസ് ആഘോഷവും നടത്തി.

ഈ വർഷത്തെ ക്രിസ്മസ് കുർബാന, അതിനു ശേഷമുള്ള ക്രിസ്മസ് കേക്ക് ആൻഡ് വൈൻ, ഡിന്നർ തുടങ്ങിയ എല്ലാ ആഘോഷപരിപാടികളിലേക്കും നിങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

With Love And Christmas Wishes,

Herald Figueiredo, President, Chicago Latin Catholic Community, 630-400-1172

# അമേരിക്കൻ എച്ച് 1 ബി, എച്ച് 4 വിസ: അപേക്ഷകർ സാമൂഹികമാധ്യമ അക്കൗണ്ട് പരസ്യമാക്കണം

ന്യൂയോർക്ക്: തൊഴിൽ വിസയായ എച്ച് 1 ബിക്ക് അപേക്ഷിക്കുന്നവരും എച്ച് 4 വിസയ്ക്ക് അപേക്ഷിക്കുന്ന അവരുടെ ആശ്രിതരും സാമൂഹികമാധ്യമ അക്കൗണ്ടുകൾ ആർക്കും കാണാവുന്ന വിധത്തിൽ പരസ്യമാക്കണം (പബ്ലിക്) എന്ന് യുഎസ് സർക്കാർ നിഷ്കർഷിച്ചു. അപേക്ഷകരുടെ സാമൂഹികമാധ്യമ ഇടപെടലുകൾ അവലോകനം ചെയ്യുന്നതിനുവേണ്ടിയാണിത്. ഈ മാസം 15 മുതൽ അവലോകനം ആരംഭിക്കുമെന്ന് യുഎസ് വിദേശകാര്യ വകുപ്പ് ഡിസംബർ മൂന്നിന് ഇറക്കിയ ഉത്തരവിൽ അറിയിച്ചു.

വിദ്യാർത്ഥികൾ, രാജ്യങ്ങൾ തമ്മിലുള്ള സാംസ്കാരിക-വിദ്യാഭ്യാസ വിനിമയത്തിന്റെ ഭാഗമായി യുഎസിലെത്തുന്നവർ എന്നിവരുടെ സാമൂഹികമാധ്യമ അക്കൗണ്ടുകളുടെ അവലോകനം മുൻപേ നിർബന്ധമാക്കിയിരുന്നു. അത് എച്ച് 1 ബി, എച്ച് 4 എന്നിവയ്ക്കു കൂടി ബാധകമാക്കുകയാണ് ചെയ്തത്.

യുഎസ് വിസ ഒരു സവിശേഷ ആനുകൂല്യമാണെന്നും അവകാശമല്ലെന്നും വിദേശകാര്യവകുപ്പ് പറഞ്ഞു. അതിനാൽ യുഎസിന്റെ സുരക്ഷയ്ക്കും ജനങ്ങളുടെ ഭദ്രതയ്ക്കും ഭീഷണി ഉയർത്തുന്നവരോ രാജ്യത്ത് പ്രവേശിപ്പിക്കാൻ കൊള്ളാത്തവരോ ആയ വ്യക്തികളെ തിരിച്ചറിഞ്ഞ് ഒഴിവാക്കാൻ സാധ്യമായ എല്ലാ വിവരങ്ങളും ഉപയോഗിക്കുമെന്ന് വകുപ്പ് വ്യക്തമാക്കി. യുഎസ് വിസ ലഭിക്കാനുള്ള യോഗ്യത എല്ലാ അപേക്ഷകരും സത്യസന്ധമായി വ്യക്തമാക്കണമെന്നും വിസയ്ക്കുള്ള എല്ലാ നിബന്ധനകളും അനുസരിക്കണമെന്നുമുള്ള നിർദേശവുമുണ്ട്. കുടിയേറ്റ ചട്ടങ്ങൾ ശക്തമാക്കാൻ ട്രംപ് സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ ഏറ്റവും പുതിയതാണ് ഉത്തരവ്.

യുഎസിലെ ഐടി കമ്പനികൾ വിദേശത്തുനിന്നുള്ള വിദഗ്ധരെ നിശ്ചിതകാലത്തേക്ക് ജോലിക്കെത്തിക്കുന്നതിന് ഉപയോഗിക്കുന്ന വിസയാണ് എച്ച് 1 ബി. ഇന്ത്യക്കാർ കാര്യമായി ഉപയോഗപ്പെടുത്തുന്ന വിസയുമാണ്.


പുതുതായി എച്ച് 1 ബി വിസയ്ക്ക് അപേക്ഷിക്കാനുള്ള ഫീസ് യുഎസ് പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് സെപ്റ്റംബറിൽ ഒരുലക്ഷം ഡോളറായി (ഏകദേശം 89 ലക്ഷം രൂപ) ഉയർത്തിയിരുന്നു. ആശങ്കയുളവാക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ യുഎസ് ഉൾപ്പെടുത്തിയിരിക്കുന്ന 19 രാജ്യങ്ങളിൽനിന്നുള്ളവരുടെ കുടിയേറ്റ അപേക്ഷകൾ പരിഗണിക്കുന്നത് കഴിഞ്ഞമാസം നിർത്തിവെക്കുകയും ചെയ്തിരുന്നു. വാഷിങ്ടണിൽ വൈറ്റ്ഹൗസിനടുത്ത് രണ്ട് നാഷണൽ ഗാർഡ് സൈനികരെ അഫ്ഗാനിസ്താനിൽനിന്നു കുടിയേറിയ വ്യക്തി വെടിവെച്ചതിന്റെ പശ്ചാത്തലത്തിലായിരുന്നു ഈ നടപടി.

# ചിക്കാഗോ ഫ്രണ്ട്സ് ക്ലബിന് നവനേതൃത്വം; സുദീപ് മാക്കീൽ പ്രസിഡണ്ട്

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി 2015 മുതൽ പ്രവർത്തനമാരംഭിച്ച ചിക്കാഗോ ഫ്രണ്ട്സ് ക്ലബിന്റെ 2026-2027 വർഷങ്ങളിലേക്കുള്ള പുതിയ ഭരണസമിതി നിലവിൽ വന്നു. സുദീപ് (ജേക്കബ്) മാക്കീൽ (പ്രസിഡണ്ട്), വിന്നി ചെറിയത്തിൽ (വൈസ് പ്രസിഡണ്ട്), ബിജോ സി. മാണി (സെക്രട്ടറി), ജെസ്ബിൻ മരങ്ങാട്ടിൽ (ട്രഷറർ), അനീഷ് കാരാപ്പിള്ളിൽ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് ഭാരവാഹികൾ. ചിക്കാഗോയിലെ സാമൂഹിക, സാംസ്കാരിക മേഖലകളിൽ തങ്ങളുടേതായ സംഭാവനകൾ നല്കുവാൻ നാളിതുവരെ ചിക്കാഗോ ഫ്രണ്ട്സ് ക്ലബിന് സാധിച്ചിട്ടുണ്ട്. വിദേശത്തും സ്വദേശത്തും കഷ്ടത അനുഭവിക്കുന്ന മലയാളി സഹോദരങ്ങൾക്ക് സഹായകമാകുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കിക്കൊണ്ടുള്ള കർമ്മപദ്ധതികൾക്ക് പുതിയ ഭരണസമിതി കൂടുതൽ മുൻഗണന നല്കുമെന്ന് നിയുക്ത പ്രസിഡണ്ട് സുദീപ് മാക്കീൽ പറഞ്ഞു.


സുദീപ് മാക്കീൽ (പ്രസിഡണ്ട്)


വിന്നി ചെറിയത്തിൽ (വൈസ് പ്രസിഡണ്ട്)


ബിജോ സി. മാണി (സെക്രട്ടറി)


ജെസ്ബിൻ മരങ്ങാട്ടിൽ (ട്രഷറർ)


അനീഷ് കാരാപ്പിള്ളിൽ (ജോയിന്റ് സെക്രട്ടറി)

# മിഡ്ലാൻഡ് പാർക്ക് സെയിന്റ് സ്റ്റീഫൻസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ കിക്കോഫിന് തുടക്കം

**ഉമ്മൻ കാപ്പിൽ**

ന്യൂജേഴ്സി: ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ മിഡ്ലാൻഡ് പാർക്ക് സെയിന്റ് സ്റ്റീഫൻസ് ഇടവകയിൽ ആവേശത്തോടെ ആരംഭിച്ചു.



മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരുസംഘം നവംബർ 30-ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി സന്ദർശിച്ചു.





സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന വൈദികൻ ഡോ. കെ.ജി. ഫിലിപ്പോസ് കോർ എപ്പിസ്കോപ്പ, ഇടവക വികാരി ഫാ. ഡോ. ബാബു കെ. മാത്യുവിന്റെ സഹായത്തോടെ നയിച്ച വിശുദ്ധ കുർബാനയ്ക്കുശേഷം 2026-ലെ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ ആരംഭിക്കുന്നതിനായി ഒരു പൊതുയോഗം നടന്നു.

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ), റിംഗിൾ ബിജു (ജോയിന്റ് ട്രഷറർ), ആശ ജോർജ് (ജോയിന്റ് സെക്രട്ടറി), റെബേക്ക പോത്തൻ (സുവനീർ ചീഫ് എഡിറ്റർ), മാത്യു ജോഷ്വ (ഫിനാൻസ് കമ്മിറ്റി അംഗം & മുൻ കോൺഫറൻസ് ട്രഷറർ), സണ്ണി വർഗീസ് (ഫിനാൻസ് കമ്മിറ്റി അംഗം) എന്നിവർ കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നു.

ജോൺ താമരവേലിൽ കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി. ആശ ജോർജ് കോൺഫറൻസ് സ്ഥലം, തീയതി, തീം, പ്രസംഗകർ എന്നിവ അവതരിപ്പിച്ചു. ഫാമിലി & യൂത്ത് കോൺഫറൻസിന്റെ ദൗത്യവും ദർശനവും എടുത്തുകാട്ടി. കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷത്തെ രജിസ്ട്രേഷൻ നിരക്കുകൾ കുറവാണെന്നും ആശ ഓർമ്മിപ്പിച്ചു.

കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിന് ലഭ്യമായ സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ റിംഗിൾ ബിജു പങ്കുവെച്ചു. റാഫിളിന്റെ വിശദാംശങ്ങളും ആകർഷകമായ സമ്മാനങ്ങളും മാത്യു ജോഷ്വ അവലോകനം ചെയ്തു.

കോൺഫറൻസ് സുവനീറിന്റെ ഒരു അവലോകനം റെബേക്ക പോത്തൻ നല്കി. സൈറ്റ് & സൗണ്ട് തിയേറ്ററിന്റെ 'ജോഷ്വ' കാണുവാനുള്ള ഓപ്ഷണൽ യാത്രയും റെബേക്ക വിശദീകരിച്ചു. കൂടാതെ കോൺഫറൻസിൽ പങ്കെടുക്കുന്നവർക്കായി ട്രൈസ്റ്റേറ്റ് ഏരിയയിൽ നിന്ന് ഒരു ചാർട്ടേഡ് ബസ് സർവീസ് ആസൂത്രണം ചെയ്യുന്നുണ്ടെന്നും അവർ പറഞ്ഞു.

സ്പോൺസർഷിപ്പുകൾ, സുവനീർ പരസ്യങ്ങൾ, റാഫിൾ ടിക്കറ്റ്, രജിസ്ട്രേഷനുകൾ എന്നിവയിലൂടെ കോൺഫറൻസിനെ പിന്തുണയ്ക്കാൻ പ്രതിജ്ഞാബദ്ധരായ ഇടവകാംഗങ്ങളുടെ പേരുകൾ സണ്ണി വർഗീസ് വായിച്ചു.

മുൻവർഷങ്ങളിലെ മാതൃകാപരമായ പിന്തുണയ്ക്കും സ്പോൺസർഷിപ്പുകളിലൂടെയും രജിസ്ട്രേഷനുകളിലൂടെയും ഈ വർഷത്തെ പ്രതിബദ്ധതകൾക്കും ജോൺ താമരവേലിൽ വികാരിക്കും ഇടവക അംഗങ്ങൾക്കും നന്ദി പറഞ്ഞു. ഫാ. ഡോ. ബാബു കെ. മാത്യു കോൺഫറൻസ് ടീമിന്റെ സന്ദർശനത്തിന് നന്ദി രേഖപ്പെടുത്തുകയും ഇടവകാംഗങ്ങളെ കോൺഫറൻസിൽ സജീവമായി പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

മുമ്പ് ഭദ്രാസന സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ള ഡോ. കെ.ജി. ഫിലിപ്പോസ് കോർ എപ്പിസ്കോപ്പ, കോൺഫറൻസിന്റെ പങ്കാളിത്തം അഭ്യർത്ഥിക്കുകയും വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു.

2026 ഫാമിലി & യൂത്ത് കോൺഫറൻസ് ജൂലൈ 15-ന് ബുധനാഴ്ച മുതൽ 18-ന് ശനിയാഴ്ച വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ വിൻധം റിസോർട്ടിൽ നടക്കും. 'കൃപയുടെ പാത്രങ്ങൾ' എന്ന കോൺഫറൻസ് തീം 2 തിമോത്തി 2:20-22 അടിസ്ഥാനമാക്കിയുള്ളതാണ്.

പ്രധാന പ്രഭാഷകർ: ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം).

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.



# പ്രതിനായകൻ

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം



അനു ചന്ദ്ര


**'ഞാ**ൻ നായകനാണ്. പക്ഷേ, പ്രതിനായകനാണ്'; കളങ്കാവൽ സിനിമയിലെ തന്റെ കഥാപാത്രത്തെ പറ്റി മമ്മൂക്ക പറഞ്ഞ ഈ വാക്കുകൾ കേട്ടപ്പോൾ എനിക്ക് വല്ലാത്തൊരു കോരിത്തരിപ്പ് തോന്നി. ഒരു നടൻ ആയ മമ്മൂക്ക പ്രതിനായകനാവാൻ ഇറങ്ങിപുറപ്പെടുക എന്നാൽ, ഉറപ്പായും ഒരു നടനെന്ന നിലയ്ക്കുള്ള ആദ്ദേഹത്തിനുള്ള ധൈര്യം അത്രക്ക് വലുത് തന്നെയാണ് എന്നാണർത്ഥം.

മമ്മൂക്കയുടേതായി ഞാൻ കണ്ട ഏറ്റവും മികച്ച പ്രതിനായക വേഷം വിധേയനിലെ ഭാസ്കര പട്ടേലർ ആണ്. പട്ടേലർക്ക് യജമാനൻ ഗർവ് വേണം, സ്ത്രീലമ്പടന്റെ കാമാതുരത വേണം, ദുർന്നടപ്പുകാരന്റെ അപകർഷതാബോധം വേണം, സമൂഹത്തോടുള്ള ഒളിച്ചുവെച്ച ഭയം വേണം, വേട്ടക്കാരന്റെ കൊതി വേണം.










ഈ ഭാവങ്ങളെല്ലാം രൂക്ഷമാക്കിയ മമ്മൂട്ടിയുടെ അഭിനയം അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുന്ന ഒന്നുതന്നെയാണ്.

പണ്ട് വിധേയൻ ന്യൂയോർക്കിൽ പ്രദർശിപ്പിച്ചപ്പോൾ ഒരു പ്രശസ്ത സിനിമ നിരൂപക പറഞ്ഞത് മമ്മൂട്ടിയുടെ പട്ടേലർക്ക് ഹിറ്റ്ലറുടെ ഛായയുണ്ടെന്നാണ്. അതായത് അത്യന്തം ക്രൂരനും നിഷ്ഠൂരനും ആയിരുന്ന ഹിറ്റ്ലറിനോട് ആണ് പട്ടേലരെ ഉപമിച്ചതെങ്കിൽ ആ കഥാപാത്രത്തിന് ചുറ്റുമുള്ള ഓറയുടെ ഇന്റൻസിറ്റിയാണ് അതുകൊണ്ടർത്ഥമാക്കുന്നത്. വിധേയന് ശേഷവും എത്രയെത്ര പ്രതിനായക വേഷങ്ങൾ.

മുരിക്കിൻകുന്നത്ത് അഹമ്മദ് ഹാജി, ക്യാപ്റ്റൻ തോമസ്., സി.കെ. രാഘവൻ.. കുട്ടൻ, ഡോ. അലക്സാണ്ടർ ജോസഫ്, ലൂക്ക് ആന്റണി, കൊടുമൺ പോറ്റിയും ചാത്തനും..

ഇപ്പോഴിതാ കളങ്കാവലിലൂടെയും മറ്റൊരു പ്രതിനായകവേഷം ചെയ്യുന്നു. 'ഈ സിനിമയിൽ ഞാൻ ചെയ്യുന്ന കഥാപാത്രം ഒരുപക്ഷേ, നിങ്ങൾക്ക് സ്നേഹിക്കാനോ ഇഷ്ടപ്പെടാനോ വളരെ ബുദ്ധിമുട്ടാണ്. പക്ഷേ സിനിമ കണ്ടുപോകുമ്പോൾ ഈ കഥാപാത്രം തിയറ്ററിൽ ഉപേക്ഷിച്ചിട്ട് പോകാൻ പറ്റില്ല.' - എന്നാണ് മമ്മൂട്ടി കളങ്കാവലിലെ കഥാപാത്രത്തെ കുറിച്ച് പറഞ്ഞത്. അത് ഹിറ്റ്ലറിനോളം ക്രൂരമായ ഇന്റൻസിറ്റിയിൽ എത്തുന്ന കഥാപാത്രമാവുമോ എന്നൊന്നും ചിന്തിക്കേണ്ടതില്ല. കാരണം കുറ്റങ്ങളും ക്രൂരതയും മനുഷ്യന്റെ ഇരുണ്ട കോണുകളുമൊക്കെ എത്രത്തോളം വിശ്വസനീയമായി, നിഷ്ഠൂരമായി ചെയ്യാൻ പറ്റുമോ അത്രത്തോളം വിശ്വസനീയമായി, നിഷ്ഠൂരമായി തന്നെ മമ്മൂക്ക ചെയ്യുമെന്ന് 101% ഉറപ്പാണ്.

അപ്പോൾ പിന്നെ ആ ഉറപ്പുള്ള കളങ്കാവൽ കാണുക ആസ്വദിക്കുക എന്നത് മാത്രമാണ് നമ്മുടെ ദൗത്യം.



## അനുസ്മരണം:

# സനൽ പോറ്റി: ഏറെ പ്രിയങ്കരനായ സുഹൃത്ത്



കല്ലറ ഗോപൻ

**സ**നൽ പോറ്റി. ഏറെ പ്രിയങ്കരനായ സുഹൃത്ത്, സഹോദര തുല്യൻ, സംഗീതജ്ഞൻ, അവതാരകൻ, നല്ല സംഘാടകൻ തുടങ്ങി അനേകം വിശേഷണങ്ങൾക്കർഹൻ. ശ്രീ സ്വാതിതിരുനാൾ സംഗീത കോളജിൽ വെച്ചാണ് ഞാനാദ്യമായ് സനലിനെ പരിചയപ്പെടുന്നത്. ജന്മസിദ്ധമായ സംഗീതാഭിരുചിയാൽ സനൽ സംഗീത കോളജിൽ പഠിക്കാനെത്തി. പഠിച്ചു കൊണ്ടിരിക്കുന്ന കാലത്ത് തന്നെ ആകാശവാണിയുമായും ദൂരദർശനുമായുമൊക്കെ ബന്ധം പുലർത്തുകയും അതുവഴി ഒരു അവതാരകൻ എന്ന പ്രശസ്തി നേടുകയും ചെയ്തു. യുഎഇയിലെ പ്രശസ്തമായ ഉം അൽ ഖ്വായിൻ റേഡിയോ, ഏഷ്യനെറ്റ് തുടങ്ങി അനേകം ടി വി ചാനലുകളിലൂടെയും അദ്ദേഹം നിരന്തരം നമ്മുടെ മുന്നിൽ തെളിഞ്ഞു കൊണ്ടേയിരുന്നു.

പിൽക്കാലത്ത് ജീവൻ ടി വിയിലെ ചീഫ് പ്രൊഡ്യൂസർ ആയി പ്രവർത്തിക്കുന്ന കാലത്താണ് സനൽ 'സാന്ദ്രലയം' എന്ന പേരിൽ ലളിതഗാനങ്ങൾക്ക് വേണ്ടി ഒരു പ്രോഗ്രാം ആരംഭിക്കുന്നത്. അക്കാലത്ത് ഈ പരിപാടി ജനശ്രദ്ധ നേടിയിരുന്നു. ഇതിന്റെ അവതാരകനായി സനൽ ക്ഷണിക്കുന്നത് ഒരു പാട്ടുകാരൻ മാത്രമായ എന്നെയായിരുന്നു. ഒരു അവതാരകൻ എന്ന നിലയിൽ ഞാനൊട്ടും ശോഭിക്കില്ല എന്നതൊന്നും സനലിന് ഒരു വിഷയമേ ആയിരുന്നില്ല. ഗാനസംബന്ധിയായ പരിപാടി ആയതിനാൽ പാട്ടുകൾ പാടി കഷ്ടിച്ച് ഞാൻ രക്ഷപെട്ടു. പക്ഷെ അതെനിക്കൊരു അനുഭവമായിരുന്നു. പിൽക്കാലത്ത് ജീവൻ ടി വി യിലെ വളരെ പ്രശസ്തമായിരുന്ന 'ശുഭരാത്രി' എന്ന പരിപാടിയുടെ അവതാരകനായി ദീർഘനാൾ പ്രവർത്തിക്കുവാൻ എനിക്ക് കഴിഞ്ഞു. അതുവഴി സംഗീതരംഗത്ത് എനിക്കേറെ ജനശ്രദ്ധ നേടാനായി. അതിനൊരു നിമിത്തമായത് എന്റെ പ്രിയസുഹൃത്ത് സനൽ പോറ്റിയാണ് എന്നത് എനിക്കൊരിക്കലും മറക്കാനാവില്ല.

ഇത്ര പെട്ടെന്ന് സനൽ നമ്മെ പിരിയും എന്നു കരുതിയില്ല. പ്രണാമം.

കേരളാ എക്സ്പ്രസ് വാരാന്ത്യം

# കെ.സി.സി.എൻ.എ. 2026 കൺവൻഷനിലേക്ക് സ്വാഗതം

# ജെയിംസ് ഇല്ലിക്കൽ



ജോസ് കണിയാലി



**ക്നാ**നായ സമൂഹം ആവേശത്തോടെ കാത്തിരിക്കുകയാണ്... ഏറ്റവും വലിയ ഒത്തുചേരലിനു വേണ്ടി... പുതു ചരിത്രം എഴുതുന്ന മഹാ സമ്മേളനത്തിന് വേണ്ടി... അമേരിക്കയിലെ കേരളം എന്നറിയപ്പെടുന്ന ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡേലിൽ 2026 ഓഗസ്റ്റിൽ നടക്കുന്ന കെസിസിഎൻഎയുടെ കൺവൻഷനു വേണ്ടി ക്ഷമയോടെ നാളുകൾ എണ്ണി കഴിയുകയാണ് ക്നാനായ സമൂഹം. പ്രവാസി മലയാളികളുടെ ഏറ്റവും വലിയ ശ്രദ്ധാകേന്ദ്രമായി മാറിയ ഈ മഹാസമ്മേളനം പണിപ്പുരയിൽ അലങ്കരിക്കപ്പെടുമ്പോൾ കെ.സി.സി.എൻ.എ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലും സംഘവും പ്രവർത്തനനിരതരാകുന്നു. നിരവധി സമ്മേളനങ്ങൾക്ക് നേതൃത്വം നൽകിയ ജെയിംസ് ഇല്ലിക്കൽ വ്യക്തമായ പ്ലാനോടുകൂടിയാണ് ഈ ചരിത്ര മാമാങ്കത്തെ സമീപിക്കുന്നത്. 2026 ഓഗസ്റ്റ് 6 മുതൽ 10 വരെ മയാമിയിലെ ഫോർട്ട് ലോഡർഡേലിൽ നടക്കുന്ന കൺവൻഷനിൽ ആഡംബര സൗകര്യങ്ങളോടെയും ആധുനിക സജ്ജീകരണങ്ങളാടെയുമാണ് ഒരുക്കങ്ങൾ നടക്കുന്നത്.

മയാമി യൂണിറ്റും ടാമ്പാ യൂണിറ്റും തമ്മിൽ ഒത്തുചേർന്ന് ഈ കൺവൻഷന് ആതിഥ്യമരുളുന്നു എന്നതാണ് ഈ ഉത്സവത്തെ വ്യത്യസ്തമാക്കുന്ന ഒരു ഘടകം. സാധാരണയായി ജൂലൈയിൽ നടത്തപ്പെടുന്ന കൺവൻഷൻ അമേരിക്കയിൽ വേൾഡ് കപ്പ് വരുന്നതിനാൽ ഹോട്ടലുകൾ ബുക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഓഗസ്റ്റിലേക്ക് മാറ്റപ്പെട്ടതാണ് മയാമിയുമായുള്ള ഒത്തുചേരലിന് തുടക്കം കുറിച്ചത്. അങ്ങനെ ഹോട്ടലും കൺവൻഷൻ സെന്ററും മയാമിയുടെ പ്രദേശത്ത് വരുന്നതുകൊണ്ടുതന്നെ രണ്ട് യൂണിറ്റുകളും കൈകോർത്ത് കൺവൻഷനെ വൈവിധ്യമാക്കാൻ തീരുമാനിച്ചു. ഇതിനായി ടാമ്പയിൽ നിന്നുള്ള കൺവൻഷൻ ചെയർപേഴ്സൺ ജോബി ഊരാളിൽ, മയാമിയിൽ നിന്നുള്ള കോ-ചെയർപേഴ്സൺ സിബി ചാണശ്ശേരിൽ കൂടാതെ 6 കൺവീനർമാരും, 48 കമ്മിറ്റികളും പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു.

നിരവധി പ്രോഗ്രാമുകളും, കലാപരിപാടികളും സംഘടിപ്പിച്ച് മികവ് തെളിയിച്ച യുവജനങ്ങളുടെ പിന്തുണ കൺവൻഷന് ഇരട്ടിമധുരം നൽകുന്നു. വരുംകാലങ്ങളിൽ സംഘടനയെ മുന്നോട്ടു നയിക്കേണ്ടവർ എന്ന നിലയിൽ യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക എന്നതാണ് നയം. ഓരോ വിഭാഗത്തിനും ഓഡിറ്റോറിയം വേർതിരിച്ചു നൽകുന്നു എന്നതും കൺവൻഷന്റെ മറ്റൊരു പ്രത്യേകതയാണ്.

ഈ ഒരുക്കങ്ങൾക്കെല്ലാം കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നത് സംഘടനയുടെ നട്ടെല്ലും പ്രസിഡണ്ടുമായ ജെയിംസ് ഇല്ലിക്കലാണ്. സാമൂഹിക സാമുദായിക മലയാളി പ്രസ്ഥാനങ്ങളിൽ നിറസാന്നിധ്യമായ ജെയിംസ് ഇല്ലിക്കൽ രണ്ടുതവണ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ പ്രസിഡണ്ടായി പ്രവർത്തനം അനുഷ്ഠിച്ചു. 2010-ൽ ഉദ്ഘാടനം ചെയ്ത താമ്പാ കമ്മ്യൂണിറ്റി സെന്ററിന്റെ ഫൈനാൻസ് ചെയർമാനായും അഞ്ചുതവണ നാഷണൽ കൗൺസിൽ മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. ഫോമാ ആർവിപി (രണ്ടു തവണ), കെസിസിഎൻഎ ആർവിപി (രണ്ട് തവണ), മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ പ്രസിഡണ്ട് (രണ്ട് തവണ), ട്രസ്റ്റി ബോർഡ് ചെയർമാൻ, താമ്പാ ടൈഗേഴ്സ് വോളിബോൾ ടീം ചെയർമാൻ, താമ്പാ ബോട്ട് ക്ലബ് ചെയർമാൻ, 2018-ലെ ഫോമാ കൺവൻഷൻ ജനറൽ കൺവീനർ, ഹെൽപ്പിംഗ് ഹാൻഡ്സ് സോൺ കോ-ഓർഡിനേറ്റർ, 2012 ഒർലാണ്ടോ കെ.സി.സി.എൻ.എ കൺവൻഷൻ ചെയർമാൻ, കെസിസിസിഎഫ് ബിൽഡിംഗ് ചെയർമാൻ തുടങ്ങിയ വിവിധ നിലകളിലും സേവനമനുഷ്ഠിച്ചു. ജെയിംസ് ഇല്ലിക്കലിനൊപ്പം കെ.സി.സി.എൻ.എ കൺവൻഷൻ വിജയമാക്കുവാൻ വിപിൻ ചാലുങ്കൽ, ചിക്കാഗോ (ജനറൽ സെക്രട്ടറി), സിജു ചെരുവൻകാലായിൽ, ന്യൂയോർക്ക് (എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്), സൂസൻ തെങ്ങുംതറയിൽ, സാൻഹൊസെ (ജോയിന്റ് സെക്രട്ടറി), ജോജോ തറയിൽ, ഹൂസ്റ്റൺ (ട്രഷറർ), ജേക്കബ് കുസുമാലയം (വൈസ് പ്രസിഡന്റ്), ജസ്നി കോട്ടിയാനിക്കൽ (ജോയിന്റ് ട്രഷറർ) എന്നിവരുടെ കൂട്ടായ്മയിൽ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്.

ചരിത്രം കുറിക്കപ്പെടാൻ തയ്യാറെടുത്തു നിൽക്കുന്ന കൺവൻഷന്റെ പ്രവർത്തനങ്ങൾക്ക് പിന്നിൽ ഇനിയുമുണ്ട് ഒട്ടനേകം പേരുടെ കഠിനാധ്വാനം. ടാമ്പയുടെയും മയാമിയുടെയും യൂണിറ്റുകൾ കൈകോർക്കുന്ന ഈ കൺവൻഷൻ സമൂഹത്തിന്റെ ഐക്യത്തെ പുതിയ ഉയരങ്ങളിൽ എത്തിക്കും എന്നത് തീർച്ച. മയാമിയിലെ ഫോർട്ട് ലോഡർഡേലിൽ ഓഗസ്റ്റ് 6 മുതൽ 10 വരെ നടത്തുന്ന ഈ മാമാങ്കത്തിലേക്ക് കെസിസിഎൻഎ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ ക്നാനായ സമൂഹത്തെ സ്വാഗതം ചെയ്യുന്നു.







# THE GLORY OF GOD IS IN YOU

**Joseph Kurian, Houston**

Kabod, a Hebrew word meaning, the Glory or presence of God. Ichabod is just the opposite meaning, the glory has departed."The glory has departed from Israel for the ark of God has been captured" (1st Samuel 4:12) This passage capture the crisis surrounding the defeat of Israel at the hands of the Philistines.

As Christians and true born again believers, we have the amazing gift of the Holy Spirit dwelling within us. God's glory does not depart from us till we willfully commit sin and does not repent at all.

The GLORY of God is in us and not in organizations, temples or buildings. We as true believers are the temple of God per Bible and His glory dwells in each one of us who are holy in His presence.

There is only one Church and that is the Church of God and Christ is the head of the Church. We are redeemed by the precious blood of Christ who sacrificed His life for our salvation. Now we are members of the body of Christ and guided by the Holy Spirit to live a holy life. We can grieve the Holy Spirit and resist Him and end up like a ruined temple which lost the glory of God. There are so many believers once carried the glory of God lost His presence due to sin and disobedience.

In the Old Testament times, we see the glory of the Lord was grieved away from the temple at Jerusalem by idolatry of the leaders and the people. God says, "You have defiled my sanctuary with all your detestable things and with all your abominations, therefore I will withdraw" (Ezekiel 5: 11) The Ark constructed under the leadership of Moses held the tablets inscribed with the Ten Commandments. The Ark symbolized God's special presence and promises to the people of Israelites. Its capture signified the defeat and a spiritual crisis for Israel.

Israelites were defeated by the Philistines and the death of Eli, the high priest along the death of his sons, Hophni and Phinehas and the capture of the Ark was such a crisis for Israel.They lost the Ark, which was viewed as the visible sign of God's presence and favor. High Priest Eli's daughter in law upon hearing this horrible news and experiencing severe labor pain named her new born child, Ichabod, reflecting the departure of God's glory from Israel. She named the boy, Ichabod, means "No Glory" saying the "The glory has departed from Israel" because the Ark was taken by the enemies.(1st Samuel 5:22)

Sins such as pride, jealousy, anger, bitterness, revenge, materialism, greed for power, greed for money are all reasons for missing the glory of God from our lives. Glory and Grace can be lost when we do not consult with God and ignore Him and being so adamant to get even or to defeat others. Many servants of God tried to do things in their own plan and


Joseph Kurian, Houston

without the approval and presence of God and end up in failure. We need the glory and grace of God to be successful in our battles in life. Noone knows where the ark is today, but today we have through His son Jesus, God gave us His very glory.

God's glory is in us and not in any organizations, temples or buildings. We are the temple of God and His glory does not depart from us until we commit sins and ignores God. Leaders may lead you to sin, divisions, fights to hold on to their power and positions. Leaders may get into power by illegal and unholy ways. But they cannot do anything to you and me that will cost the glory of God. We are His precious children and as long as we live pure, holy, sinless, loving, compassionate, and obedient to His word and please Him, we will not lose His glory.

There are thousands and thousands of sincere and holy believers and Pastors in all our spiritual organizations such as IPC, Church of God, Assemblies of God, and Sharon Fellowship and so on. There are millions in the world who serve God very sincerely, live holy, prayer warriors, eagerly waiting for His second coming. God's glory and grace is in all of them. No matter how bad the leaders lead or live, how corrupt they are, how arrogant and unforgiving they are, the sincere children of God are in His hands and His glory is in them.

So let us continue to live holy, support our organizations, leaders come and goor they will be removed by God. "Look unto Jesus, the author and finisher of our faith." (Hebrews 12:2) Bu focusing on Him and not the leaders, believers can find resilience and hope during difficult times. He will never leave you, fail you, or forsake you. May His glory continue to overwhelm you so that you will be the light that shines for others in darkness.

Pray for your organization and leaders to have change of hearts to repent and submit to God's will and plan. Theymust settle differences, forgive each other and be humble. Pray for them to repent their sins and cried unto God to be good and fair leaders. Of course we must respect good leaders and support them always. Their decisions will affect the whole organization so we have to intercede for them to be wise, holy, humble and good stewards of the Gospel.

As long as you turn from the sins and turn in faith to Christ, the glory dwells in you. The glory dwells in our midst, glory more powerful, more real, better than any gold plated ark of the covenant like the old time, the glory not inside a man-made vessel, but of God's only begotten Son, sent from Heaven to earth for our sakes, died on the cross, rose again on the third day, ascended to Heaven, seated at the higher and coming gain in Glory."The word became flesh and dwell among us" and we have seen His glory. Glory as of the only son from the Father full of grace and truth" (John 1:14). Let us honestly uphold the leaders in our prayer so that they will lead the organizations per the absolute will of God and not for their own power, popularity or purse. We need to stand together, be humble, and be peaceful and loyal to our organization.

Leaders will come and go but the organizations will survive all challenges since God knows the truth and He will bring peace, unity, hope and revival among His faithful believers. Let us not become conceited provoking and envying each other (Galatians 5:26). But if you are always biting and devouring one another, watch out, beware of destroying one another" (Galatians 5:15).

Let us walk in a manner worthy of the calling to which we have been called, with all humility and gentleness, with patience, bearing with one another in love, eager to maintain the unity of the Spirit in the bond of peace" (Ephesians 4:1-3). Child of God, His glory is in you. Hold on to it and do not grieve the Holy Spirit and loose His GLORY.

# യു.എസ്. കുടിയേറ്റ നിയമങ്ങൾ: പുതിയ നിയന്ത്രണങ്ങളും നിയമപരമായ മാറ്റങ്ങളും

**പി.പി. ചെറിയാൻ**

അമേരിക്കൻ ഐക്യനാടുകളിലെ കുടിയേറ്റ നിയമങ്ങളിൽ സമീപ മാസങ്ങളിൽ സമൂലമായ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിർത്തി സുരക്ഷ, അഭയാർത്ഥി അപേക്ഷകൾ, നിയമപരമായ കുടിയേറ്റത്തിനുള്ള മാനദണ്ഡങ്ങൾ എന്നിവയിൽ പുതിയ നിയമങ്ങൾ നടപ്പിലാക്കുകയും മുൻ ഭരണകൂടത്തിന്റെ നയങ്ങൾ തിരുത്തുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്.

ഒരു അഫ്ഗാൻ പൗരൻ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് അഭയാർത്ഥി പദവിക്കായുള്ള അപേക്ഷകളുടെ (Affirmative Asylum) തീരുമാനങ്ങൾ താൽക്കാലികമായി നിർത്തിവെക്കാൻ യുഎസ് ഭരണകൂടം ഉത്തരവിട്ടതാണ് ഏറ്റവും പുതിയ തീരുമാനം. എല്ലാ അപേക്ഷകരെയും 'പരമാവധി രീതിയിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതുവരെ' ഈ നടപടി തുടരുമെന്ന് അധികൃതർ അറിയിച്ചു.

നിലവിൽ 1.5 ദശലക്ഷത്തോളം കേസുകൾ യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസിന് (USCIS) മുന്നിലുണ്ട്. പുതിയ നിർദേശം ഇമിഗ്രേഷൻ കോടതികളിലെ കേസുകളെ ബാധിക്കുമോ എന്നതിൽ വ്യക്തതയില്ല. ദേശീയ സുരക്ഷാ ആശങ്കകൾ മുൻനിർത്തി, ചില രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാരുടെ ഗ്രീൻ കാർഡ്, വിസ അപേക്ഷകളിൽ കൂടുതൽ കർശനമായ പരിശോധനകൾ ഏർപ്പെടുത്തി. സുരക്ഷാ കാരണങ്ങളാലോ, വിസ കാലാവധി കഴിഞ്ഞിട്ടും രാജ്യത്ത് തുടരുന്നവരുടെ നിരക്ക് കൂടുതലായതുകൊണ്ടോ (Overstay Rate) ശ്രദ്ധാകേന്ദ്രമായ 19 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് വിസ നിയന്ത്രണങ്ങൾ കടുപ്പിച്ചു. ഇവർക്ക് അനുവദിച്ച മുൻ ഗ്രീൻകാർഡുകൾ പോലും പുനഃപരിശോധിക്കാൻ നിർദ്ദേശമുണ്ട്.


ലേഖകൻ

വിദഗ്ദ്ധ തൊഴിലാളികൾക്കായുള്ള H-1B വിസ പരിപാടികളിലും നിയന്ത്രണങ്ങൾ വരുത്തി. 'അമേരിക്കൻ തൊഴിലാളികളെ' സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി. കുടിയേറ്റ നിയമത്തിലെ പ്രധാന മാറ്റങ്ങളിലൊന്ന് പബ്ലിക് ചാർജ് നിയമം തിരികെ കൊണ്ടുവരാനുള്ള നിർദ്ദേശമാണ്. ഭാവിയിൽ യുഎസ് സർക്കാരിന്റെ സാമൂഹിക ക്ഷേമ പദ്ധതികളെ (Public Benefits) ആശ്രയിക്കാൻ സാദ്ധ്യതയുണ്ടെന്നു കണ്ടെത്തുന്ന വ്യക്തിക്ക് ഗ്രീൻകാർഡ് നിഷേധിക്കാനുള്ള അധികാരം ഇമിഗ്രേഷൻ ഓഫീസർമാർക്ക് നല്കുന്നതാണ് ഈ നിയമം.

മുൻഭരണകൂടം റദ്ദാക്കിയ ഈ നിയമം പുനഃസ്ഥാപിച്ച്, ഒരു കുടിയേറ്റക്കാരനും സർക്കാരിനു ഭാരമാകില്ല എന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം.

യുഎസ്, മെക്സിക്കോ അതിർത്തിയിൽ നിയമനിർവ്വഹണം കൂടുതൽ ശക്തമാക്കി, നിയമം ലംഘിക്കുന്നവരെ കണ്ടെത്താനും അറസ്റ്റ് ചെയ്യാനും USCIS ഏജന്റുമാർക്ക് കൂടുതൽ അധികാരം നല്കുന്ന പുതിയ നിയമങ്ങൾ സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ചു.

നിയമപരമായ താമസാനുമതിയില്ലാത്തവർക്ക് നോട്ടീസ് ടു അപ്പിയർ (NTA) നല്കുന്നത് വർദ്ധിപ്പിച്ചു. ബാല്യകാലത്ത് യുഎസിൽ എത്തിയവർക്കുള്ള DACA (Deferrred Action for Childhood Arrivals)പോലുള്ള ജനപ്രിയ പദ്ധതികൾ അവസാനിപ്പിക്കാനുള്ള നീക്കങ്ങളും ഇമിഗ്രേഷൻ നിയമങ്ങളിൽ സമൂലമായ മാറ്റങ്ങൾ ലക്ഷ്യമിടുന്ന നിയമനിർമ്മാണ നിർദ്ദേശങ്ങളും കോൺഗ്രസിൽ സജീവമാണ്.

ഇതിൽ പ്രധാനം യുഎസ് പൗരന്മാർ ഇരട്ട പൗരത്വം (Dual Citizenship) അവസാനിപ്പിക്കണം എന്ന് നിഷ്കർഷിക്കുന്ന ബില്ലാണ്. ഒരാൾക്ക് യുഎസ് പൗരത്വമോ അല്ലാതെയുള്ള പൗരത്വമോ മാത്രമേ തെരഞ്ഞെടുക്കാൻ സാധിക്കൂ എന്നും നിയമം പ്രാബല്യത്തിൽ വന്നാൽ ഒരു വർഷത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും ഈ ബിൽ നിർദ്ദേശിക്കുന്നു.

ഈ പുതിയ നിയമങ്ങളും നയങ്ങളും കുടിയേറ്റക്കാർക്ക് കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. അതേസമയം, രാജ്യസുരക്ഷയും നിയമത്തിന്റെ ഭരണവും ഉറപ്പാക്കുക എന്നതാണ് പുതിയ നടപടികളുടെ ലക്ഷ്യമെന്ന് യുഎസ് ഭരണകൂടം വ്യക്തമാക്കുന്നു.

# ഐ.പി.സി NRI ഗ്ലോബൽ കോൺഫറൻസ് ഫിലാഡൽഫിയയിൽ

ജോയി തുമ്പമൺ

ഫിലാഡൽഫിയ: അമേരിക്കയുടെ ആദ്യതലസ്ഥാനവും 'സഹോദര സ്നേഹത്തിന്റെ പട്ടണം' എന്നറിയപ്പെടുന്നതുമായ ഫിലാഡൽഫിയ പട്ടണത്തിൽ 2026 ജൂലൈ 24 മുതൽ 26 വരെ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ഇന്ത്യക്ക് പുറത്തു താമസിക്കുന്ന (NRI) വിശ്വാസികളുടെ പ്രഥമ അന്തർദ്ദേശീയ സമ്മേളനം നടക്കും.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ആഗോള വിശ്വാസികളുടെ വളർച്ചയും പുരോഗതിയും ഐക്യതയും ലക്ഷ്യമാക്കി ആരംഭിക്കുന്ന ഈ കോൺഫറൻസ് ഓരോ വർഷവും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നടക്കുന്നതാണ്. ഭാരതത്തിന്റെ വെളിയിലുള്ള ഐപിസി വിശ്വാസികളെയും ശുശ്രൂഷകന്മാരെയും ഒരു കുടക്കീഴിൽ കൊണ്ടുവരാനും സഭയുടെ പ്രേഷിത-ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കുമ്പനാട് നടക്കുന്ന ഐപിസി ജനറൽ കൺവൻഷനും അമേരിക്ക, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ, ആസ്ട്രേലിയ എന്നിങ്ങനെ എല്ലാ ഭൂഖണ്ഡങ്ങളിലും നടക്കുന്ന IPC കോൺഫറൻസുകൾക്കും കൺവൻഷനുകൾക്കും ഊർജ്ജം പകരുക എന്നതും ഈ കോൺഫറൻസിന്റെ ഉദ്ദേശ്യലക്ഷ്യമാണ്.

പ്രഥമ കോൺഫറൻസിന്റെ ഔദ്യോഗിക ഭാരവാഹികളായി പാ. ഡോ. ജോർജ് മാത്യു (ഗ്ലോബൽ കൺവീനർ), പാ. ഡോ. അഡ്വ. തോമസ് എം. കിടങ്ങാലിൽ (ഗ്ലോബൽ സെക്രട്ടറി), ബ്രദർ ഏബ്രഹാം ബേബി (ഗ്ലോബൽ ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



പാസ്റ്റർ ഡോ. ജോർജ് മാത്യു (പ്രസിഡണ്ട്)

ബ്രദർ ജോയി തുമ്പമൺ (ഗ്ലോബൽ മീഡിയ), പാ. ജോയി വറുഗീസ് (ഗ്ലോബൽ പ്രയർ), പാ. മാത്തുക്കുട്ടി, ബ്രദർ റോയി അലക്സാണ്ടർ (സോഷ്യൽ മീഡിയ) എന്നിവരും അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽനിന്നും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളും അടങ്ങിയ കമ്മിറ്റി സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിക്കും. കോൺഫറൻസ് രക്ഷാധികാരികളായി ഐപിസി ജനറൽ പ്രസിഡണ്ട് പാ. ഡോ. റ്റി. വൽസൻ ഏബ്രഹാമും ഐപിസി ജനറൽ സെക്രട്ടറി പാ. ഡോ. ബേബി വർഗീസും പ്രവർത്തിക്കും.



പാസ്റ്റർ തോമസ് കിടങ്ങാലിൽ (സെക്രട്ടറി)

ഗ്ലോബൽ അഡ്വൈസറി ബോർഡ് അംഗങ്ങളായി പാ. ഡോ. എം.എസ്. സാമുവൽ, പാ. ഡോ. സണ്ണി ഫിലിപ്പ്, പാ. കെ.സി. ജോൺ ഫ്ളോറിഡ, പാ. ജോൺ തോമസ് തർക്കോലിൽ എന്നിവരും തെരഞ്ഞെടുത്തു. മറ്റ് രാജ്യങ്ങളിൽ നിന്നുള്ള അഡ്വൈസറി ബേർഡ് അംഗങ്ങളെയും ലോക്കൽ കമ്മിറ്റി ഭാരവാഹികളെയും പിന്നീട് തെരഞ്ഞെടുക്കും.



ബ്രദർ ഏബ്രഹാം ബേബി (ട്രഷറർ)

NRI കോൺഫറൻസ് കൺവീനറായി തെരഞ്ഞെടുക്കപ്പെട്ട പാ.ഡോ. ജോർജ് മാത്യു നിലവിൽ NRI കൗൺസിൽ വൈസ് ചെയർമാൻ, IPC ത്രിപുര സ്റ്റേറ്റ് പ്രസിഡണ്ട്, IPC ന്യൂജേഴ്സി സഭാ പാസ്റ്റർ, ക്രിസ്ത്യൻ ഓറിയന്റേഷൻ സെന്റർ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (CUSAT) നിന്നും പോളിമർ സയൻസിൽ ഗവേഷണം നടത്തി Ph.D നേടിയ അദ്ദേഹം ചങ്ങനാശേരി എസ്.ബി. കോളജിലും അമേരിക്കയിലെ ന്യൂജേഴ്സി എഡ്യൂക്കേഷണൽ സിസ്റ്റത്തിലും കഴിഞ്ഞ 4 പതിറ്റാണ്ടുകൾ വിദ്യാഭ്യാസ ഗവേഷണ രംഗങ്ങളിൽ നേതൃത്വം നല്കി. പെന്തെക്കോസ്ത് യുവജന സംഘടന (PYPA) ജനറൽ സെക്രട്ടറി, ജനറൽ വൈസ് പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന്റെ Success is Your Inheritance എന്ന പുസ്തകത്തിന് നോർത്ത് അമേരിക്കൻ റൈറ്റേഴ്സ് ഫോറത്തിന്റെ ഏറ്റവും നല്ല ഇംഗ്ലീഷ് പുസ്തകത്തിനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

ക്രിസ്തീയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ 1974 മുതൽ എഴുതിവരുന്നു. ഇന്ത്യയിലും അമേരിക്കയിലുമായി വേദപഠനം നടത്തി M.Div., M.Th. ബിരുദം നേടിയ അദ്ദേഹം ഐ.പി.സി ഫിലാഡൽഫിയ സഭയുടെ പാസ്റ്ററായി 1992-95 വർഷങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യ മാഗി ജോർജ്. മക്കൾ: ഡോ. റോബിൻ & റേച്ചൽ (ബഞ്ചമിൻ, നോവ), ഡോ. ബ്ലസി & അലക്സ് (നോറ, നിയോമി).

കോൺഫറൻസ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാ. ഡോ. അഡ്വ. തോമസ് എം. കിടങ്ങാലിൽ ഐ.പി.സി. കലയപുരം സെന്ററിന്റെയും കലയപുരം ഹെബ്രോൻ തിയോളജിക്കൽ കോളജിന്റെയും ചെയർമാനാണ്. ഐ.പി.സി. കൗൺസിൽ കൺവീനറായ അദ്ദേഹം ന്യൂയോർക്ക് പെന്തെക്കോസ്തൽ അസംബ്ലിയുടെ ശുശ്രൂഷകനായും പ്രവർത്തിക്കുന്നു. PCNAK നാഷണൽ സെക്രട്ടറി, KPWF നാഷണൽ പ്രസിഡണ്ട്, ലീഗൽ സൊലൂഷൻസ് ഇന്ത്യയുടെ ബോർഡ് മെംബർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ബൈബിൾ കോളജ് അദ്ധ്യാപകൻ, ലീഗൽ കൺസൾട്ടന്റ് എന്നീ നിലകളിലും വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. ഭാര്യ ഷീബ തോമസ്. മക്കൾ: ക്രിസ്റ്റീൻ & ജെൻസൺ (എസ്ര), കെൻ, കയൽ.

ഗ്ലോബൽ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ഏബ്രഹാം ബേബി, മാവേലിക്കര സ്വദേശിയാണ്. പാ. ഗീവർഗീസ് ബേബി-മേരിക്കുട്ടി ദമ്പതികളുടെ മകനും IPC ജനറൽ സെക്രട്ടറി പാ. ഡോ. ബേബി വറുഗീസിന്റെ സഹോദരനുമാണ്.

ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായ അദ്ദേഹം ഡാളസിലെ ഐ.പി.സി എബനേസർ സഭാ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. PYCD Dallas കോ-ഓർഡിനേറ്ററായും ഐപിസി മിഡ്വെസ്റ്റ് റീജിയൺ PYPA പ്രസിഡണ്ടായും പ്രവർത്തിച്ചിരുന്ന അദ്ദേഹം ഡാളസിൽ കൗണ്ടി ഹോസ്പിറ്റർ ഡിസ്ട്രിക്ടിൽ 1990 മുതൽ ജോലി ചെയ്യുന്നു. ഭാര്യ ബിനു കപ്പമാംമൂട്ടിൽ. മകൻ: ജബ്സൺ ഏബ്രഹാം.

# ഫിലാഡൽഫിയയിലെ കോട്ടയം അസോസിയേഷന് നവനേതൃത്വം

ജീമോൻ ജോർജ്

ഫിലാഡൽഫിയ: അക്ഷരനഗരിയിൽ നിന്നും കുടിയേറിയവരും വടക്കെ അമേരിക്കയിലെ പ്രമുഖ പ്രാദേശിക ചാരിറ്റി സംഘടനയും കാൽ നൂറ്റാണ്ടിലധികമായി സാഹോദര്യ നഗരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതുമായ കോട്ടയം അസോസിയേഷന്റെ വാർഷിക പൊതുയോഗം പ്രസിഡണ്ട് സണ്ണി കിഴക്കേമുറിയുടെ അദ്ധ്യക്ഷതയിൽ നവബർ 16-ന് ശനിയാഴ്ച കൂടുകയുണ്ടായി.




ഇതര സംഘടനകളുമായുള്ള സഹകരണവും അംഗങ്ങളുടെ ഇടയിലെ പരസ്പര ഐക്യവുമാണ് കോട്ടയം അസോസിയേഷന്റെ വിജയരഹസ്യമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ സണ്ണി കിഴക്കേമുറി പറയുകയുണ്ടായി. തുടർന്ന് കഴിഞ്ഞവർഷത്തെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി കുര്യൻ രാജൻ വായിക്കുകയും ട്രഷറർ ജോൺ പി. വർക്കി വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു.

പിന്നീട് പുതിയ ഭരണസമിതിയിലേക്ക് സാജൻ വർഗീസ് (പ്രസിഡണ്ട്), ജീമോൻ ജോർജ് (വൈസ് പ്രസിഡണ്ട്), സഞ്ചു സക്കറിയ (ജനറൽ സെക്രട്ടറി), സാബു ജേക്കബ് (ജോ. സെക്രട്ടറി), ജോൺ പി. വർക്കി (ട്രഷറർ), മാത്യു ഐപ് (ജോ. ട്രഷറർ), സണ്ണി കിഴക്കേമുറി (ചാരിറ്റി), ബെന്നി കൊട്ടാരം (പ്രോഗ്രാം), ജെയ്സൺ വർഗീസ്, ജോൺ മാത്യു (പിക്നിക്), ജോസഫ് മാണി, കുര്യൻ രാജൻ, ജോബി ജോർജ്, ജെയിംസ് അന്ത്രയോസ്, ഏബ്രഹാം ജോസഫ്, രാജു കുരുവിള, സാബു പാമ്പാടി, സെറിൻ ചെറിയാൻ കുരുവിള, വർക്കി പൈലോ, വർഗീസ് വർഗീസ് എന്നിവരെ 2026-2027-ലെ ഭാരവാഹികളായി ഐകകണ്ഠ്യേന തെരഞ്ഞെടുക്കുകയുണ്ടായി.

സാജൻ വർഗീസ് മുൻ ചെയർമാൻ, ട്രൈസ്റ്റേറ്റ് കേരള ഫോറം കൂടാതെ മറ്റു നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളുടെ നേതൃനിരയിലെ സാരഥിയുമാണ്. ജീമോൻ ജോർജ് സാമൂഹിക, രാഷ്ട്രീയ, ചലച്ചിത്ര മേഖലകളിലും കൂടാതെ മലയാളി കമ്യൂണിറ്റിയിലെ നിറസാന്നിദ്ധ്യവുമായി പ്രവർത്തിച്ചുവരുന്നു. സഞ്ചു സക്കറിയ കലാലയ രാഷ്ട്രീയ പ്രവർത്തന മേഖലകളിലൂടെയും കോട്ടയം അസോസിയേഷൻ സുവനീർ കമ്മിറ്റിയുടെ മുൻ ചീഫ് എഡിറ്ററും ആയിരുന്നു. ജോൺ പി. വർക്കി കോട്ടയം അസോസിയേഷന്റെ മുൻനിര പ്രവർത്തകനും ഒരു മികച്ച സംഘാടകനുമാണ്.

കേരളത്തിൽ പെരുമ്പാവൂരിനടുത്ത് പണി പൂർത്തിയാക്കിയ ഭവനത്തിന്റെ താക്കോൽദാനം നടത്തുകയും കൂടാതെ പ്രഥമ വിദ്യാഭ്യാസ സഹായ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തതായി പൊതുയോഗത്തിൽ അറിയിക്കുകയുണ്ടായി.

സാമൂഹിക മാറ്റങ്ങൾ ഉൾക്കൊണ്ട് സംഘടനകൾ പ്രവർത്തിക്കണമെന്നും വരും വർഷങ്ങളിൽ ചാരിറ്റി പ്രവർത്തനങ്ങൾ വിപുലീകരിക്കണമെന്നും അമേരിക്കയിലെ ചാരിറ്റി പ്രവർത്തനങ്ങളിൽ കൂടുതൽ സഹകരിക്കണമെന്നും പുതുതായി സ്ഥാനമേറ്റെടുത്ത സാജൻ വർഗീസ് അഭിപ്രായപ്പെട്ടു.

കോട്ടയം അസോസിയേഷന്റെ ക്രിസ്മസ്-ന്യൂഇയർ ആഘോഷം ജനുവരി 3-ന് ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് നടത്തുവാനും കൂടാതെ ഈ വർഷം പിക്നിക്കും കുടുംബസമേതം അംഗങ്ങളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഉല്ലാസയാത്ര സംഘടിപ്പിക്കുവാനും തീരുമാനിച്ചു. കുര്യൻ രാജൻ എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് ഡിന്നറിനുശേഷം പിരിയുകയുമുണ്ടായി.

കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കുക: www.kottayamassociation.org

# നാഡി


കടക്കണ്ണിൽ ഒരു കടൽ കണ്ടു
കുറച്ചു മുമ്പൊരു ചിരി കണ്ടു
ചിരിച്ച പെണ്ണിൻ കവിളിൽ
കൈവിരൽ കാണുന്നു ആരുടെയോ?

നിൻ മനസ്സിൽ ഒരു ആളുണ്ട്
ആരാണെന്നു പറയാമോ
പറയാൻ നിനക്കു നാണമെങ്കിൽ
കാൽവിരൽകൊണ്ട് എഴുതാമോ?

കൈകൾ രണ്ടിലും കുപ്പിവളഷ
അരയ്ക്കു ചുറ്റിലും എന്താണ്
വെള്ള ഉടുപ്പ് ധരിക്കുമ്പോൾ
കോവിലെ ദേവതപോലെ നീ-

പറവകൾ എല്ലാം നിൻ പിന്നിൽ
നിന്നുടെ തേൻ നുകരാനായി
എത്ര രാവുകൾ കഴിഞ്ഞാലും
പൂമ്പാറ്റയായി എത്തും ഞാൻ.

നിൻ കടക്കണ്ണുകൊണ്ടുള്ള നോട്ടം
എൻ തലയ്ക്ക് മത്തായി പിടിച്ചതുപോൽ
ഒരിക്കലും മറക്കുകയില്ലാ നിന്നെ ഞാൻ
എൻ നെഞ്ചിൽ നാഡി ഉള്ള കാലം.



ജെയിംസ് ചെട്ടിയാത്ത്

# ഞാനും എന്റെ കുടുംബവുമോ...

**രാജു മൈലപ്ര**

**പു**ളിക്കലെ പത്രോസുകുട്ടിയെ കാണാതായിട്ട് മൂന്നാല് ദിവസങ്ങളായി.

"അവൻ എവിടെപ്പോകാനാ? അവനിങ്ങു വരും.." ഇതായിരുന്നു പൊതുവേയുള്ള പ്രതികരണം.

എന്നാൽ, അഞ്ചു പ്രവൃത്തി ദിനങ്ങൾ കഴിഞ്ഞിട്ടും അവൻ തിരിച്ചെത്താതിരുന്നപ്പോൾ 'പത്രോസ്കുട്ടി കയറിപ്പോയി' എന്നൊരു നിഗമനത്തിൽ നാട്ടുകാർ എത്തിച്ചേർന്നു.

'ചെറുക്കനെ കാണുന്നില്ലല്ലോ!' എന്നൊരു വേവലാതി അവന്റെ അമ്മ മറിയാമ്മച്ചേടത്തിക്കു മാത്രമാണ് തോന്നിയത്. പത്രോസ്കുട്ടിയുടെ 'തന്തപ്പടി' സ്ഥാനം അലങ്കരിക്കുന്ന ഉണ്ണിച്ചായന് ഇതൊരു വിഷയമേയല്ലായിരുന്നു. അല്ലെങ്കിൽ തന്നെ ആ വീട്ടിലെ ഒരു കാര്യത്തിലും അങ്ങേർക്ക് ഒരു കാര്യവുമില്ലായിരുന്നു.

ഉണ്ണിച്ചായനും മറിയാമ്മച്ചേടത്തിയും തമ്മിൽ ഒരിക്കലും കലഹിച്ചിരുന്നില്ല. കാരണം കുടുംബവീടിനു തൊട്ടുമുന്നിൽ റോഡരുകിൽ രണ്ടു മുറിയും വരാന്തയുമുള്ള ഒരു ഓലപ്പുരകെട്ടി 'കാപ്പിക്കട' എന്നൊരു ലേബലും നല്കി, അതിൽ ഒറ്റക്കായിരുന്നു ഉണ്ണിച്ചായന്റെ താമസം. അകന്നുള്ള ആ ജീവിതത്തിലും ഉണ്ണിച്ചായന്റെ മുഖഛായയുള്ള അഞ്ചു മക്കളെ മറിയാമ്മച്ചേടത്തി പ്രസവിച്ചത് ഒരു അത്ഭുതമായിരുന്നു.

കടയുടെ മുൻവശം വീഞ്ഞപ്പലക കൊണ്ട് മറച്ചിരുന്നു. സൈഡു വഴിയാണ് എൻട്രൻസ്. അവിടെ രാവിലെ അപ്പം, മുട്ടക്കറി, ഇഡ്ഡലി, ദോശ, പുട്ട്, കടലക്കറി മുതലായ വിഭവങ്ങളൊന്നുമുണ്ടായിരുന്നില്ല. അത്യാവശ്യക്കാർക്ക് ആവശ്യപ്പെട്ടാൽ ഒരു ചക്കരക്കാപ്പി ഉണ്ടാക്കി കൊടുക്കും. ചിലപ്പോൾ ബണ്ണും പർപ്പട ബോളിയും കാണും.


എന്നാൽ, കൗമാര പ്രായത്തിലേക്കു കടക്കുന്ന ആൺകുട്ടികൾക്ക് ബീഡിവലി അഭ്യസിക്കുന്നതിനുള്ള ഒരു സുരക്ഷിത പരിശീലന കേന്ദ്രമായിരുന്നു അത്, അത് മറ്റൊരു വിഷയം.

ഉണ്ണിച്ചായന്റെ മൂന്നാമത്തെ മകൻ പത്രോസ്കുട്ടിയാണ് മിസിംഗ് ആയിരിക്കുന്നത്. 'പത്രോസുകുട്ടിയെ കാൺമാനില്ല' എന്നൊരു പരാതി പോലീസ് സ്റ്റേഷനിൽ കൊടുക്കുകയോ ഫോട്ടോ സഹിതം പത്രത്തിൽ ഒരു പരസ്യം കൊടുക്കുകയോ ഒന്നും ആരും ചെയ്തില്ല.

അക്കാലത്ത് ആധാറോ, പാൻകാർഡോ ഒന്നും നിർബന്ധമല്ലാതിരുന്നതിനാൽ മൈലപ്രയിൽ ആരുടെയെങ്കിലും ഒറ്റയ്ക്കുള്ള ഒരു ഫോട്ടോ എടുത്തതായി എനിക്കറിവില്ല. വിവാഹാനന്തരം സ്റ്റുഡിയോയിൽ പോയി ഒരു വിവാഹഫോട്ടോ എടുക്കുന്ന ഒരു ചടങ്ങുണ്ടായിരുന്നു. അത്തരത്തിലുള്ള ചില ഫോട്ടോകൾ, മൈലപ്ര മുക്കിനുണ്ടായിരുന്ന വാസുദേവൻ നായരുടെ കടയിൽ ദിവസങ്ങളോളം ആണിയിൽ തൂക്കി പ്രദർശിപ്പിച്ചിരുന്നു.

പറയുമ്പോൾ എല്ലാം പറയണമല്ലോ. കോളജ് പഠനകാലത്താണ് എന്റെ തനിയെയുള്ള ഒരു ഫോട്ടോയെടുത്തത്. കൗമാരത്തിൽ നിന്നും യൗവനത്തിലേക്ക് കടക്കുന്ന ഒരു സങ്കീർണ്ണ കാലഘട്ടമുണ്ടല്ലോ! ആ സമയത്ത് പ്രേമം എന്നൊരു വികാരം മിക്കവാറും എല്ലാവർക്കും തോന്നും.

ഗ്രേസി എന്നൊരു പെൺകുട്ടിക്ക് അങ്ങനെ ഒരു 'ഇത്' എന്നോടു തോന്നി. എനിക്ക് അങ്ങോട്ടും ഒരു 'ഇത്' തോന്നി. വല്ലപ്പോഴും അവസരം കിട്ടുമ്പോൾ പരസ്പരം നോക്കി ഒന്നു പുഞ്ചിരിക്കുക, ഒന്നു കണ്ണിറുക്കി കാണിക്കുക അതാണ് ഈ രോഗത്തിന്റെ ആദ്യലക്ഷണം. പിന്നെ വലിയ 'റിസ്ക്ക്' എടുത്ത് കത്തുകൾ കൈമാറാൻ തുടങ്ങും. അങ്ങനെയുള്ള ഒരു കത്തിടപാടിൽ, 'രാജുച്ചായന്റെ ഒരു ഫോട്ടോ എനിക്കു തരാമോ? എപ്പോഴും കണ്ടുകൊണ്ടിരിക്കാനാണ്' എന്നൊരു ആഗ്രഹം അവൾ പ്രകടിപ്പിച്ചത് വായിച്ചപ്പോൾ, ബംബറല്ല, ഓണം ബംബറടിച്ച ഓട്ടോക്കാരന്റെ മാനസീകാവസ്ഥയായിരുന്നു എനിക്ക്. ആദ്യമായാണ് ഒരു പെൺകുട്ടി എന്നെ 'രാജുച്ചായ' എന്നു വിളിക്കുന്നത്. കോളജ് കുമാരീ കുമാരന്മാരുടെ ഇത്തരം വികാരവിചാരങ്ങൾ മനസ്സിലാക്കിയിരുന്ന, പത്തനംതിട്ട അജന്താ സ്റ്റുഡിയോവിലെ ആശാനായിരുന്നു അഭയം.



ലേഖകൻ

'സ്മയിൽ-സ്മയിൽ-ദേണ്ട് ഇതുപോലെ' എന്നു പറഞ്ഞ് ആശാൻ ചിരിച്ചു കാണിച്ചപ്പോൾ ഞാനും അതുപോലെ പല്ലിളിച്ചു.

ഒരാഴ്ച കഴിഞ്ഞ്, ഒരു ചെറിയ മഞ്ഞ കവറിലിട്ട് ഫോട്ടോയുടെ മൂന്നു കോപ്പി ആശാൻ എനിക്കു കൈമാറി. എന്റെ ഫോട്ടോ കണ്ട ഞാൻ പോലും കരഞ്ഞുപോയി. ആശാന്റെ നിർദേശമനുസരിച്ച് വാ പൊളിച്ചു ചിരിച്ച എന്റെ കോന്ത്രപ്പല്ലുകൾ വ്യക്തമായി തെളിഞ്ഞു നില്പുണ്ട്, മറ്റൊരു ഫോട്ടോയെടുക്കുവാനുള്ള പാങ്ങുമില്ല. വരുന്നതു വരട്ടെ എന്നുകരുതി, ഞാൻ ഫോട്ടോ ഗ്രേസിക്കു കൈമാറി. പിന്നീടൊരിക്കലും അവൾ എന്നെ നോക്കിയതുമില്ല മൈൻഡു ചെയ്തതുമില്ല.

ഒരാഴ്ച കഴിഞ്ഞപ്പോൾ അവൾ എന്റെ കൂട്ടുകാരൻ തോമസ് ചെറിയാനോട് അവന്റെ ഫോട്ടോ ആവശ്യപ്പെട്ടെന്നറിഞ്ഞപ്പോൾ എന്റെ ലോലഹൃദയം തകർന്നുപോയി. 'നിരാശാ കാമുകൻ' എന്നൊരു പദപ്രയോഗം അന്നുമുതലാണ് പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ പ്രചുരപ്രചാരം നേടിയത്.

അങ്ങനെ ദിവസങ്ങൾ ആഴ്ചകളായി, ആഴ്ചകൾ മാസങ്ങളായി, മാസങ്ങൾ വർഷങ്ങളായി. പത്രോസുകുട്ടിയുടെ തിരോധാനം മൈലപ്രക്കാരുടെ മനസ്സിൽ നിന്നും മാഞ്ഞുപോയി.

"എന്നാലും പത്രോസുകുട്ടിക്ക് എന്തു പറ്റിക്കാണും?"

*** *** ***

മുണ്ടുകോട്ടയ്ക്കലെ പൊടിമോൻ എന്റെ അയൽവാസിയും ബാല്യകാല സുഹൃത്തുമാണ്. ഒരുമാതിരിപ്പെട്ട സകല കുരുത്തക്കേടുകളും ഞാനും പൊടിമോനും ഞങ്ങളുടെ പ്രായത്തിലുള്ള മറ്റു ചില സുഹൃത്തുക്കളും ചേർന്നു ചെയ്തിട്ടുണ്ട്. വല്ലപ്പോഴുമൊരു സിഗരറ്റു വലി, അല്പം കള്ളുകുടി, ഒരു സിനിമ കാണൽ, ഒളിച്ചിരുന്നു ബസിനു കല്ലെറിയുക അങ്ങനെയുള്ള ചില കലാപരിപാടികൾ നമ്മുടെയെല്ലാം ചെറുപ്പകാലത്ത് നടന്നിട്ടുണ്ടാവുമല്ലോ.

ഇപ്പോൾ ഫിലാഡൽഫിയായിൽ താമസിക്കുന്ന പൊടിമോൻ, തന്റെ ഇളയ സഹോദരൻ ടാമ്പായിൽ താമസിക്കുന്ന തമ്പിയെ സന്ദർശിക്കാനെത്തി. കൂട്ടത്തിൽ അവരുടെ സഹധർമ്മിണിമാരോടൊപ്പം ഞങ്ങളുടെ വീട്ടിലും കുറച്ചു സമയം ചെലവഴിച്ചു. ഒരുപാട് നാളുകൾക്കു ശേഷം കണ്ടതുകൊണ്ട് ബാല്യകാല കഥകൾ പലതും അയവിറക്കി.

പലതും പറഞ്ഞുവന്ന കൂട്ടത്തിൽ പത്രോസുകുട്ടിയുടെ കാര്യവും ഉയർന്നുവന്നു. അപ്പോഴാണ് പത്രോസുകുട്ടിയുടെ തിരോധാനത്തിന്റെ പിന്നിലുള്ള ചുരുളഴിയുന്നത്.

മൈലപ്രയിലെ മൂന്നു പ്രബല ക്രിസ്ത്യൻ വിഭാഗങ്ങളാണ് ഓർത്തഡോക്സ്, മലങ്കര റീത്ത്, ബ്രദറൺ എന്നീ സഭകൾ. പൊടിമോനും തമ്പിയും ബ്രദറൺ സഭാംഗങ്ങളും ഞാനും പുളിക്കലെ പത്രോസുകുട്ടിയും ഓർത്തഡോക്സുകാരുമാണ്.

ചിറ്റക്കാട്ടെ സൈമൺ സാറാണ് ബ്രദറൺ സഭയിലെ സൺഡേസ്കൂൾ അദ്ധ്യാപകൻ. തമ്പി ആ സൺഡേസ്കൂൾ ക്ലാസിൽ ഒരു വിദ്യാർത്ഥിയാണ്.

വീണ്ടും ജനനത്തെപ്പറ്റിയും ജ്ഞാനസ്നാനത്തെപ്പറ്റിയും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനെപ്പറ്റിയും മറ്റും സൈമൺ സാർ വിശദമായി അവരെ പഠിപ്പിച്ചു. അടുത്ത ആഴ്ച വരുന്നതിനു മുൻപ് 'നിങ്ങൾ ഒരാളെയെങ്കിലും രക്ഷപ്പെടുത്തിയിട്ടേ വരാവൂ' എന്ന് കർശനമായി പറഞ്ഞു. തമ്പി, അയൽവാസിയായ പത്രോസുകുട്ടിയോട് പലതവണ കെഞ്ചി പറഞ്ഞിട്ടും അവൻ 'എട്ടുക്കും ഏഴുക്കും' അടുക്കുന്ന ലക്ഷണമില്ല.

'കർത്താവായ യേശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു. ആകയാൽ ഞാനും എന്റെ കുടുംബവും രക്ഷപ്പെടും' എന്ന് ഏറ്റുപറഞ്ഞാൽ മതി. സംഗതി സോ സിംബിൾ.

ആരെയെങ്കിലും രക്ഷപ്പെടുത്താതെ അടുത്ത ഞായറാഴ്ച സൈമൺ സാറിനെ എങ്ങനെ അഭിമുഖീകരിക്കും? പത്രോസുകുട്ടിയെ അല്ലാതെ മറ്റ് ഒരു ഇരയെ കിട്ടാനുമില്ല.

തമ്പി അവസാനം പതിനെട്ടാമത്തെ അടവ് എടുത്തു. തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന ജീവവൃക്ഷത്തിന്റെ ഫലം കാണിച്ച്, ഹവ്വായെ വീഴ്ത്തിയ സർപ്പത്തെപ്പോലെ തന്റെ കൈയിലിരുന്ന ഒരു പായ്ക്കറ്റ് സിഗരറ്റ് കാണിച്ച് പത്രോസിനെ പ്രലോഭിപ്പിച്ച്, അടുത്തുള്ള തേവുപാറ മുരുപ്പിലേക്കു കൊണ്ടുപോയി.

ഒരു സിഗരറ്റു വലിച്ചു കഴിഞ്ഞപ്പോൾ, തമ്പി പത്രോസുകുട്ടിയോട് "നീ രക്ഷിക്കപ്പെടുവാൻ തയ്യാറാണോ?" എന്നു ചോദിച്ചു.

"അതിനു ഞാൻ മാമ്മോദീസ മുങ്ങിയതാണല്ലോ!" പത്രോസുകുട്ടി തന്റെ സഭാവിശ്വാസം വെളിപ്പെടുത്തി.

തമ്പിക്ക് അരിശവും സങ്കടവും വന്നു. ഒപ്പം കോപവും.

"എടാ, കഴുവേറി മോനേ, അതു നീ കോണകമുടുത്തു നടക്കുന്നതിനു മുൻപ്, ഏതോ കത്തനാര് നിന്നെ മാമ്മോദീസാ തൊട്ടിയിൽ മുക്കി, തലയിൽ കുറച്ചു വെള്ളമൊഴിച്ചതല്ലേ? നിനക്കു വല്ല പിണ്ണാക്കും അറിയാമായിരുന്നോടാ അന്ന്? യേശുക്രിസ്തു എത്രാമത്തെ വയസ്സിലാടാ സ്നാനമേറ്റത്?"

"അതു പിന്നെ, ഒരു പത്ത് അമ്പത് വയസ്സായി കാണും." പത്രോസുകുട്ടി ഒന്നു പരതി.

"അൻപതല്ലടാ പുല്ലേ-പുള്ളിക്കാരൻ നാല്പത്തിയഞ്ചാമത്തെ വയസ്സിലാണ് സ്നാനപ്പെട്ടത്." തമ്പി തന്റെ ബൈബിൾ ജ്ഞാനം പത്രോസിനു പകർന്നുകൊടുത്തു.

"അതു പിന്നെ മത്തായിയുടെ സുവിശേഷത്തിൽ... പത്രോസ് പറഞ്ഞു തുടങ്ങുന്നതിനു മുൻപ് തന്നെ തമ്പി അയാളുടെ കൊരവള്ളിക്ക് പിടിച്ചു ഞെക്കി.

"ദൈവകാര്യം പറയുന്നതിനിടയ്ക്ക് തന്തയ്ക്കു വിളിക്കുന്നോ നായിന്റെ മോനേ..." തമ്പി കൈ കഴുത്തിൽ ഒന്നുകൂടി മുറുക്കി.

(മത്തായിച്ചൻ എന്നാണ് തമ്പിയുടെ പിതാവിന്റെ പേര്).

"നാളെ മര്യാദയ്ക്കു വന്ന്, സൈമൺ സാറിന്റെ മുന്നിൽ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചിരിക്കുന്നു എന്ന് ഏറ്റുപറയണം. അല്ലെങ്കിൽ നിന്റെ കിടുങ്ങാമണി ഞാൻ ചവിട്ടി പൊട്ടിക്കും." പത്രോസുകുട്ടിക്ക് ലാസ്റ്റ് വാണിംഗ് കൊടുത്തിട്ട് തമ്പി സ്ഥലംവിട്ടു.

അങ്ങനെ ഒരു ഏറ്റുപറച്ചിൽ നടന്നാൽ, പത്രോസുകുട്ടി പക്കാ ഓർത്തഡോക്സുകാരനായ തന്റെ തന്തപ്പടി ഉണ്ണിച്ചായന്റെ വെട്ടേറ്റു മരിക്കും. വരുംവരായ്കകളോർത്ത് അന്ന് പാതിരാത്രി പത്രോസുകുട്ടി മൈലപ്രയിൽ നിന്നും പാലായനം ചെയ്തു.

*** *** ***

പൊടിമോൻ തിരിച്ചു ഫിലാഡൽഫിയായിക്കു പോയി. അടുത്ത ആഴ്ച എന്നെ കാണാൻ തമ്പി ഒറ്റയ്ക്കു വരുന്നുണ്ടെന്നു പറഞ്ഞു. അതിനു മുൻപേ എനിക്ക് എങ്ങനെയെങ്കിലും 'രക്ഷ പ്രാപിക്കണം.'

# കരുണ പാർപ്പിട പദ്ധതിക്ക് അമേരിക്കൻ മലയാളികളുടെ കൈത്താങ്ങ്

**ജീമോൻ റാന്നി**

ഫിലാഡൽഫിയ: ചെങ്ങന്നൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കരുണ പെയിൻ ആൻഡ് പാലിയേറ്റീവിന്റെ നേതൃത്വത്തിൽ ഭവനനിർമ്മാണം നടക്കുന്നു. കേരള ഫിഷറീസ്-സാംസ്കാരിക-യുവജനകാര്യ ക്ഷേമമന്ത്രി സജി ചെറിയാൻ ചെയർമാനായ കരുണ പെയിൻ ആൻഡ് പാലിയേറ്റീവ് കഴിഞ്ഞ ഇരുപതിൽപ്പരം വർഷങ്ങളായി ചെങ്ങന്നൂരും പരിസരങ്ങളിലുമുള്ള അർഹതപ്പെട്ട നിരാലംബരായ ആളുകൾക്ക് ചികിത്സാ സഹായം, ഭവന നിർമ്മാണം അവശ്യമരുന്നുകളുടെ വിതരണം, കോവിഡ് കാലത്ത് ഓക്സിമീറ്റർ വിതരണം എന്നിങ്ങനെയുള്ള ജനക്ഷേമകരമായ സഹായ പദ്ധതികളുമായി മുൻപിൽ നിൽക്കുന്നു.

കരുണയുടെ നേതൃത്വത്തിലുള്ള ഇരുപത്തിയഞ്ചാമത്തെ ഭവന നിർമ്മാണത്തിനാണ് അമേരിക്കൻ മലയാളികളായ ഫൊക്കാന നേതാക്കൾ നേതൃത്വം നല്കുന്നത്. ഏകദേശം 15,000 ഡോളർ ചെലവ് പ്രതീക്ഷിക്കുന്ന ഭവന നിർമ്മാണം മാന്നാർ സ്വദേശിക്കും കുടുംബത്തിനുമാണ് നല്കുന്നത്. നിരവധി പ്രവാസികൾ സഹായഹസ്തവുമായി രംഗത്തെത്തി. ഏകദേശം മൂന്നു മാസംകൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് കേരളത്തിലെ മഴക്കാലത്തിനു മുൻപ് ഈ കുടുംബത്തിനു മഴ നനയാതെ സ്വസ്ഥമായി തല ചായ്ക്കാനൊരിടം നല്കുവാനുള്ള ക്രമീകരണം ചെയ്യുന്നു.



# ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മ നിലനിർത്താൻ ഫൗണ്ടേഷൻ രൂപീകരിച്ചു

ന്യൂയോർക്ക്: കാൽ നൂറ്റാണ്ടുകാലത്തിലധികം അമേരിക്കയിലെ സീറോമലബാർ വിശ്വാസികൾക്കായി സേവനം ചെയ്ത റവ.ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മയും പൈതൃകവും വരുംതലമുറയ്ക്ക് പ്രചോദനമാകും വിധം നിലനിർത്തുന്നതിനു വേണ്ടി ജോസച്ചന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ചേർന്ന് ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന് രൂപം നല്കി. നോൺ പ്രോഫിറ്റ് ഓർഗനൈസേഷനായി ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന് 501 (സി) (3)സ്റ്റാറ്റസും ഉടൻ ലഭിക്കും.

ഷോളി കുമ്പിളുവേലിയാണ് ഫൗണ്ടേഷൻ ചെയർമാൻ. ബിജു കാപ്പുകാട്ടിൽ (വെർജീനിയ) സെക്രട്ടറിയായും ജോസഫ് കാഞ്ഞമല സിപിഎ (ന്യൂയോർക്ക്) ട്രഷറർ ആയും പ്രവർത്തിക്കും. ഫൗണ്ടേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെപ്പറയുന്നവർ അംഗങ്ങളായ ഡയറക്ടർ ബോർഡിനെയും തെരഞ്ഞെടുത്തിട്ടുണ്ട്.

ടോം പെരുമ്പായിൽ (സോമർസെറ്റ്, ന്യൂജേഴ്സി), ബാബു ജോസഫ് സിപിഎ (പാറ്റേഴ്സൺ, ന്യൂജേഴ്സി), ജേക്കബ് ചൂരവടി (റോക്‌ലാൻഡ്, ന്യൂയോർക്ക്), പൈലപ്പൻ കണ്ണൂക്കാടൻ (ചിക്കാഗോ), ടോം തോമസ് (സ്റ്റാറ്റൻ ഐലൻഡ്, ന്യൂയോർക്ക്), ലാലി കളപ്പുരയ്ക്കൽ (ലോങ് ഐലൻഡ്, ന്യൂയോർക്ക്), ഷേർലി അടാട്ട് (ബ്രോങ്ക്സ്, ന്യൂയോർക്ക്), ജോൺ വാളിപ്ലാക്കൽ (ബ്രോങ്ക്സ്, ന്യൂയോർക്ക്). രണ്ടു വർഷമാണ് ഡയറക്ടർ ബോർഡിന്റെ കാലാവധി.

ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, വൈദിക വിദ്യാർത്ഥികളെ സഹായിക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസഹായം എത്തിക്കുക, വൃക്കരോഗികൾക്ക് ചികിത്സാ സഹായം എത്തിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഫൗണ്ടേഷൻ ലക്ഷ്യമിടുന്നു. കൂടാതെ വർഷംതോറും ജോസച്ചന്റെ ഓർമ്മയാചരണവും ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തുന്നതായിരിക്കും.

1945 മെയ് 30-ന് കണ്ടത്തിക്കുടി ജോൺ-ത്രേസ്യക്കുട്ടി ദമ്പതികളുടെ മൂത്ത മകനായി ജനിച്ച ഫാ. ജോസ് 1962-ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് വടവാതൂർ സെമിനാരിയിലും റോമിലെ അർബൻ യൂണിവേഴ്സിറ്റിയിലും വൈദികപഠനം പൂർത്തിയാക്കി. 1971 മാർച്ച് 27-ന് വത്തിക്കാനിൽ വെച്ച് കർദ്ദിനാൾ ആഗ്നെലോ റോസ്സിയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1973-ൽ കേരളത്തിൽ തിരിച്ചെത്തി. തലശ്ശേരി-മണിമൂളി ഇടവകയിൽ അസി. വികാരിയായി ശുശ്രൂഷ ആരംഭിച്ച ജോസച്ചൻ, കല്പറ്റ, ചാരിറ്റി, ഒലിവുമല, എടപ്പെട്ടി, പൊഴമുടി തുടങ്ങിയ ഇടവകകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലെ കൂനൂർ, ബാർലിയർ, വറുവൻകാട് എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും വികാരിയായി ശുശ്രൂഷ ചെയ്യുകയും ചെയ്തു.

തലശ്ശേരി, മാനന്തവാടി രൂപതകളിലെ വിവിധ ആദ്ധ്യാത്മിക മേഖലകളിലും ജോസച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. മാനന്തവാടി സെന്റ് ജോസഫ്സ് പ്രസ് മാനേജർ, മാനന്തവാടി രൂപതയുടെ ചാൻസലർ, സൺഡേസ്കൂൾ ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റിന്റെ ഡയറക്ടർ, സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ, തൂങ്കുഴി പിതാവിന്റെ സെക്രട്ടറി തുടങ്ങി വിവിധ മേഖലകളിൽ സേവനം ചെയ്തു.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനായി സിനഡ് തീരുമാനപ്രകാരം 1995-ൽ അമേരിക്കയിൽ എത്തിയ ഫാ. ജോസ് കണ്ടത്തിക്കുടി തുടക്കത്തിൽ ചിക്കാഗോയിലെ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനു നേതൃത്വം നല്കി.

തുടർന്ന് ന്യൂജേഴ്സിയിലെയും ന്യൂയോർക്കിലെയും വിവിധ സ്ഥലങ്ങളിലും സീറോമലബാർ വിശ്വാസികളെ സംഘടിപ്പിച്ച് ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു.

2002 മാർച്ച് മാസം ന്യൂയോർക്കിലെ ബ്രോങ്ക്സിൽ സെന്റ് തോമസ് സീറോമലബാർ ഇടവക സ്ഥാപിക്കുകയും 2020-ൽ റിട്ടയർ ആകുന്നതുവരെ ബ്രോങ്ക്സ് ഫൊറോന ഇടവക വികാരിയായും ശുശ്രൂഷ ചെയ്തു.




ന്യൂയോർക്കിലും കണക്ടിക്കട്ടിലും വിവിധ സ്ഥലങ്ങളിൽ സീറോമലബാർ ഇടവകയും മിഷനുകളും സ്ഥാപിക്കാനും ജോസച്ചൻ മുൻകൈയെടുത്തു. ഇക്കാലയളവിൽ കലശലായ വൃക്കരോഗം പിടിപെടുകയും രണ്ടുപ്രാവശ്യം വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനാകുകയും ചെയ്തു. റിട്ടയർ ആയതിനുശേഷം നാട്ടിലും അമേരിക്കയിലുമായി വിശ്രമജീവിതം നയിച്ചുവന്ന ജോസച്ചൻ 2024 ഡിസംബർ 21-ന് ന്യൂയോർക്കിൽ വെച്ച് അന്തരിച്ചു.

നാട്ടിലും അമേരിക്കയിലുമായി അമ്പത്തിയഞ്ചു വർഷക്കാലം സീറോമലബാർ വിശ്വാസികൾക്കായി തന്റെ ജീവിതം സമർപ്പിക്കുകയും അമേരിക്കയിലെ സീറോമലബാർ സമൂഹം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ സംഭാവനകൾ നല്കുകയും ചെയ്ത ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യവും ദീപ്തവുമായ ജീവിതം വരും തലമുറയ്ക്ക് പ്രചോദനമാകുംവിധം അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്.

ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനെപ്പറ്റി കൂടുതൽ അറിയുവാനും അതുമായി സഹകരിക്കുവാനും താല്പര്യമുള്ളവർ താഴെപ്പറയുന്നവരെ ബന്ധപ്പെടുക: ഷോളി കുമ്പിളുവേലി 914 330 6340, ജോസഫ് കാഞ്ഞമല 917 596 2119, ബിജു കാപ്പുകാട്ടിൽ 804 550 8494.

## കേരളത്തിലെ എസ്ഐആർ 18 വരെ നീട്ടി

തിരുവനന്തപുരം: കേരളത്തിലെ സമഗ്ര വോട്ടർ പട്ടിക പരിഷ്കരണ (എസ്ഐആർ) നടപടികൾ ഒരാഴ്ചത്തേക്കുകൂടി നീട്ടി. തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ നടപടികൾ നീട്ടിവെക്കണമെന്നു കേരള ചീഫ് സെക്രട്ടറി നൽകിയ കത്തു പരിഗണിച്ചാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി.

തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടക്കുന്ന 13-നു ശേഷവും എസ്ഐആറിനുള്ള എന്യൂമറേഷൻ ഫോം സമർപ്പിക്കാൻ അവസരമുണ്ട്. ഈ മാസം 18 വരെ ഫോം സമർപ്പിക്കാം. പോളിങ് ബൂത്തുകൾ പുനഃക്രമീകരണവും 18 വരെ നടത്താം. 23-നു കരടു പട്ടിക പ്രസിദ്ധീകരിക്കും.



# സെ. മേരീസ് ക്നാനായ ദേവാലയത്തിലെ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി ക്രിസ്മസ് ആഘോഷം നടത്തി

അനിൽ മറ്റത്തിക്കുന്നേൽ



ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു.

120-ഓളം കുട്ടികൾ പങ്കെടുത്ത പരിപാടികൾ സാന്തയുടെ വരവോടെ സജീവമായി. വികാരി ഫാ. സിജു മുടക്കോടിയുടെയും അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയുടെയും പ്രാർത്ഥനയോടെ ആരംഭിച്ച ക്രിസ്മസ് പ്രോഗ്രാമിൽ ഉടനീളം കുട്ടികൾ സജീവമായി പങ്കുചേർന്നു.

ഡാൻസും പാട്ടും കഥപറച്ചിലും ഫോട്ടോഷൂട്ടും പ്രോഗ്രാമിനെ വർണ്ണഭംഗി ഉള്ളതാക്കി മാറ്റി. Elf-ഉം Crayo show-യും പ്രോഗ്രാമിനെ മികവുറ്റതാക്കി മാറ്റി. കുട്ടികൾക്ക് സ്നേഹവിരുന്നും ഒരുക്കിയിരുന്നു.

പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ മിന്റു മണ്ണുകുന്നേൽ, മീന പുന്നശ്ശേരിൽ, ഡിആർഇ സജി പൂതൃക്കയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. യൂത്ത് വോളന്റിയേഴ്സ്, കൈക്കാരന്മാർ, അദ്ധ്യാപകർ, സിസ്റ്റേഴ്സ് എന്നിവർ ക്രമീകരണങ്ങൾ ചെയ്തു.

# സെ. മേരീസ് ക്നാനായ ദേവാലയത്തിൽ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ നയിക്കുന്ന ധ്യാനം 12 മുതൽ

അനിൽ മറ്റത്തിക്കുന്നേൽ




ചിക്കാഗോ: സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ക്രിസ്മസിനൊരുക്കമായുള്ള ധ്യാനത്തിന് പ്രശസ്ത വാഗ്മിയും കപ്പൂച്ചിൻ സന്യാസ സഭാംഗമായ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ നേതൃത്വം നല്കും. നർമ്മത്തിൽ ചാലിച്ച പ്രഭാഷണങ്ങളിലൂടെ ജനഹൃദയങ്ങളുടെ ഹൃദയം കീഴടക്കിയ കാപ്പിപ്പൊടിയച്ചൻ എന്ന പേരിൽ പ്രസിദ്ധമായ ജോസഫച്ചൻ നേതൃത്വം നല്കുന്ന ധ്യാനം ആരംഭിക്കുന്നത് ഡിസംബർ 12 വെള്ളിയാഴ്ച വൈകിട്ട് നാല് മണിക്കുള്ള ദിവ്യബലിയോടെയാണ്. ദിവ്യബലിയെത്തുടർന്ന് 9 മണി വരെ ധ്യാനപ്രസംഗം ഉണ്ടായിരിക്കും. ശനിയാഴ്ച രാവിലെ പത്തു മണിക്കുള്ള ദിവ്യബലിയോടെ ആരംഭിച്ച് വൈകിട്ട് 5 മണിയോടെ അവസാനിക്കത്തക്ക വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ഞായറാഴ്ച രാവിലെ പത്തു മണിക്കുള്ള ദിവ്യബലിയോടെ ആരംഭിച്ച് വൈകുന്നേരം 5 മണിക്ക് ധ്യാനം സമാപിക്കും. കുമ്പസാരത്തിനുള്ള അവസരം ധ്യാനദിവസങ്ങളിൽ ഉണ്ടായിരിക്കും.

പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ ഒരുങ്ങുന്ന അവസരത്തിൽ ഈ ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുവാനായി ഏവരെയും ക്ഷണിക്കുന്നതായി വികാരി ഫാ. സിജു മുടക്കോടിയിൽ അറിയിച്ചു. വികാരി ഫാ. സിജു മുടക്കോടിയിലിനൊപ്പം അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, ട്രഷറർ ജെയിംസ് മന്നാകുളത്തിൽ എന്നിവർ ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കുന്നു.

# വേൾഡ് പീസ് മിഷന്റെ ഒമ്പതാമത് ഭവനം കണ്ണൂരിൽ

സ്നേഹ സാബു

കൊളക്കാട്: അതിദരിദ്രരായ വിധവകൾക്ക് സംരക്ഷണ സഹായമായി വേൾഡ് പീസ് മിഷൻ നിർമ്മിക്കുന്ന ഒമ്പതാമത്തെ ഭവനം കണ്ണൂരിൽ കൊളക്കാട് എന്ന സ്ഥലത്ത് പൂർത്തിയായി.



വേൾഡ് പീസ് മിഷന്റെ ട്രസ്റ്റി ബിജോയ് ചെറിയാൻ, സുനിത സുരേന്ദ്രന് താക്കോൽ നല്കി ഭവനം കൈമാറി. വേൾഡ് പീസ് മിഷന്റെ ചെയർമാൻ ഡോ. സണ്ണി സ്റ്റീഫന്റെ നേതൃത്വത്തിലാണ് ഭവന പ്രവേശനം നടത്തിയത്. യു എസ് വേൾഡ് പീസ് മിഷന്റെ എക്സിക്യൂട്ടീവ് അംഗം തോമസ് സ്കറിയ (അരിസോണ) യാണ് നിർമ്മാണച്ചെലവുകൾ വഹിച്ചത്.

തലശ്ശേരി അതിരൂപത കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ ഏജൻസിയുടെ പിന്തുണയും ഉണ്ടായിരുന്നു. കോ-ഓപ്പറേറ്റീവ് ഏജൻസി മാനേജർ ഫാ. സോണി വടശ്ശേരിയിൽ ദീപം തെളിച്ചു. ഫാ. തോമസ് പട്ടാങ്കാളവും തലശ്ശേരി അതിരൂപത കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ ഏജൻസി അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. വീട് വെക്കുവാൻ ആവശ്യമായ ഭൂമി സൗജന്യമായി നല്കിയത് ജോസ് കൊച്ചുവീട്ടിലാണ്. മനോജ് കെ.കെ.യുടെ മേൽനോട്ടത്തിലാണ് നിർമ്മാണപ്രവർത്തനങ്ങൾ നടന്നത്. കുഴൽക്കിണർ സൗകര്യങ്ങൾ ചെയ്തത് ബോബി കല്ലറയ്ക്കലാണ്.



കേരളത്തിലുടനീളം എല്ലാ ജില്ലകളിലും വിധവകളായ സ്ത്രീകൾക്ക് ഒരു ജില്ലയിൽ 10 വീടുകൾ വീതം 140 വീടുകൾ പൂർത്തീകരിക്കുവാനുള്ള ദൗത്യമാണ് വേൾഡ് പീസ് മിഷന്റെ ഈ സംരംഭം. സിയാറ്റിലിലുള്ള ജോൺ ടൈറ്റസ് സ്പോൺസർ ചെയ്ത് നിർമ്മാണം ആരംഭിച്ച പത്തനംതിട്ട ടൗണിലുള്ള പത്താമത്തെ ഭവനം 2025 ഡിസംബർ 31-ന് പൂർത്തിയാകും.

KERALA EXPRESS പ്രവാസി താളുകൾ

# സിൽവർജൂബിലി കൺവൻഷൻ: ബ്രോങ്ക്സ് ഇടവക രജിസ്ട്രേഷൻ കിക്കോഫ്

ന്യൂയോർക്ക്: വിശ്വാസവളർച്ചയുടെ ഇരുപത്തിയഞ്ചു വർഷങ്ങൾ പൂർത്തിയാക്കി സിൽവർ ജൂബിലി നിറവിൽ നിൽക്കുന്ന ചിക്കാഗോ സീറോമലബാർ രൂപതയുടെ ഒരു വർഷം നീണ്ടു നിന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 2026 ജൂലൈ 9, 10, 11, 12 തീയതികളിൽ ചിക്കാഗോയിൽ വെച്ച് നടക്കുന്ന സീറോമലബാർ കൺവൻഷന്റെ ബ്രോങ്ക്സ് ഫൊറോന ഇടവകതല രജിസ്ട്രേഷൻ കിക്കോഫ് ഡിസംബർ 7-ന് ഞായറാഴ്ച വിജയകരമായി നടന്നു.

**ഷോളി കുമ്പിളുവേലി**

വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ചടങ്ങിൽ വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം വിശ്വാസികളിൽ നിന്നും രജിസ്ട്രേഷനുകൾ ഏറ്റുവാങ്ങി. നിരവധിപേർ കൺവൻഷനിൽ പങ്കെടുക്കാൻ താല്പര്യം അറിയിച്ചു മുന്നോട്ടുവന്നു.

ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് സീറോമലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നു.

പരസ്പരം പരിചയപ്പെടുന്നതിനും പരിചയങ്ങൾ പുതുക്കുന്നതിനും സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം അവസരം നല്കുന്ന ഈ കൺവൻഷനിൽ എല്ലാവരും പങ്കെടുക്കണമെന്ന് വികാരി ജനറാളും ജൂബിലി ജനറൽ കൺവീനറും കൂടിയായ റവ. ഫാ. ജോൺ മേലേപ്പുറം അഭ്യർത്ഥിച്ചു. അമേരിക്കയിൽ വളരുന്ന നമ്മുടെ മക്കളെയും മഹത്തായ സീറോമലബാർ വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായി നിലനിർത്തുന്നതിനും ചിക്കാഗോ കൺവൻഷൻ ഉപകരിക്കുമെന്നു വികാരി ജനറാൾ പറഞ്ഞു. ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാല കൺവൻഷനെപ്പറ്റി വിശദമായി പ്രതിപാദിക്കുകയും വിശ്വാസികൾക്കുള്ള സംശയദൂരീകരണം നടത്തുകയും ചെയ്തു.



2026 ജൂലൈ മാസം നടക്കുന്ന സീറോമലബാർ കൺവൻഷൻ രൂപതയുടെ ചരിത്രത്തിൽ തന്നെ സ്ഥാനം പിടിക്കുന്ന തരത്തിൽ വിജയകരമാക്കിത്തീർക്കുവാൻ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നതായി അദ്ദേഹം പറഞ്ഞു. കൺവൻഷൻ മുന്നോടിയായി രൂപതയിലെ വിവിധ പള്ളികളിൽ കൺവൻഷൻ കിക്കോഫുകൾ വിജയകരമായി നടന്നുവരുന്നതായും ജോസഫ് ചാമക്കാല അറിയിച്ചു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടലിൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കു. ഈയവസരം എല്ലാവരും ഉപയോഗിക്കണമെന്ന് ജൂബിലി കമ്മിറ്റി ചെയർമാൻ അഭ്യർത്ഥിച്ചു.

ചിക്കാഗോ സീറോമലബാർ കത്തീഡ്രൽ ദേവാലയ ട്രസ്റ്റി ബോബി ചിറയിലും കിക്കോഫിൽ പങ്കെടുക്കുകയും എല്ലാവരെയും ചിക്കാഗോയിലേക്ക് ക്ഷണിക്കുകയും ചെയ്തു. റവ. ഫാ. രാജീവ് പാലക്കച്ചേരി ചടങ്ങിൽ സന്നിഹിതനായിരുന്നു.

ബ്രോങ്ക്സ് സെ. തോമസ് സീറോമലബാർ ഫൊറോനാ ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് വടാന വികാരി ജനറാളിനെയും കൺവൻഷൻ ഭാരവാഹികളെയും സ്വാഗതം ചെയ്തു. കൈക്കാരൻ ഷൈജു കളത്തിൽ, കൺവൻഷൻ സെൻട്രൽ കമ്മിറ്റി അംഗങ്ങളായ ജോസഫ് കാഞ്ഞമല, ഷോളി കുമ്പിളുവേലി, ഷാജിമോൻ വടക്കൻ, വിനു വാതപ്പള്ളി തുടങ്ങിയവർ കിക്കോഫിന് നേതൃത്വം നല്കി.

കൺവൻഷനെക്കുറിച്ച് കൂടുതൽ അറിയുവാനും രജിസ്റ്റർ ചെയ്യുവാനും www.syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കി

തിരുവനന്തപുരം: സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നതിനുള്ള വ്യവസ്ഥകൾ സഹകരണസംഘം രജിസ്ട്രാർ പുറത്തിറക്കി. നിയമിക്കപ്പെടുന്നയാളുടെ മൂന്നുവർഷത്തെ പ്രവർത്തനം പോലീസ് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ട് എതിരായാൽ നിയമനം റദ്ദാക്കാനും വ്യവസ്ഥയുണ്ട്.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, സഹകരണസ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിലെ നിയമനങ്ങൾക്ക് പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കണമെന്ന് ആഭ്യന്തരവകുപ്പ് നിർദേശിച്ചിരുന്നു. ഇതനുസരിച്ച് സഹകരണ നിയമനത്തിൽ ഭേദഗതിവരുത്തി.

നിയമിക്കപ്പെടുന്നവരുടെ സ്വഭാവം, മുൻകാല ചരിത്രം എന്നിവ വ്യക്തമാകുന്ന പോലീസ് റിപ്പോർട്ടാണ് നിയമന അതോറിറ്റി വാങ്ങേണ്ടതെന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമനം സ്ഥിരപ്പെടുത്തുന്നതിനായി ആറുമാസത്തിനുള്ളിൽ പോലീസ് റിപ്പോർട്ട് വാങ്ങിയിരിക്കണം.

റാങ്ക് പട്ടികയിൽനിന്ന് നിയമനം നൽകി രണ്ടാഴ്ചയ്ക്കുള്ളിൽ പോലീസ് പരിശോധനയ്ക്കുള്ള അപേക്ഷ സഹകരണസ്ഥാപനങ്ങളുടെ മേലധികാരി പോലീസിന് നൽകണം. അന്വേഷണ തീയതിക്കു മുൻപുള്ള മൂന്നു വർഷത്തെ പ്രവർത്തനമാണ് പരിശോധിക്കേണ്ടത്. ഒന്നിലേറെ ജില്ലകളിൽ താമസിച്ചിട്ടുള്ളയാളാണെങ്കിൽ അവിടെനിന്നെല്ലാം ജില്ലാ പോലീസ് മേധാവിയിൽനിന്ന് റിപ്പോർട്ട് വാങ്ങേണ്ടതുണ്ട്.

കേരളത്തിനുപുറത്ത് ആറുമാസത്തിലധികം താമസിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലകളിലെ സൂപ്രണ്ടുമാരിൽനിന്നാണ് റിപ്പോർട്ട് വാങ്ങേണ്ടത്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമാത്രമാണ് മറ്റു സംസ്ഥാനങ്ങളിൽ താമസിച്ചതെങ്കിൽ അതിന്റെ പോലീസ് റിപ്പോർട്ട് വാങ്ങേണ്ടതില്ല. പകരം, പഠിച്ച സ്ഥാപനത്തിലെ മേധാവിയിൽനിന്നുള്ള സ്വഭാവ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

പോലീസ് റിപ്പോർട്ട് എതിരാണെങ്കിൽ നിയമനം റദ്ദാക്കുന്നതിനുമുൻപ് ജീവനക്കാരന് വിശദീകരണം നൽകാനുള്ള സമയം നൽകണം. ഇതുകൂടി പരിഗണിച്ചായിരിക്കണം അന്തിമതീരുമാനമെടുക്കേണ്ടതെന്നാണ് സർക്കുലറിൽ പറയുന്നത്.

# അവകാശികളില്ല; 760 കോടി മടക്കിനൽകി

മുംബൈ: അവകാശികളില്ലാത്ത അക്കൗണ്ടുകളിൽ കിടക്കുന്ന ഭീമമായ തുക തിരികെനൽകുന്ന നടപടിക്കു വേഗംകൂടിയതായി റിസർവ് ബാങ്ക്. ഒക്ടോബറിൽ കേന്ദ്രസർക്കാരിന്റെയും ബാങ്കുകളുടെയും ശ്രമഫലമായി 760 കോടി രൂപ ഇത്തരത്തിൽ തിരികെ നൽകിയതായി ആർബിഐ ഡെപ്യൂട്ടി ഗവർണർ ഗിരീഷ് ചന്ദ്ര മുർമു പറഞ്ഞു. അതുവരെ മാസം 100 മുതൽ 150 കോടി രൂപവരെ മാത്രമായിരുന്നു തിരികെനൽകിയിരുന്നത്. മറന്നുപോയ അക്കൗണ്ടുകളെക്കുറിച്ച് ഉപയോക്താക്കൾക്ക് പരിശോധിക്കാനുള്ള റിസർവ് ബാങ്ക് പോർട്ടൽ ലഭ്യമാക്കിയിട്ടുണ്ട്. 2025 ജൂലായ് ഒന്നുവരെ 8.59 ലക്ഷം പേർ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് വിവരങ്ങൾ പരിശോധിക്കാൻ അവസരം ലഭിക്കുക.

# ശബരിമല സ്വർണക്കൊള്ള: അന്താരാഷ്ട്രബന്ധം അന്വേഷിക്കും

തിരുവനന്തപുരം: പുരാവസ്തുക്കൾ കടത്തി അന്താരാഷ്ട്ര കരിഞ്ചന്തയിൽ വിൽക്കുന്ന കള്ളക്കടത്തുസംഘങ്ങൾക്ക് ശബരിമല സ്വർണമോഷണക്കേസുമായുള്ള ബന്ധത്തിൽ അന്വേഷണം.

ശബരിമലയിലെ സ്വർണപ്പാളിക്കടത്തിനു പിന്നിൽ 500 കോടി രൂപയുടെ ഇടപാടു നടന്നെന്നും അന്താരാഷ്ട്ര മാഫിയയാണ് പിന്നിലെന്നും കോൺഗ്രസ് പ്രവർത്തകസമിതി അംഗം രമേശ് ചെന്നിത്തല ഹരിപ്പാട്ട് പത്രസമ്മേളനത്തിൽ ആരോപിച്ചിരുന്നു.

ക്ഷേത്രങ്ങളിൽനിന്ന് പുരാവസ്തുക്കൾ മോഷ്ടിച്ച് വിൽക്കുന്ന രാജ്യാന്തര സംഘവുമായി ദേവസ്വം ബോർഡിലെ ചില ഉന്നതർക്ക് അടുത്തബന്ധമുണ്ടായിരുന്നതായി അറിവ് ലഭിച്ചെന്നും അതിനാൽ അന്വേഷണം ആ വഴിക്കും വേണമെന്നും ആവശ്യപ്പെട്ട് രമേശ് ചെന്നിത്തല പ്രത്യേക അന്വേഷണസംഘത്തലവനായ എഡിജിപി എച്ച്. വെങ്കടേഷിന് കത്തും നൽകി. ഈ കത്തിനുപിന്നാലെ ഡിസംബർ പത്തിന് മൊഴി രേഖപ്പെടുത്തുമെന്ന് പ്രത്യേക അന്വേഷണസംഘം രമേശ് ചെന്നിത്തലയെ അറിയിച്ചു.

പ്രത്യേകാന്വേഷണസംഘം ചോദ്യംചെയ്ത ആഭരണവ്യാപാരി ഗോവർധൻ ഇടനിലക്കാരൻ മാത്രമാണ്. കേരളത്തിലെ ചില വ്യവസായികളും ചില റാക്കറ്റുകളും ഇതിന്റെ ഭാഗമാണ് എന്ന വിവരവും ലഭിച്ചിട്ടുണ്ട്.

സ്വർണക്കൊള്ളയ്ക്ക് സഹായം നൽകിയ ഒരു വ്യക്തിയെക്കുറിച്ച് അറിയാം. അദ്ദേഹത്തിന്റെ വിവരങ്ങൾ ഫോൺ നമ്പർ സഹിതം അന്വേഷണസംഘത്തിന് കൈമാറും. അദ്ദേഹത്തിന്റെ സുരക്ഷ ഉറപ്പാക്കേണ്ടത് പോലീസാണ് - രമേശ് ചെന്നിത്തല പറഞ്ഞു.

# ഷേർളി മാത്യു അന്തരിച്ചു




ഫ്ളോറിഡ: എറൈസ് ഇന്ത്യ സഭയുടെ സീനിയർ ശുശ്രൂഷകൻ റാന്നി വടശ്ശേരിക്കര പുത്തൻപറമ്പിൽ പാസ്റ്റർ ജോർജ് മാത്യുവിന്റെ ഭാര്യ ഷേർളി മാത്യു (48) ഫ്ളോറിഡയിലെ ടാമ്പായിൽ അന്തരിച്ചു.

കോന്നി വട്ടക്കാവ് മേലൂട്ട് തെക്കേക്കര കുടുംബാംഗമാണ്. മക്കൾ: നോഹ, ഐസയ്യ.

# അളകനന്ദ: പ്രായമേറിയ താരാപഥം ഇന്ത്യക്കാർ കണ്ടെത്തി

പൂണെ: പ്രപഞ്ചത്തിലെ ആദ്യകാല താരാപഥങ്ങളിലൊന്ന് കണ്ടെത്തി. പ്രപഞ്ചത്തിന് 150 കോടി വർഷം മാത്രം പഴക്കമുള്ളപ്പോൾ മുതൽ നിലനിന്നിരുന്ന താരാപഥത്തെയാണ് പൂണെ അസ്ട്രോഫിസിക്സ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നുള്ള റാഷി ജെയിൻ, യോഗേഷ് വഡഡേക്കർ എന്നീ ഗവേഷകർ കണ്ടെത്തിയത്. ഹിമാലയത്തിലെ പുണ്യനദിയായ അളകനന്ദയുടെ പേര് ഈ താരാപഥത്തിനു നൽകി.



ഭൂമിയുൾപ്പെടുന്ന താരാപഥമായ ക്ഷീരപഥം പോലെ സർപ്പിളാകൃതിയിലുള്ളതാണ് (സ്പൈറൽ) അളകനന്ദ. ജയിംസ് വെബ് ടെലിസ്കോപ്പിലെ വിവരങ്ങൾ അപഗ്രഥിച്ചാണ് അളകനന്ദയെ കണ്ടെത്തിയത്.

# ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക

**എൽസി ബേബി**

ഏതുസമൂഹത്തിന്റേയും രാജ്യത്തിന്റേയും രാഷ്ട്രത്തിന്റേയും അടിസ്ഥാന ബിന്ദു 'കുടുംബം' ആണെന്നു പറയേണ്ടതില്ലല്ലോ. കുടുംബം നന്നായാൽ സമൂഹം നന്നാകും. കുടുംബത്തേക്കുറിച്ച് 'കൂടുമ്പോൾ ഇമ്പം' എന്നു പറയാറുണ്ട്. കുടുംബം ഒരു പാഠശാലയാകുന്നു. സ്നേഹത്തിന്റേയും ഐക്യതയുടേയും വിശ്വാസത്തിന്റേയും സന്തോഷത്തിന്റേയും സമാധാനത്തിന്റേയും ഈശ്വരഭക്തിയുടേയും ദൈവവിശ്വാസത്തിന്റേയും വിത്തുകൾ പാകി വളർത്തി കൊയ്തെടുക്കുന്ന ഒരു വയലാണ് കുടുംബം. കൃഷിക്കാരൻ കൃഷി ചെയ്യുന്നതിനുമുമ്പ് തന്റെ നിലം ഉഴുത് കട്ടകളെല്ലാം നീക്കി നന്നായി ഒരുക്കുന്നു. വിതക്കാനുള്ള വിത്തുകൾ തെരഞ്ഞെടുത്ത് പാകപ്പെടുത്തി തയാറാക്കുന്നു. കാലാവസ്ഥ നിരീക്ഷിച്ചു അതിൻപ്രകാരം വിത്തുപാകി കാത്തിരിക്കുന്നു. വിത്തുമുളച്ചു വളരുന്തോറും അതിനാവശ്യമായ വളവും വെള്ളവും നല്കി അതിന്റെ വളർച്ചയെ നിരീക്ഷിച്ചുകൊണ്ടിരിക്കും. വിളവിനിടിൽ വളരുന്ന കളകളും മുള്ളും മറ്റും അതാതു സമയംതന്നെ പറിച്ചുകളഞ്ഞ് വിളവു കാത്തുസൂക്ഷിക്കുന്നു. വിതച്ച്, വിത്തു മുളച്ചു വളർന്നു ഫലംകായ്ച്ച് കൊയ്തെടുക്കുന്നതുവരെ ഒരു നല്ല കൃഷിക്കാരൻ തന്റെ നോട്ടവും ശ്രദ്ധയും തന്റെ വയലിൽതന്നെ കേന്ദ്രീകരിച്ചിരിക്കും. വിളവെടുക്കുമ്പോൾ സമൃദ്ധിയായി തന്റെ കണ്ണും ഹൃദയവും നിറയെ ശേഖരിച്ചു സംതൃപ്തിയടഞ്ഞ് സന്തോഷിച്ച് ആഹ്ലാദിക്കുന്നു. ഏതുകൃഷിയുടെയും അടിസ്ഥാനതത്വം ഇതൊക്കെയാണല്ലോ? അതുതന്നെയാണ് ഒരു കുടുംബമാകുന്ന വയലിന്റെ അനുഭവം. അതിനെ പ്രോത്സാഹിപ്പിക്കുന്ന ഒരു അനുഭവകഥ പറയാം.

"ഇഷ്ടാനുസരണം മക്കളെ ജീവിക്കുവാൻ അനുവദിക്കണമെന്നും പ്രായപൂർത്തിയാകുമ്പോൾ അവർക്കു ബോധിച്ചവണ്ണം അവർക്കിഷ്ടമുള്ള ധാർമ്മികമൂല്യങ്ങൾ സ്വീകരിക്കുവാൻ അവർക്കു സ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നും സുപ്രസിദ്ധ ആംഗലകവിയായ കോളറിഡ്ജിന്റെ അടുക്കൽ ഒരു സന്ദർശകൻ വന്നു ശക്തിയായി വാദിച്ചു. കോളറിഡ്ജ് ഉത്തരമൊന്നും പറയാതെ തന്റെ ഉദ്യാനം സന്ദർശിക്കേണ്ടതിന് അദ്ദേഹത്തെ ക്ഷണിച്ചു. കളകളും കാട്ടുചെടികളും മാത്രം വളർന്ന ഒരിടം കോളറിഡ്ജ് അദ്ദേഹത്തെ കാണിച്ചുകൊടുത്തു. അതുകണ്ട് സന്ദർശകൻ ചോദിച്ചു: "ഇതാണോ ഉദ്യാനം? ഇതു വെറും കാടല്ലേ?" സന്ദർശകന്റെ അഭിപ്രായം കേട്ട കോളറിഡ്ജ് പറഞ്ഞു: "സുഹൃത്തേ, എന്റെ എസ്റ്റേറ്റിൽ ഞാൻ ശ്രദ്ധിക്കാതെ വെറുതേ ഇട്ടിരിക്കുന്ന ഇടമാണിത്. എന്തെല്ലാം സ്വാഭാവികമായി വളരുമോ അവയെല്ലാമാണ് ഇവിടെ വളർന്നു നില്ക്കുന്നത്. ഇവിടെ സ്വാഭാവികമായി ഈ കാട്ടുചെടികളല്ലാതെ മറ്റൊന്നും വളർന്നില്ല. വരൂ ഞാൻ മറ്റൊരിടം കാണിക്കാം" കോളറിഡ്ജ് മറ്റൊരു വശത്തേക്ക് സന്ദർശകനെ കൂട്ടിക്കൊണ്ടുപോയി. അതു താൻ സായാഹ്നങ്ങൾ ചെലവഴിക്കുന്ന തന്റെ 'പൂവാടിക'യായിരുന്നു. മനോഹരപുഷ്പങ്ങൾ അവിടെ സുഗന്ധം പരത്തി വിരിഞ്ഞു നില്ക്കുന്നതു കാണിച്ചിട്ട് കോളറിഡ്ജ് പറഞ്ഞു "ഇതു ഞാൻ ശ്രദ്ധയോടെ വളർത്തുന്ന എന്റെ പൂന്തോട്ടമാകുന്നു. ഇവിടെ മാത്രമേ സുവർണ്ണസൂനങ്ങൾ വിടർന്നിട്ടുള്ളു. ഇതു തനിയേ സ്വാഭാവികമായി വളർന്നുണ്ടായതല്ല ഞാൻ മനഃപൂർവ്വം ശ്രദ്ധയോടെ വളർത്തിയെടുത്തവയാകുന്നു". കോളറിഡ്ജിന്റെ സന്ദേശം വളരെ വ്യക്തമായിരുന്നു.

സ്വാഭാവികതയ്ക്കുവിട്ടാൽ യാതൊരു നന്മയും കുട്ടികളിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. അച്ചടക്കവും ധാർമികതയും സ്വാഭാവികമായി ഉണ്ടാകുന്നതല്ല. അതു കുട്ടികളിൽ മനഃപൂർവ്വം മാതാപിതാക്കൾ വളർത്തിയെടുക്കേണ്ടതാകുന്നു. എത്ര നല്ല മാതൃക! കുഞ്ഞുങ്ങൾ വളരുന്ന കുടുംബാന്തരീക്ഷമനുസരിച്ചായിരിക്കും അവരുടെ സ്വഭാവ രൂപീകരണം എന്നത് മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട യാഥാർത്ഥ്യമാകുന്നു. 'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മനുഷ്യനുള്ള കാലം' എന്നത് കേവലം യാഥാർത്ഥ്യം മാത്രം. അതുപോലെതന്നെ 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക: അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല' എന്ന യാഥാർത്ഥ്യം മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടതാകുന്നു. തെറ്റുകൾ കണ്ടാൽ തിരുത്തുക. 'അഭ്യസിപ്പിക്ക' എന്നത് പഠിപ്പിക്കുകയും അതു പ്രായോഗികമാക്കാൻ ശ്രമിക്കുകയും ചെയ്യുക എന്ന രണ്ടു വശങ്ങളുണ്ട്. ഏതു പ്രവൃത്തിയേക്കുറിച്ചും വായിച്ചു പഠിച്ചാൽ മാത്രം പോരാ അതു പ്രാവൃത്തികമാക്കുക എന്നതും ഒത്തുചേർന്നാൽ മാത്രമേ 'അഭ്യാസ'മാകയുള്ളൂ (Learning and Practicing'). മക്കളെ വളർത്തുന്നതിനെക്കുറിച്ച് ജ്ഞാനിയായ സോളമൻ പല അർത്ഥവത്തായ ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. അവയെല്ലാം പ്രാധാന്യം അർഹിക്കുന്ന സിദ്ധാന്തങ്ങളാകുന്നു. മാതാവിന്റെ ഉപദേശവും അപ്പന്റെ പ്രബോധനവും മക്കൾക്ക് ബാല്യകാലം മുതലേ ലഭിക്കേണ്ടിയിരിക്കുന്നു. ബാലന്റെ ഹൃദയത്തോട് ഭോഷത്തം പറ്റിയിരിക്കുന്നു. ശിക്ഷക്കുള്ള വടി അതിനെ അവനിൽനിന്നും അകറ്റിക്കളയും. ശിക്ഷയും ശിക്ഷണവും ഒന്നിച്ചു പ്രായോഗികമാക്കുക. 'ശിക്ഷണം' നല്ല ഉപദേശങ്ങളിലൂടെ പഠിപ്പിക്കുക. അതു തെറ്റിച്ചാൽ ശിക്ഷയുണ്ട് എന്നതും കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടതാകുന്നു. കുഞ്ഞുങ്ങളെ പഠിപ്പിക്കുമ്പോൾ മാതാപിതാക്കൾ നല്ല മാതൃക കാണിച്ചുവേണം അവരെ ശിക്ഷിക്കുവാനും ശിക്ഷ നല്കുവാനും. കുഞ്ഞുങ്ങൾ ആഗ്രഹിക്കുന്ന സ്നേഹവും വാത്സല്യവും ആവോളം നല്കി വളർത്തിയാൽ അവർ മാതാപിതാക്കളെ മാനിക്കയും സ്നേഹിക്കയും അനുസരിക്കയും ചെയ്യും.



ലേഖിക

മാതാപിതാക്കളും മക്കളും തമ്മിൽ ശാരീരികമായും മാനസികമായും അടുത്ത ബന്ധം പുലർത്തിവേണം ജീവിക്കുവാൻ. ഓരോ കുഞ്ഞുങ്ങളും വ്യത്യസ്ത സ്വഭാവമുള്ളവരായിരിക്കും. അവരുടെ കളികളും പെരുമാറ്റങ്ങളും സംസാരവും സ്വഭാവവും മറ്റും ശ്രദ്ധിച്ചാൽ നമുക്കതു മനസ്സിലാക്കാം. മാതാപിതാക്കൾ ശൈശവപ്രായം മുതലേ അതു നിരീക്ഷിച്ചു മനസ്സിലാക്കി അതനുസരിച്ചുവേണം അവരോട് ഇടപെടുവാൻ. ഒരിക്കലും കുഞ്ഞുങ്ങളെ മറ്റു കുഞ്ഞുങ്ങളോടു താരതമ്യപ്പെടുത്തി പെരുമാറുകയോ സംസാരിക്കയോ അരുത്. അത് അവരുടെ മാനസികവികാരങ്ങൾക്കു ക്ഷതം നല്കാനിടയാകും. അനുസരണം, ബഹുമാനം, ആത്മാർത്ഥത, സംതൃപ്തി, സ്നേഹം എന്നീ ഗുണങ്ങൾ കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കാൻ ശ്രമിക്കേണ്ടതാകുന്നു. അതുപോലെതന്നെ കുഞ്ഞുങ്ങൾ ചോദിക്കുന്നതും ആഗ്രഹിക്കുന്നതുമായതെല്ലാം അവർക്കു നല്കി അവരെ ദുഃശ്ശീലമുള്ളവരാക്കരുത്. അവർക്കാവശ്യമുള്ളതുമാത്രം നല്കി അനാവശ്യ ആഗ്രഹങ്ങളെ കാര്യകാരണസഹിതം നിരുത്സാഹപ്പെടുത്തുവാൻ ശ്രദ്ധിക്കുക. സ്വയം പരിശ്രമംകൊണ്ട് സ്വന്തംകാലിൽ നില്ക്കാൻ മക്കളെ അഭ്യസിപ്പിക്കുക. മക്കളെ ദൈവത്തിന്റെ ദാനവും സമ്പത്തും അവകാശവുമായി കരുതിവേണം വളർത്തുവാൻ. മക്കൾ ഭാവിയിൽ ആരാകണമെന്ന് ദൈവം തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുവേണം അവരെ വളർത്തുവാൻ. അവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ആഗ്രഹങ്ങളും തുറന്നു പറയുവാനുള്ള അവസരം മക്കൾക്കു നല്കുക. ബുദ്ധിപൂർവ്വമായ അഭിപ്രായങ്ങളേയും അറിവുകളേയും മാനിക്കുക മാത്രമല്ല പ്രശംസിച്ചു പ്രോത്സാഹിപ്പിക്കുവാൻ മടിക്കരുത്. അതുപോലെ തെറ്റുകൾ പറയുകയോ പ്രകടിപ്പിക്കുകയോ ചെയ്താൽ അവയെ പുച്ഛിച്ചും നിന്ദിച്ചും തള്ളിക്കളയരുത്. തെറ്റുകൾ കാര്യകാരണസഹിതം പറഞ്ഞു തിരുത്തിക്കൊടുക്കുക. എബ്രഹാം ലിങ്കൺ തന്റെ മക്കൾക്ക് ഏതു സമയത്തും തന്റെ ഔദ്യോഗികമുറിയിൽ കടന്നുവരുന്നതിനും തന്നോടു സംസാരിക്കുന്നതിനും സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. മക്കളെ ശാസിക്കുമ്പോഴും ശിക്ഷിക്കുമ്പോഴും "ഒരു ആപ്പിൾകൂടെ വടിയോടുകൂടെ കരുതണം" എന്ന മട്ടിൽ ലൂഥർ പറയാറുണ്ട്. ശിക്ഷ കൊടുക്കുമ്പോൾ അവർ ചെയ്ത തെറ്റ് എന്താണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും അവരെ സ്നേഹിക്കുന്നതുകൊണ്ടാണ് ശിക്ഷിക്കുന്നതെന്നും അവരുടെ നന്മക്കുവേണ്ടിയാണ് ശിക്ഷ എന്നും മക്കൾ മനസ്സിലാക്കത്തക്കവിധം വേണം ശിക്ഷ നടപ്പിലാക്കുവാൻ. 'കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടും' എന്നും കുറ്റവാളികൾ ശിക്ഷാർഹരാണെന്നും ഉള്ള ബോധം കുഞ്ഞുങ്ങളിൽ ചെറുപ്പംമുതലേ അങ്കുരിപ്പിക്കേണ്ടതാകുന്നു. കുറ്റംചെയ്താൽ ശിക്ഷ ലഭിക്കയില്ല എന്ന ധാരണ കൂടുതൽ വലിയ കുറ്റങ്ങൾക്കവരെ പ്രേരിപ്പിക്കും.

സദാ വിമർശനവിധേയരായി വളരുന്ന മക്കൾ മറ്റുള്ളവരെ പരിഹസിക്കുന്നവരായും വിധിക്കുന്നവരായും വളരും. സ്നേഹം ലഭിക്കാതെ പകയോടെ വളർത്തപ്പെടുന്ന മക്കൾ ദ്വേഷ്യക്കാരും മത്സരികളുമായി വളരും. പരിഹസിക്കപ്പെട്ടു വളരുന്നവർ അന്തർമുഖരും അപകർഷതാബോധമുള്ളവരുമായിരിക്കും. സദാ അപമാനിക്കപ്പെട്ടവനായി വളരുന്നവർ കുറ്റബോധമുള്ളവനായിട്ടായിരിക്കും വളരുക. ക്ഷമാശീലത്തോടെ വളർത്തപ്പെടുന്നവൻ ക്ഷമയുള്ളവനായി വളരും. പ്രോത്സാഹനം ലഭിച്ചു വളരുന്നവൻ ആത്മാഭിമാനിയായിത്തീരും. ചെയ്യുന്ന കാര്യങ്ങളിൽ പ്രശംസ ലഭിച്ചു വളരുന്ന കുട്ടി മറ്റുള്ളവരെ അഭിനന്ദിക്കുന്നവനായി വളരും. ഭവനത്തിൽ മാന്യമായ പെരുമാറ്റം ലഭിച്ചു വളരുന്നവൻ നീതിപൂർവ്വം കാര്യങ്ങളെ ചെയ്യുന്നവനായി വളരും. സുരക്ഷാബോധത്തിൽ ജീവിച്ചു വളരുന്നവൻ മറ്റുള്ളവരെ വിശ്വസിക്കുന്നവനായി വളരും. അംഗീകാരം ലഭിച്ചവനായി വളരുന്ന കുഞ്ഞ് ആത്മവിശ്വാസമുള്ളവനായി തീരും. സ്നേഹിക്കപ്പെട്ടു വളരുന്നവൻ മറ്റുള്ളവർക്കു പ്രിയങ്കരനായി വളരും. മറ്റുള്ള കുട്ടികളുമായി സദാ താരതമ്യപ്പെടുത്തപ്പെട്ടു വളരുന്ന കുട്ടികൾ ഫലംകെട്ടവരായിട്ടായിരിക്കും വളരുക. പ്രിയമുള്ളവരേ 'വിത്തുഗുണം പത്തുഗുണം' എന്നു പറയാറുള്ളത് വെറുതേയല്ല എന്നോർക്കുക. സന്തോഷിക്കുവാനും ഭാവിയിൽ തണലായിരിക്കുവാനും തിരിച്ചേല്പിക്കണമെന്ന വ്യവസ്ഥയിൽ ദൈവത്തിൽനിന്നും മാതാപിതാക്കൾക്ക് താല്കാലിക കടമായി ലഭിച്ച സമ്പത്തുമാണ് മക്കൾ എന്ന അറിവോടും ബോധത്തോടും കൂടെവേണം മക്കളെ വളർത്തി വലുതാക്കുവാൻ. മക്കൾ എന്നും വിലപ്പെട്ടവരാകുന്നു. അവർക്കു ജന്മംകൊടുത്തവർ എന്നുള്ള നിലയിൽ അവരെ ഉത്തമരായി വളർത്തേണ്ട ചുമതല മാതാപിതാക്കളുടെ കടമയാകുന്നു. യാതൊരു സദ്ഗുണവും മക്കളിൽ സ്വാഭാവികമായി വളരുന്നതല്ല. വിത്തുപാകി കൃഷിചെയ്തു നല്ല വിളവെടുക്കുന്നതുപോലെ ആത്മീകമാനങ്ങൾ മക്കളിൽ പാകി വലുതാക്കേണ്ട ചുമതല മാതാപിതാക്കൾക്കുണ്ട്. മക്കളെ ദൈവഹിതപ്രകാരം പരിപാലിച്ചു ശ്രദ്ധിച്ചു വളർത്താതെ, ധനാഗമ മാർഗ്ഗങ്ങൾ മാത്രം ചിന്തിച്ചും അതിനുവേണ്ടിമാത്രം അദ്ധ്വാനിച്ചും ജീവിക്കുന്ന മാതാപിതാക്കൾ ഭാവിയിൽ സകല നേട്ടങ്ങളും മക്കൾക്കല്ലേ വിട്ടേച്ചുപോകുന്നതെന്നോർക്കുക. ഇന്നു മിക്ക ഭവനങ്ങളിലും മക്കൾ തങ്ങളുടെ ഇഷ്ടാനുസരണം വളരുന്ന പ്രവണതയാണ് കാണുന്നത്. അതിന്റെ തിക്താനുഭവങ്ങളാണ് ഭവനങ്ങളിലും സമൂഹത്തിലും കണ്ടുവരുന്നത്.

മാതാപിതാക്കളുടെ കണ്ണുകൾ തുറക്കുവാൻ ഈ ലേഖനം സഹായമായി തീരട്ടേ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# കോട്ടയം സിഎംഎസിൽ 'ജെൻ സീ പോസ്റ്റ് ഓഫീസ്'

കോട്ടയം: കേരളത്തിലെ ആദ്യ കലാലയമെന്ന നിലയിൽ അറിവിന്റെ അക്ഷരത്തണൽ വിരിച്ച സിഎംഎസ് കോളജ് 'എഴുത്തു'വഴിയിൽ വേറിട്ട ഒരു ചുവടുകൂടി സ്വന്തമാക്കുന്നു.

പോസ്റ്റ് ഓഫീസുകളെ പുതുതലമുറയ്ക്കിടയിൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി തപാൽ വകുപ്പ് ഒരുക്കുന്ന 'ജെൻ സീ പോസ്റ്റ് ഓഫീസു'കളിൽ കേരളത്തിലെ ആദ്യത്തേതു സ്ഥാപിക്കുന്നതു കോട്ടയം സിഎംഎസ് കോളജിൽ. 90 ശതമാനവും ഡിജിറ്റൽ സേവനങ്ങളാണു ജെൻ സീ പോസ്റ്റ് ഓഫീസിൽ ലഭിക്കുക.

ക്യൂആർ അധിഷ്ഠിത പാഴ്സൽ ബുക്കിങ് ഉൾപ്പെടെയുള്ള സേവനങ്ങൾക്കു പുറമേ ഓൺലൈൻ സേവനങ്ങൾ മാത്രം ലഭ്യമാക്കുന്ന സ്മാർട്ട് സർവീസ് ടച്ച് പോയിന്റുകൾ, റീഡിങ് റൂം, വൈഫൈ സോൺ എന്നിവ ജെൻ സീ പോസ്റ്റ് ഓഫീസിൽ ഒരുക്കുമെന്നാണു കേന്ദ്ര തപാൽ വകുപ്പിന്റെ അറിയിപ്പ്.

കോളജിന്റെ പ്രധാന കവാടം കടന്നെത്തുമ്പോൾ കാണുന്ന അക്വേറിയത്തിനു സമീപത്തെ ഒരു മുറിയിലാണ് പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുകയെന്നു പ്രിൻസിപ്പൽ ഡോ. അഞ്ജു ശോശൻ ജോർജ് പറഞ്ഞു. പുറത്തുനിന്നു പോസ്റ്റ് ഓഫീസിലേക്കു നേരിട്ടു പ്രവേശിക്കുന്നതിനു പ്രധാന കവാടത്തിൽനിന്ന് അൽപം മാറി വഴി ഉണ്ടാകും.




സിഎംഎസ് കോളജിൽ ഒരുക്കിയ ജെൻ സീ പോസ്റ്റ് ഓഫീസ്.

# ശംഖുമുഖത്ത് നാവികസേനാ ദിനാഘോഷം രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: കേരളത്തിന് അഭിമാനകരമായ ഒരു സമുദ്ര പാരമ്പര്യമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പങ്കാളിത്ത ബോധവും ശേഷി വർധിപ്പിക്കലും സമുദ്രങ്ങളുടെ സമാധാനപരമായ ഉപയോഗവുമാണു ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നത്. സുസ്ഥിര വികസനത്തിന്റെ ചാലകശക്തിയായി 'ബ്ലൂ ഇക്കോണമി'യുടെ സാധ്യതകൾ നമ്മുടെ രാജ്യം പ്രയോജനപ്പെടുത്തുന്നു.

സമുദ്ര പാതകൾ സുരക്ഷിതമാക്കിയും സമുദ്രവിഭവങ്ങൾ സംരക്ഷിച്ചും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടഞ്ഞും സമുദ്ര ഗവേഷണത്തെ പിന്തുണച്ചും ഇന്ത്യൻ നാവികസേന ഈ ശ്രമങ്ങളിൽ നിർണായക പങ്ക് വഹിക്കുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

നാവികസേന ദിനാഘോഷത്തിന്റെ ഭാഗമായി ഡിസംബർ മൂന്നിന് ശംഖുമുഖത്തു നടന്ന നാവികസേനാ അഭ്യാസപ്രകടനങ്ങൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ദ്രൗപദി മുർമു.

പതിനാറാം നൂറ്റാണ്ടിൽ യൂറോപ്യൻ അധിനിവേശത്തിനെതിരെ ഇവിടുത്തെ പോരാളികൾ തീരദേശത്തെ സംരക്ഷിച്ചു. പുരാതന തുറമുഖമായ മുസിരിസ്, ഇന്ത്യ ലോകവുമായി ബന്ധപ്പെട്ടിരുന്ന പ്രധാന കവാടങ്ങളിൽ ഒന്നായിരുന്നുവെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.



## തദ്ദേശതെരഞ്ഞെടുപ്പിൽ നോട്ട ഇല്ല

തൃശൂർ: സ്ഥാനാർത്ഥികളെ ആരെയും താൽപര്യമില്ലാത്തതിനാൽ നോട്ടയ്ക്ക് കുത്താൻ കാത്തിരിക്കുന്നവർ അറിയുക; തദ്ദേശ തെരഞ്ഞെടുപ്പിൽ നോട്ട ഇല്ല. ലോക്സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മാത്രമേ നോട്ട അനുവദിച്ചിട്ടുള്ളൂ.

ത്രിതല തെരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചായത്ത് പരിധിയിൽ മെഷീനിൽ 'എൻഡ്' ബട്ടൺ ഉണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ മൂന്ന് വോട്ട് ചെയ്യാനുള്ള ഇവിടെ, രണ്ട് വോട്ട് ചെയ്തശേഷം അടുത്ത തലത്തിൽ വോട്ട് ചെയ്യാൻ താൽപര്യമില്ലെങ്കിൽ 'എൻഡ്' ബട്ടൺ അമർത്തി മടങ്ങാം. ഒരു വോട്ട് ചെയ്ത ശേഷം 'എൻഡ്' ബട്ടൺ അമർത്തേണ്ടവർക്ക് അതുമാകാം. ഇനി ആർക്കും വോട്ട് ചെയ്യാൻ താൽപര്യമില്ലെങ്കിൽ ആദ്യമേ 'എൻഡ്' ബട്ടൺ അമർത്തി മടങ്ങാം. എൻഡ് ബട്ടൺ 'വോട്ടർ' അമർത്തിയില്ലെങ്കിൽ പോളിങ് ഉദ്യോഗസ്ഥൻ ബട്ടൺ അമർത്തി അടുത്ത വോട്ടിനായി യന്ത്രം സജ്ജീകരിക്കും. നഗരസഭ, കോർപറേഷൻ പരിധിയിൽ ഉപയോഗിക്കുന്ന സിംഗിൾ പോസ്റ്റ് യന്ത്രങ്ങളിൽ 'എൻഡ്' ബട്ടൺ ഇല്ല.

എന്നാൽ, ബൂത്തിൽ ഒപ്പു രേഖപ്പെടുത്തിയ ശേഷം പോലും വോട്ട് ചെയ്യാതിരിക്കാനുള്ള അവസരം എല്ലാ തെരഞ്ഞെടുപ്പിലും വോട്ടർമാർക്കുണ്ട്. വോട്ട് ചെയ്യുന്നില്ല എന്ന കാര്യം പ്രിസൈഡിങ് ഓഫീസറോട് പറയണം. ഇക്കാര്യം ബൂത്തിലുള്ള ഏജന്റുമാരെയും ബോദ്ധ്യപ്പെടുത്തി, വോട്ട് ചെയ്തില്ല എന്ന കാര്യം പ്രിസൈഡിങ് ഓഫീസർ ഡയറിയിൽ രേഖപ്പെടുത്തും.

## കയറ്റിറക്കുമതി: ഒരു വർഷം കണ്ടെത്തിയത് 6945 കോടി രൂപയുടെ വെട്ടിപ്പ്

കോഴിക്കോട്: കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യയിൽ ഇറക്കുമതി-കയറ്റുമതി മേഖലയിൽ 6,945 കോടി രൂപയുടെ വെട്ടിപ്പു കണ്ടെത്തിയതായി ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസിന്റെ (ഡിആർഐ) വാർഷിക റിപ്പോർട്ട്. കസ്റ്റംസ് 3780 കേസുകളിലായി 4216 കോടി രൂപയുടെ വെട്ടിപ്പു കണ്ടെത്തുകയും 21 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഡിആർഐ 605 കേസുകളിലായി 2729 കോടി രൂപയുടെ തട്ടിപ്പു കണ്ടെത്തി.

ഇറക്കുമതിയുമായി ബന്ധപ്പെട്ട് 542 കേസുകളിലായി 2606 കോടി രൂപയുടെ കൃത്രിമമാണു ഡിആർഐ കണ്ടെത്തിയത്. ഇതിൽ 49.81 ശതമാനം കേസുകളും ചരക്കുകളുടെ ഇനവും തരവും മാറ്റി രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ടാണ്.

വിലകുറച്ചു കാണിച്ച് ഇറക്കുമതി ചെയ്ത കേസുകളിൽ 21.82 ശതമാനം ആഡംബര കാറുകളുമായി ബന്ധപ്പെട്ടതാണ്. 9.09 ശതമാനം കേസുകൾ മൊബൈൽ ഫോണുകളും ഘടകങ്ങളുമാണ്. ചൈനയിൽനിന്നുള്ള ഇറക്കുമതിയുമായി ബന്ധപ്പെട്ട് 19 കേസുകളും ദുബായിൽനിന്നുള്ള ഇറക്കുമതിയുടെ 14 കേസുകളുമുണ്ട്. യുഎസ്, ജപ്പാൻ എന്നിവിടങ്ങളിൽനിന്ന് ആഡംബര കാറുകൾ ശ്രീലങ്കയിലോ ദുബായിലോ എത്തിച്ച്, വലതുവശ ഡ്രൈവിങ്ങിലേക്കു മാറ്റി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നതായും കൃത്രിമ രേഖകൾ ഹാജരാക്കി യഥാർത്ഥ വിലയുടെ പകുതി മാത്രമാണ് തീരുവയായി അടയ്ക്കുന്നതെന്നും കണ്ടെത്തി. 25 കോടി രൂപയുടെ തീരുവ വെട്ടിച്ച് 30 ആഡംബര കാറുകൾ ഇന്ത്യയിലേക്കു കടത്തിയത് ഇക്കൊല്ലം ജനുവരിയിൽ ഡിആർഐ കണ്ടെത്തിയിരുന്നു.

മുംബൈ, നാഗ്പൂർ എയർകാർഗോ കോംപ്ലക്സുകളിലൂടെ ആറ് കമ്പനികൾ വില കുറഞ്ഞ ഇലക്ട്രോണിക് ഉപകരണ ഭാഗങ്ങൾ വലിയ വില കാണിച്ച് ഇറക്കുമതി ചെയ്ത് 795 കോടി രൂപ വിദേശത്തേക്കു കടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. തീരുവയില്ലാതെ വ്യാപാരം നടത്താവുന്ന രാജ്യങ്ങളിൽ നിന്നെന്ന പേരിൽ വ്യാജരേഖകളുണ്ടാക്കിയാണ് ഇറക്കുമതി നടത്തുന്നത്. 63 കേസുകളിലായി 123.32 കോടി രൂപയുടെ കയറ്റുമതിത്തട്ടിപ്പും പിടികൂടി. കയറ്റുമതി പ്രോത്സാഹിപ്പിക്കാനുള്ള വിവിധ പദ്ധതികളിലെ ആനുകൂല്യം (ഡ്രോബാക്ക്) തട്ടിയെടുക്കാനുള്ള ശ്രമമാണു കണ്ടെത്തിയത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.16 |
| യൂറോ | 105.04 |
| സ്റ്റെർലിംഗ്പൗണ്ട് | 120.09 |
| സ്വിസ് ഫ്രാങ്ക് | 112.12 |
| സിംഗപ്പൂർ ഡോളർ | 69.53 |
| കനേഡിയൻ ഡോളർ | 65.23 |
| ഒമാൻ റിയാൽ | 234.50 |
| ബഹ്റൈൻ ദിനാർ | 239.16 |
| സൗദി റിയാൽ | 24.02 |
| യു.എ.ഇ. ദിർഹം | 24.55 |
| കുവൈത്ത് ദിനാർ | 293.67 |

## വിസി നിയമനത്തിൽ വിട്ടുവീഴ്ചയ്ക്കു തയാറായില്ലെങ്കിൽ ഇടപെടുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: കേരള ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലേക്കുള്ള സ്ഥിരം വൈസ് ചാൻസലർ നിയമനത്തിൽ ഗവർണറും മുഖ്യമന്ത്രിയും വിട്ടുവീഴ്ചയ്ക്കു തയാറായില്ലെങ്കിൽ തങ്ങൾ ഇടപെട്ട് നിയമനം നടത്തുമെന്ന് സുപ്രീംകോടതി.

വിസിയാക്കാൻ യോഗ്യതയില്ലെന്ന് മുഖ്യമന്ത്രി വിയോജനക്കുറിപ്പ് എഴുതിയ ഡോ. സിസ തോമസിനെ സാങ്കേതിക സർവകലാശാലാ വിസിയായും മുൻഗണനാപട്ടികയിൽ നാലാമതായി നിർദേശിച്ച ഡോ. പ്രിയ ചന്ദ്രനെ ഡിജിറ്റൽ സർവകലാശാലാ വിസിയായും ഗവർണർ ശിപാർശ ചെയ്തതോടെയാണു തർക്കം മുറുകിയത്.

ഇതിന്റെ പശ്ചാത്തലത്തിൽ ഡിസംബർ ഒൻപതോടെ സ്ഥിരം വിസി നിയമനത്തിൽ തീരുമാനത്തിലെത്താൻ ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, പി.ബി. വരാലെ എന്നിവരുടെ ബെഞ്ച് ആവശ്യപ്പെട്ടു. 11-ന് വ്യാഴാഴ്ച കേസ് വീണ്ടും പരിഗണിക്കുമ്പോൾ വിസി നിയമനത്തിൽ മുഖ്യമന്ത്രിയും ഗവർണറും സമവായത്തിലെത്തിയില്ലെങ്കിൽ കോടതി വിസിമാരെ നിയമിക്കും. എന്നാൽ അതിനുള്ള അവസരം ഉണ്ടാക്കരുതെന്നും വിഷയം പരിഗണിച്ചപ്പോൾ ബെഞ്ച് വ്യക്തമാക്കി.



# ഡോ. ആന്റണി കാട്ടിപ്പറമ്പിൽ അഭിഷിക്തനായി

കൊച്ചി: പ്രാർത്ഥനാഗീതികൾ നിറഞ്ഞുനിന്ന ബലിവേദിയിൽ, വിശ്വാസി സഹസ്രങ്ങളെ സാക്ഷിനിർത്തി കൊച്ചി രൂപതയുടെ പുതിയ ബിഷപ്പായി ഡോ. ആന്റണി കാട്ടിപ്പറമ്പിൽ അഭിഷിക്തനായി. തിരുക്കർമങ്ങൾക്കു ഗോവ ആർച്ച് ബിഷപ് കർദിനാൾ ഡോ. ഫിലിപ് നേരി ഫെറാവോ കാർമികത്വം വഹിച്ചു.

പുതിയ ഇടയനെ തൈലാഭിഷേകം ചെയ്ത് അജപാലന അധികാരത്തിന്റെ അടയാളങ്ങളായ അംശമുടിയും അംശവടിയും സ്ഥാനമോതിരവും അദ്ദേഹം അണിയിച്ചു.

വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, കൊച്ചി രൂപതാ മുൻ ബിഷപ് ഡോ. ജോസഫ് കരിയിൽ എന്നിവർ സഹകാർമികരായി. തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി വചനസന്ദേശം നൽകി. ആന്റണി കാട്ടിപ്പറമ്പിലിനെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ കൽപന ലത്തീൻ ഭാഷയിൽ രൂപതാ ചാൻസലർ ഫാ. ഡോ. ജോണി സേവ്യർ പുതുക്കാടും മലയാള പരിഭാഷ ബസിലിക്ക റെക്ടർ ഫാ. ജോൺസൺ ചിറമ്മലും വായിച്ചു.

അഭിഷേകകർമങ്ങൾക്കുശേഷം പുതിയ ബിഷപ്പിന്റെ കാർമികത്വത്തിലാണു കുർബാന തുടർന്നത്. വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ് ലെയോ പോൾദോ ജിറെല്ലി, സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ, സിബിസിഐ പ്രസിഡണ്ട് മാർ ആൻഡ്രൂസ് താഴത്ത്, കെആർഎൽ സിബിസി പ്രസിഡണ്ട് ആർച്ച് ബിഷപ് വർഗീസ് ചക്കാലയ്ക്കൽ, കൊച്ചി രൂപതാ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി.



# പ്രവാസികളുടെ യോഗം വിളിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം: കേരളത്തിലെ തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി (എസ്ഐആർ) ബന്ധപ്പെട്ടു പ്രവാസികളുടെ യോഗം വിളിക്കാൻ നോർക്കയോട് നിരന്തരം ആവശ്യപ്പെട്ടിട്ടും നടപടിയില്ല. ഈ സാഹചര്യത്തിൽ പ്രവാസി മലയാളികളുടെ ആശങ്ക പരിഹരിക്കാൻ പ്രവാസി സംഘടനകളുടെ യോഗം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ നേരിട്ടു വിളിക്കും. പ്രവാസികളിൽ ഭൂരിഭാഗവും യുഡിഎഫിനെ അനുകൂലിക്കുന്നവരായതിനാലാണ് പ്രവാസിക്ഷേമത്തിനുള്ള സർക്കാർ സ്ഥാപനമായ നോർക്ക യോഗം വിളിക്കാൻ തയാറാകാത്തതെന്ന് എസ്ഐആർ സംബന്ധിച്ച് സിഇഒ വിളിച്ച രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗത്തിൽ മുസ്ലിം ലീഗ് ആരോപിച്ചു. പ്രവാസികളുടെ യോഗം ഓൺലൈനായി വിളിക്കണമെന്ന് രാഷ്ട്രീയ പാർട്ടികളുടെ നിരന്തര ആവശ്യമായിരുന്നു. ഇക്കാര്യം ആവശ്യപ്പെട്ടു സിഇഒ ഡോ. രത്തൻ യു. ഖേൽക്കർ നോർക്കയ്ക്ക് കത്തു നൽകിയിട്ടും നടപടിയുണ്ടായില്ല. എസ്ഐആർ നടപടിക്കു ശേഷം പുറത്തിറക്കുന്ന വോട്ടർപട്ടികയിൽ പേരില്ലെങ്കിൽ പൗരത്വ പ്രശ്നമുണ്ടാകുമോ എന്ന ആശങ്കയാണ് പ്രവാസികൾക്കുള്ളത്. വോട്ടർപട്ടികയിൽ 90,030 പ്രവാസികളാണുള്ളത്. ഇതിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തത് 2670 പേർ മാത്രമാണെന്ന് സിഇഒ യോഗത്തിൽ പറഞ്ഞു.

പ്രവാസികൾക്കുള്ള കോൾ സെന്ററിലെ 1950 എന്ന നമ്പരിലേക്ക് ഒരുമാസത്തിനിടെ വിളിച്ചത് 33,661 പേരാണ്. ഇ-മെയിൽവഴി ബന്ധപ്പെട്ടത് 2146 പേരും.

# മലപ്പുറത്ത് സ്ഥാനാർത്ഥി കുഴഞ്ഞുവീണു മരിച്ചു

മലപ്പുറം: തെരഞ്ഞെടുപ്പ് പ്രചാരണം കഴിഞ്ഞുവീട്ടിൽ മടങ്ങിയെത്തിയ സ്ഥാനാർത്ഥി കുഴഞ്ഞുവീണു മരിച്ചു. മലപ്പുറം മൂത്തേടം പഞ്ചായത്ത് പായിമ്പാടം ഏഴാംവാർഡിലെ യുഡിഎഫ് സ്ഥാനാർത്ഥി വട്ടത്ത് ഹസീന (49) യാണ് മരിച്ചത്. പായിമ്പാടം അംഗനവാടി അധ്യാപികയാണ്. മുസ്ലീം ലീഗ് സ്ഥാനാർത്ഥിയായിരുന്നു. പ്രചരണത്തിന്റെ ഭാഗമായി വീടുകൾ കയറി വോട്ട് ചോദിക്കുന്നതും കുടുംബയോഗങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. വീട്ടിലെത്തി രാത്രി 11.15 ഓടെ നെഞ്ചുവേദനയെത്തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു.

ഉടൻ എടക്കര സ്വകാര്യ ആശുപത്രിയിലേക്കുകൊണ്ടുപോയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഭർത്താവ്: അബ്ദുറഹിമാൻ.

# വിമാനനിരക്കിന് പരിധി നിശ്ചയിച്ച് കേന്ദ്രം

ന്യൂഡൽഹി: ഇൻഡിഗോ സർവീസുകൾ താറുമാറായതിനുപിന്നാലെ മറ്റു വിമാനക്കമ്പനികൾ യാത്രാനിരക്ക് വൻതോതിൽ ഉയർത്തിയത് തടയാൻ കേന്ദ്ര സർക്കാർ. യാത്രാദൂരത്തിനനുസരിച്ച് നിരക്കുകൾക്ക് വ്യോമയാനമന്ത്രാലയം പരിധി നിശ്ചയിച്ചു. ഇതിനുപുറമേ യൂസർ ഡിവലപ്മെന്റ് ഫീ (യുഡിഎഫ്), പാസഞ്ചർ സർവീസ് ഫീ (പിഎസ്എഫ്) തുകയും നികുതിയുമുണ്ടാകും. പ്രതിസന്ധി സാധാരണനിലയിലെത്തുംവരെ നിയന്ത്രണമുണ്ടാകും.

വിമാനക്കമ്പനികളുടെ ഔദ്യോഗിക വെബ്സൈറ്റുകൾക്കും വിവിധ ഓൺലൈൻ ട്രാവൽ ബുക്കിങ് സൈറ്റുകൾക്കും ബാധകമാകും. ന്യായമായ യാത്രാനിരക്ക് ഉറപ്പാക്കാനാണ് ഇടപെടലെന്നും ലംഘനമുണ്ടായാൽ അടിയന്തര നടപടിയെടുക്കുമെന്നും മന്ത്രാലയം അറിയിച്ചു.

ബിസിനസ് ക്ലാസ്, ഉഡാൻ വിമാനങ്ങൾക്ക് നിരക്കുപരിധി ബാധകമാകില്ല. ഇക്കോണമി ക്ലാസിനുമാത്രമാണോ അതോ പ്രീമിയം ഇക്കോണമി ക്ലാസിനും കൂടി പരിധി ബാധകമാണോ എന്നതിൽ വ്യക്തതയില്ല. പൈലറ്റുമാരുടെ വിശ്രമം ഉറപ്പാക്കാനുള്ള പുതിയ ഡ്യൂട്ടി ചട്ടമായ ഫ്ളൈറ്റ് ഡ്യൂട്ടി ടൈം ലിമിറ്റേഷൻ (എഫ്ഡിടിഎൽ) നടപ്പാക്കുന്നതിൽ ഫെബ്രുവരി 10 വരെ ഇൻഡിഗോയ്ക്ക് ഇളവും നൽകി.

പൈലറ്റുമാരുടെ വിശ്രമസമയം സംബന്ധിച്ചുള്ള പുതിയ ചട്ടങ്ങൾ കൈകാര്യംചെയ്യുന്നതിൽ വീഴ്ചവരുത്തിയതിനും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കിയതിനും ഇൻഡിഗോ സിഇഒ പീറ്റർ എൽബേഴ്സിന് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ കാരണംകാണിക്കൽ നോട്ടീസ് അയച്ചു.

24 മണിക്കൂറിനുള്ളിൽ മറുപടി നൽകണമെന്നാണ് ആവശ്യം. അതേസമയം, ഇൻഡിഗോ വിമാനസർവീസുകൾ ഡിസംബർ ആറിനും അവതാളത്തിലായി. 850-ൽത്താഴെ സർവീസുകളാണ് ആറിന് റദ്ദാക്കിയത്. കേരളത്തിൽനിന്ന് 35 സർവീസുകൾ റദ്ദാക്കി. തിരുവനന്തപുരത്തുനിന്നുള്ള 24 സർവീസുകളിൽ 14 എണ്ണവും കൊച്ചിയിൽ 15 എണ്ണവും റദ്ദാക്കി. കോഴിക്കോടുനിന്നുള്ള നാലും കണ്ണൂരിൽ രണ്ടും സർവീസുകൾ റദ്ദാക്കി.

അഞ്ച് മുതൽ നിരക്ക് പരിധി നടപ്പാക്കിയിട്ടുണ്ടെന്നും എയർ ഇന്ത്യ അറിയിച്ചു. യാത്രാദുരിതം പരിഹരിക്കാൻ റെയിൽവേ ആറിന് 84 സ്പെഷ്യൽ തീവണ്ടികൾ പ്രഖ്യാപിച്ചു.

# ജമാഅത്തെ ബന്ധത്തെച്ചൊല്ലി എൽഡിഎഫ് – യുഡിഎഫ് പോര്

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പ് പ്രചാരണം അവസാനഘട്ടത്തിലേക്കു പ്രവേശിച്ചിരിക്കേ, ജമാഅത്തെ ഇസ്‌ലാമിയുമായുള്ള ബന്ധത്തെച്ചൊല്ലി എൽഡിഎഫ് - യുഡിഎഫ് വാക്പോര് മുറുകി.

മൂന്നുദിവസങ്ങളിൽ മാധ്യമങ്ങളുമായി നടത്തിയ മുഖാമുഖത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചു നടത്തിയ പരാമർശങ്ങളാണ് ചർച്ചയ്ക്കു വഴിമരുന്നിട്ടത്. ജമാഅത്തെ ഇസ്‌ലാമിയുമായി വോട്ടുചർച്ച നടന്നിട്ടില്ലെന്നു മുഖ്യമന്ത്രി ആവർത്തിച്ചപ്പോൾ, പിണറായി വിജയൻ പാർട്ടിസെക്രട്ടറിയായിരിക്കേ നടത്തിയ കൂടിക്കാഴ്ച ചൂണ്ടിക്കാട്ടി പ്രതിപക്ഷം രംഗത്തിറങ്ങി. കൂടിക്കാഴ്ച നടത്തിയതായി ഡിസംബർ ഏഴിന് സമ്മതിച്ച മുഖ്യമന്ത്രി, അതു ഗുഡ് സർട്ടിഫിക്കറ്റ് നൽകാനല്ലെന്നും അവരോടുള്ള എതിർപ്പ് തുറന്നുപ്രകടിപ്പിച്ചിട്ടുണ്ടെന്നും വാദിച്ചു. ജമാഅത്തെ ഇസ്‌ലാമി വർഗീയസംഘടനയാണെന്നു വ്യക്തമാക്കി 2014-ൽ ഉമ്മൻചാണ്ടി സർക്കാർ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം മുഖ്യമന്ത്രി ആയുധമാക്കി. ജമാഅത്തെ ഇസ്‌ലാമിയുമായി ഒരിക്കലും ഐക്യമുണ്ടാക്കിയിട്ടില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനും ഈയിടെ വാദിച്ചിരുന്നു.

മുഖ്യമന്ത്രിയുമായി പലവട്ടം ചർച്ച നടത്തിയെന്നും സിപിഎം വോട്ടുചോദിച്ചപ്പോൾ കൊടുത്തിട്ടുണ്ടെന്നും ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി ശിഹാബ് പൂക്കോട്ടൂർ സാമൂഹിക മാധ്യമത്തിൽ വെളിപ്പെടുത്തിയതോടെ അങ്കച്ചൂടേറി.

ആലപ്പുഴ ഗസ്റ്റ് ഹൗസിൽ 2011 മാർച്ച് 31-ന് പിണറായി വിജയനുമായി നടന്ന ചർച്ചയിൽ അന്നത്തെ അമീറായിരുന്ന ടി. ആരിഫലിയും ശൈഖ് മുഹമ്മദ് കാരക്കുന്നുമായിരുന്നു ജമാഅത്തിനെ പ്രതിനിധാനംചെയ്ത് പങ്കെടുത്തതെന്നും വെളിപ്പെടുത്തി.

സിപിഎം-ജമാഅത്തെ ഇസ്‌ലാമി ബന്ധം തള്ളിക്കളഞ്ഞ മുഖ്യമന്ത്രി, ജമാഅത്തെ ഇസ്‌ലാമി എന്നും വർഗീയവാദികളായിരുന്നെന്നും നാലു വോട്ടിനായി യുഡിഎഫിന് അവരിപ്പോൾ തങ്കക്കുടമായെന്നും കോഴിക്കോട്ടെ മുഖാമുഖത്തിൽ തുറന്നടിച്ചു. സിപിഎം-ജമാഅത്തെ ഇസ്‌ലാമി ബന്ധമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞതു പച്ചക്കള്ളമാണെന്നും പാർട്ടി സെക്രട്ടറിയായിരിക്കെ പിണറായി വിജയൻ ജമാഅത്തെ നേതാക്കളെ മുഴുവൻ കണ്ടിട്ടുണ്ടെന്നും പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ വയനാട്ടിൽ തിരിച്ചടിച്ചു.

തെരഞ്ഞെടുപ്പിൽ പിന്തുണ നൽകുന്ന കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിയാണ് നിലപാട് മാറ്റിയതെന്നും യുഡിഎഫ് അല്ലെന്നും മുസ്‌ലിംലീഗ് സംസ്ഥാനപ്രസിഡണ്ട് സാദിഖലി ശിഹാബ് തങ്ങളും പ്രതികരിച്ചു.

# രവി ഡിസിക്ക് ഫ്രഞ്ച് സർക്കാരിന്റെ ഷെവലിയർ ബഹുമതി



ന്യൂഡൽഹി: സാഹിത്യ, പ്രസാധന രംഗങ്ങളിലെ പ്രവർത്തനമികവിന് ഡിസി ബുക്സ് മാനേജിംഗ് ഡയറക്ടർ രവി ഡിസിക്ക് ഫ്രഞ്ച് സർക്കാരിന്റെ ഉന്നത ഷെവലിയർ ബഹുമതി. ഡൽഹിയിലെ ഫ്രഞ്ച് എംബസിയിൽ നടന്ന ചടങ്ങിൽ ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡർ തെരി മാത്തോവിൽനിന്നു ഷെവലിയർ ഓഫ് ആർട്സ് ആൻഡ് ലെറ്റേഴ്സ് പുരസ്കാരം രവി ഏറ്റുവാങ്ങി.

കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രഫ. കെ.വി. തോമസ്, സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, ജോൺ ബ്രിട്ടാസ് എംപി, ദൂരദർശൻ ഡയറക്ടർ ജനറൽ സതീഷ് നമ്പൂതിരിപ്പാട് എന്നിവരും പങ്കെടുത്തു.

# SEEKING BRIDEGROOM

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

**Visit Our Website:
www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com.**

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

## മാത്യു ജോസഫ്

**ആനവിലാസം:** പാറമാക്കൽ (വാളിപ്ലാക്കൽ) മാത്യു ജോസഫ് (തങ്കച്ചൻ-77) അന്തരിച്ചു. ഭാര്യ പൊൻകുന്നം ചെങ്കൽ മുണ്ടയ്ക്കൽ സൂസി മാത്യു. മക്കൾ: പ്രകാശ് (യുഎസ്), ജീവൻ. മരുമക്കൾ: തൃപ്പൂണിത്തുറ മാപ്പുചേരിയിൽ ലിബി മാത്യു (യുഎസ്), കോട്ടയം കരുവേലിത്തറ സാബി ജീവൻ.

**സൗത്ത് പാമ്പാടി:** അഞ്ചാനിക്കൽ പാസ്റ്റർ പി.എം. ജോൺ (80) അന്തരിച്ചു.

**കരിമ്പാനി:** കയ്യൂന്നപാറ ജോസഫ് ആന്റണി (പാപ്പച്ചൻ -98) അന്തരിച്ചു.

## മേരി തോമസ്




**വാഷിങ്ടൺ ഡിസി:** കടമ്പനാട് ഐവർകാലായിൽ മഠത്തിൽ പടിഞ്ഞാറ്റേതിൽ മുളകുവിളയിൽ പരേതനായ ജോൺ സി. തോമസിന്റെ സഹധർമ്മിണി മേരി തോമസ് (87) അന്തരിച്ചു. എഴുപതുകളിൽ അമേരിക്കയിലെത്തി അലക്സാണ്ടരിയ സിറ്റിയിൽ ജോലി ചെയ്ത് വിർജീനിയ ഹെറേണ്ടനിൽ താമസിച്ചിരുന്ന പരേത വാഷിങ്ടൺ സെന്റ് തോമസ് ഇടവകയിലെ സജീവാംഗമായിരുന്നു.

**പുനലൂർ:** ഐക്കരക്കോണം എസ്എൻഡിപി ശാഖാ പ്രസിഡണ്ട് ഐക്കരക്കോണം ദിനേശ് ഭവനിൽ ക്യാപ്റ്റൻ എസ്. മധുസൂദനൻ (78) അന്തരിച്ചു.

**അമയന്നൂർ:** തെക്കേക്കര വഴനതോട്ടത്തിൽ പരേതനായ വി.എ. തോമസിന്റെ ഭാര്യ റിട്ട. ഹെഡ്നേഴ്സ് ഏലിയാമ്മ വർഗീസ് (ചിന്നമ്മ-83) അന്തരിച്ചു.

## മറിയാമ്മ മാത്യു കുളപ്പുരത്താഴെ



**ന്യൂയോർക്ക്:** പാലാ-ചേർപ്പുങ്കൽ കുളപ്പുരത്താഴെ പരേതനായ കെ.സി. മാത്യുവിന്റെ (പാപ്പച്ചൻ) ഭാര്യ മറിയാമ്മ മാത്യു (88) ന്യൂയോർക്കിൽ അന്തരിച്ചു. പരേത വൈക്കം പാലക്കൽ കുടുംബാംഗമാണ്. മക്കൾ: ടെസ്സി ഹോർമിസ് വന്യംപറമ്പിൽ, ജെയിംസ് മാത്യു (സിബി), ഷീല ജോണി, ജോഷി മാത്യു, ജിനു മാത്യു. മരുമക്കൾ: ഹോർമിസ് വാര്യംപറമ്പിൽ, ആഷ വന്യംപറമ്പിൽ, ജോണി രാമപുരം, പ്രിയ മറ്റം, നിഷ മനയാനിക്കൽ.

**ചങ്ങനാശേരി:** നഗരസഭ റിട്ട. ഉദ്യോഗസ്ഥൻ പെരുന്ന കിഴക്ക് പുതിയമഠം (മാടയിൽ) രാജഗോപാലൻ ആചാരി (80) അന്തരിച്ചു.


## അന്നമ്മ ഈശോ

**പുത്തൻപീടിക:** പ്ലാംകൂട്ടത്തിൽ അന്നമ്മ ഈശോ(89) അന്തരിച്ചു. ഭർത്താവ് പരേതനായ എം.ഡി. ഈശോ (പി.ഡബ്ല്യു.ഡി. റിട്ട. ഉദ്യോഗസ്ഥൻ). മക്കൾ: ഷീബ, ഷാജി, ഷീല (യുഎസ്), ഷിബു, ഷീജ, ഷേർലി, ഷീലു. മരുമക്കൾ: അപ്പു, ലില്ലിക്കുട്ടി, കുഞ്ഞുമോൻ (യുഎസ്), മാഗി, സൈമൺ, പാപ്പച്ചൻ, ബാസി.

**തോട്ടക്കാട്:** കൊണ്ടോടിക്കൽ പരേതനായ തോമസ് കൊണ്ടോടിയുടെ മകൻ ഏബ്രഹാം തോമസ് കൊണ്ടോടി (റിബി-49) അന്തരിച്ചു.

**പേരൂർ:** വടക്കേപ്പറമ്പിൽ പരേതനായ അച്ചൻകുഞ്ഞിന്റെ ഭാര്യ ഏലിയാമ്മ തോമസ് (79) അന്തരിച്ചു.

## കെ.എ. ഏബ്രഹാം അന്തരിച്ചു



**ഗാർലാൻഡ്/ഡാളസ്:** കണ്ടംകുളത്ത് പരേതരായ കോശി ഏബ്രഹാം ഏലിയാമ്മ ഏബ്രഹാം ദമ്പതികളുടെ മകനും പ്ലാനോ സിയോൻ മാർത്തോമ്മാ ഇടവകാംഗവും റവ. റോയ് എ. തോമസിന്റെ (വൈലി-ഡാളസ്) പിതൃസഹോദരനുമായ ഏബ്രഹാം തങ്കച്ചൻ (74) ഡാളസിൽ അന്തരിച്ചു. ഭാര്യ തിരുവല്ല ഈസ്റ്റ് ഓതറ കാപ്പിങ്ങാട്ടിൽ തങ്കമ്മ. മകൻ: ഡോ. എബി ഏബ്രഹാം. മരുമകൾ: സൂസൻ ഏബ്രഹാം. സഹോദരങ്ങൾ: ഡോ. കെ.എ. കോശി, ഡോ. കെ.എ. വർഗീസ്, കെ.എ. ബെഞ്ചമിൻ, പ്രഫ. ജോൺ കെ. ഏബ്രഹാം, പരേതനായ കെ.എ. തോമസ്, കുഞ്ഞമ്മ ജോൺ, മാരിയമ്മ ബേബി, അന്നമ്മ നൈനാൻ, സൂസമ്മ വർഗീസ് (യുഎസ്എ). ഗ്രാൻഡ് പ്രേരിയിലെ മാർത്തോമ്മാ സഭയുടെ ആരംഭം മുതൽ പ്ലാനോ സിയോൻ മാർത്തോമ്മാ പള്ളിയുടെ രൂപീകരണം വരെ തങ്കച്ചൻ സഭയുടെ ഒരു നെടുംതൂണായി പ്രവർത്തിച്ചിരുന്നു.

## അന്നമ്മ മാത്യു

**കുന്നോന്നി:** കിഴക്കേൽ പരേതനായ മാത്യുവിന്റെ ഭാര്യ അന്നമ്മ മാത്യു (94) യുഎസിൽ അന്തരിച്ചു. തീക്കോയി മടിക്കാങ്കൽ കുടുംബാംഗമാണ്. മക്കൾ: മേരിക്കുട്ടി (യുഎസ്), ലീലാമ്മ (പൂണെ) സിസ്റ്റർ മേരി വത്സ (കൊട്ടിയം), തങ്കമ്മ (യുഎസ്).

## ആർ. രാജഗോപാലൻ

**കടവന്ത്ര:** ബിഎസ്എൻഎൽ റിട്ട. ഏരിയാ മാനേജർ ഇരിങ്ങാലക്കുട കരിവേലംകുളം ആർ. രാജഗോപാലൻ (86) അന്തരിച്ചു. ഭാര്യ ജയശ്രീ രാജഗോപാലൻ. മക്കൾ: ശ്രീകുമാർ, ശിവകുമാർ, ദുർഗ (മൂവരും യുഎസ്). മരുമക്കൾ: ദീപ, ടീന.

## ബോബി ജോസഫ്



**ഡാളസ്:** മൂവാറ്റുപുഴയ്ക്കടുത്ത് ഐരാപുരം മുതലത്ത് പരേതനായ ജോസഫിന്റെയും പിറവത്തിനടുത്ത് വെളിയനാട് സ്വദേശി മേരി ജോസഫിന്റെയും മകൻ ബോബി ജോസഫ് (55) ഡാളസിലെ കരോൾട്ടനിൽ അന്തരിച്ചു. ഭാര്യ: തിരുവനന്തപുരം സ്വദേശി ഡോ. എലിസബത്ത് സാമുവൽ. മക്കൾ: ലിയ, അന്ന. സഹോദരി:ലിസ പോൾ.

**ചെങ്ങന്നൂർ:** ഗ്രാഫിക് ആർട്സ് ഇൻഡസ്ട്രീസ് സ്ഥാപകൻ ചെങ്ങന്നൂർ കൊഴുവല്ലൂർ കീരിക്കാട് പുത്തൻമഠത്തിൽ കെ.ടി. തോമസ് (86) ബെംഗ്ളൂരുവിൽ അന്തരിച്ചു.

**പാലാ:** ചെത്തിമറ്റം മറ്റത്തിൽ പരേതനായ എം.ഡി. ജോസഫിന്റെയും ത്രേസ്യാമ്മ ജോസഫിന്റെയും മകനും വ്യവസായിയുമായ ഫ്രാൻസിസ് ജോസഫ് (58) അന്തരിച്ചു.

## ലീലാമ്മ തോമസ്

**കുടമാളൂർ:** കൊച്ചുപുരയ്ക്കൽ ലീലാമ്മ തോമസ് (92) അന്തരിച്ചു. ഭർത്താവ് കെ.ജെ. തോമസ് (റിട്ട. എഇഒ കോട്ടയം). മക്കൾ: ഷീല (യുഎസ്), സോണി തോമസ്. മരുമക്കൾ: കൊല്ലാട് പള്ളത്തുപറമ്പിൽ സൂസമ്മ ജേക്കബ് (റിട്ട. ഡപ്യൂട്ടി ചീഫ് എൻജിനിയർ കെഐസ്ഇബി).

**തിരുവഞ്ചൂർ:** കുളത്തുങ്കൽ മത്തായിയുടെ ഭാര്യ മറിയാമ്മ മത്തായി (മേരി-80) അന്തരിച്ചു.

**ഇലവുംതിട്ട:** റിട്ട. റോ ഓഫീസർ നെച്ചാട്ടുപറമ്പിൽ എൻ.കെ. കോശി (98) അന്തരിച്ചു.

## സി.എൻ. മധുസൂദനൻ നായർ

**മാന്നാനം:** കനറാ ബാങ്ക് റിട്ട. ചീഫ് മാനേജർ ചന്ദ്രമംഗലത്ത് സി.എൻ. മധുസൂദനൻ നായർ (74) അന്തരിച്ചു. ഭാര്യ: ഏറ്റുമാനൂർ വാഴക്കരോട്ട് വീട്ടിൽ പ്രസന്നകുമാരി (റിട്ട. സീനിയർ അക്കൗണ്ടിംഗ് ഓഫീസർ ബിഎസ്എൻഎൽ). മക്കൾ: എം. കിരൺ (ദുബായ്), എം.അരുൺ (യുഎസ്). മരുമക്കൾ: നിത രാജഗോപാൽ (ദുബായ്), ഡോ. ആർഷ വിജയകുമാർ (യുഎസ്).

## ത്രേസ്യാമ്മ ജോയിക്കുട്ടി

**മുഴൂർ:** പന്തലാനിക്കൽ ത്രേസ്യാമ്മ ജോയിക്കുട്ടി മിഷിഗണിൽ അന്തരിച്ചു. ഭർത്താവ് ചെങ്ങന്നൂർ പുതുമന പി.പി. ജോയിക്കുട്ടി. മക്കൾ: ഡോ. ബ്ലോസം, ബാബിനോ. മരുമകൻ: അനിൽ.

**പത്തനംതിട്ട:** ഓർത്തഡോക്സ് സഭാ മുൻ മാനേജിങ് കമ്മിറ്റി അംഗവും ഉല്ലാസ്നഗർ സെ. മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയുമായ പത്തനംതിട്ട പെരുന്നാട് ഫാ. സജി മാത്യു താന്നിമൂട്ടിൽ (60) മുംബൈയിൽ അന്തരിച്ചു.

## പി. സരസ്വതിയമ്മ

**ഏറ്റുമാനൂർ:** ജ്യോതിസ് വീട്ടിൽ പരേതനായ കൃഷ്ണൻകുട്ടി നായരുടെ ഭാര്യ റിട്ട. അധ്യാപിക പി. സരസ്വതിയമ്മ (90) അന്തരിച്ചു.മക്കൾ: ജ്യോതിലക്ഷ്മി, അജിത്കുമാർ (യുഎസ്), അരുൺകുമാർ (ദുബായ്). മരുമക്കൾ: രാജചന്ദ്രൻ, ദീപ (യുഎസ്), ശ്രീകല (കോയമ്പത്തൂർ).

## കെ.ടി. തോമസ്

**ആർപ്പൂക്കര:** ഡൺലപ് ഇന്ത്യ മുൻ ഉദ്യോഗസ്ഥൻ കാഞ്ഞപ്പള്ളിൽ കെ.ടി. തോമസ് (98) അന്തരിച്ചു. ഭാര്യ കുമളി അമ്പലത്തുങ്കൽ പരേതയായ അന്നമ്മ തോമസ്. മക്കൾ: അമ്മാൾ ജോർജ്, സണ്ണി തോമസ്, കെ.ടി. വർഗീസ്, കെ.ടി. ആൻഡ്രൂസ്, മേഴ്സി ഏബ്രഹാം (യുഎസ്), പാസ്റ്റർ കുര്യൻ കെ. തോമസ്, മരുമക്കൾ: ജോർജ് തോമസ് മണ്ണെണ്ണപ്പറമ്പിൽ, ലോവിസ് സണ്ണി, ഷൈല വർഗീസ്, കുഞ്ഞുമോൾ ആൻഡ്രൂസ്, ഷാജി ഏബ്രഹാം മാക്കിൽ (യുഎസ്), ജാൻസി കുര്യൻ.

**കുറിച്ചി:** കെഎസ്ആർടിസി റിട്ട. സൂപ്രണ്ട് ചെറുവള്ളിൽ സി.എ. സൈമൺ (തമ്പി-82) അന്തരിച്ചു.

**പത്തനംതിട്ട:** വിമുക്തഭടൻ പുത്തൻപീടിക വിളവിനാൽ ഇടിക്കാളിക്കൽ വി.ജി. സാമുവൽ (86) അന്തരിച്ചു.

**തിരുവല്ല:** പാലിയേക്കര ചോതിയാംപറമ്പിൽ മാത്തൻ യോഹന്നാൻ (81) അന്തരിച്ചു.

**മേരിലാൻഡ്:** കാക്കനാട്ട് കെ.സി. ഏബ്രഹാം (അവിരാച്ചൻ-85) അന്തരിച്ചു.


## പി.എൽ. ജോയി

**മള്ളൂശ്ശേരി:** വലിയപേരകത്ത് പി.എൽ. ജോയി (80) അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ ചെമ്പകശേരിൽ. മക്കൾ: ജോജോ, ജിയ (യുഎസ്), ജിപിൻ. മരുമക്കൾ: ലേഖ ചേലനിൽക്കുംതടത്തിൽ കിടങ്ങൂർ, ജോജി വട്ടപ്പാറയിൽ മറ്റക്കര (യുഎസ്), ഷാമോൾ കൊതയ്ക്കൽ തൊടുപുഴ.

## ആലീസ് ഏബ്രഹാം

**കോട്ടയം:** നാട്ടകം ചെട്ടിക്കുന്ന് കൊച്ചുപുരയ്ക്കൽ പരേതനായ കെ.ജി. ഏബ്രഹാമിന്റെ ഭാര്യ ആലീസ് ഏബ്രഹാം (92) അന്തരിച്ചു. കൊച്ചേട്ട് കുടുംബാംഗമാണ്. മക്കൾ: കെ. ജോർജ് ഏബ്രഹാം (ബഹ്റിൻ), വർക്കി കെ. ഏബ്രഹാം (യുഎസ്), പരേതയായ ആനി ജേക്കബ്. മരുമക്കൾ: സ്മിത ജോർജ് പൊയ്കയിൽ (നാട്ടകം), ഷൈനി ഏബ്രഹാം മോഡയിൽ (ചെങ്ങന്നൂർ), ചാർലി പാലച്ചിറ (കുടയംപടി).

## കുഞ്ഞച്ചൻ മത്തായി



**ചിക്കാഗോ:** ആലപ്പുഴ വെളിയനാട് മുരുക്കുവേലിച്ചിറ വീട്ടിൽ കുഞ്ഞച്ചൻ മത്തായി (50) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ സോഫി കുഞ്ഞച്ചൻ. മക്കൾ: രമ്യ, സൗമ്യ, സോബിൻ.

**വണ്ണപ്പുറം:** കാളിയാർ സെന്റ് മേരീസ് എച്ച്എസ്എസ് റിട്ട. അധ്യാപകൻ കാട്ടാംകോട്ടിൽ കെ.എ. തോമസ് (86) അന്തരിച്ചു.

**കാണക്കാരി:** മുത്തൂറ്റ് ഫിനാൻസ് സോണൽ മാനേജർ വാഴക്കാലയിൽ സക്കറിയ സെബാസ്റ്റ്യൻ (രാജു-53) അന്തരിച്ചു.

## ഗോപാലകൃഷ്ണ കൈമൾ

**ഇടവട്ടം:** വാക്കയിൽ ഗോപാലകൃഷ്ണക്കൈമൾ (84) അന്തരിച്ചു. ഭാര്യ കോഴിക്കോട് മതിലകത്ത്മഠത്തിൽ നിർമ്മല. മകൾ: സുമ (യുഎസ്). മരുമകൻ ദീപക് നവനീത് (യുഎസ്).

## മേരിക്കുട്ടി വർഗീസ്

**ചുണ്ടച്ചേരി:** മുന്നുമാക്കൽ (കിഴക്കേക്കര) എം.ജെ. വർഗീസിന്റെ ഭാര്യ മേരിക്കുട്ടി വർഗീസ് (78) അന്തരിച്ചു. പൈക പുത്തൻപുരക്കൽ തെക്കേതിൽ കുടുംബാംഗമാണ്. മക്കൾ: സിനിമോൾ ജോൺ (യുഎസ്), സീനിയ ബിനു (ദുബായ്), ഡെൽഷ സിജു (അബുദാബി), സെൽമ ഡെന്നി (യുകെ). മരുമക്കൾ: ജോൺ ജോസഫ് പന്തപ്ലാംതൊട്ടിയിൽ, ബിനു ജോസഫ് കുറുന്താനത്ത്, സിജു കോക്കാട്ട്, ഡെന്നിജോർജ് കുളത്തിങ്കൽ.

**കോട്ടയം:** താഴത്തങ്ങാടി ഇല്ലിക്കൽച്ചിറയിൽ ജോൺ സി. മാത്യു (ജോണിക്കുട്ടി-88) അന്തരിച്ചു.


## പൈലോ കോര

**പൊൻപള്ളി:** പൊൻപള്ളി പള്ളി മുൻ ട്രസ്റ്റി വെള്ളാപ്പള്ളി നടുപറമ്പിൽ പൗലോ കോര (കുട്ടപ്പൻ-89) അന്തരിച്ചു. ഭാര്യ കൂരോപ്പട കൊച്ചക്കര സാറാമ്മ. മക്കൾ: ഡോ. എൻ.കെ. ഫിലിപ്പ് (റിട്ട. സയന്റിസ്റ്റ് ഐഎസ്ആർഒ), പ്രഫ. ഡോ. എൻ.കെ ജേക്കബ് (യുഎസ്), സി.എ. ഏബ്രഹാം കോര (കുവൈറ്റ്), തോമസ് കോര. മരുമക്കൾ: ഉഷ ഫിലിപ്പ്, ഡോ. രജനി ജേക്കബ്, ഡോ. റീന ഏബ്രഹാം, സൂസൻ തോമസ്.

## മാത്യു അവിര

**അണക്കര:** പാമ്പുംപാറ നെടുംതകിടിയിൽ മാത്യു അവിര (99) അന്തരിച്ചു. ഭാര്യ പാലമ്പ്ര കൂവപ്പള്ളി തൂങ്കുഴി റോസമ്മ. മക്കൾ: സോബി, തൊമ്മച്ചൻ, മേഴ്സി, ആനി, സിസ്റ്റർ മൃദുല (യുപി), ആഞ്ചലോ, ഔസേപ്പച്ചൻ, സിസ്റ്റർ റീബ (യുഎസ്). മരുമക്കൾ: ജോസ്, ജെസി, ബിൻസി.

## സാം വർഗീസ് അന്തരിച്ചു



**ന്യൂജേഴ്സി:** കൊട്ടാരക്കര കുളത്താക്കൽ ആറമ്പുള പരേതനായ ജോൺ വർഗീസിന്റെയും ഗ്രേസി ജോണിന്റെയും മകൻ സാം വർഗീസ് ന്യൂജേഴ്സിയിൽ അന്തരിച്ചു. ഭാര്യ ദീപാ സാം, പ്രഫ. സാം പനംകുന്നേലിന്റെയും പരേതയായ അന്നമ്മ സാമുവേലിന്റെയും മകളാണ്. മക്കൾ: സമാന്ത, സ്റ്റെഫാനി, സാമുവൽ, സ്റ്റീഫൻ. സഹോദരങ്ങൾ: സ്റ്റാൻലി ജോൺ, സൂസൻ തോമസ്.

ഡിസംബർ 8-ന് രാവിലെ 9 മുതൽ 10 വരെ പൊതുദർശനത്തിനുശേഷം സംസ്കാര ശുശ്രൂഷകൾ (MTC Philadelphia) നടത്തുന്നതും തുടർന്ന് Rosedale Memorial Park, 3850 Richlieu Rd, Bensalem, PA 19020-ൽ മൃതദേഹം സംസ്കരിക്കുന്നതുമാണ്.

## CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

Visit Our Website: www.keralaexpress.com for Classified Advt.

## DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

## DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Boston*




# 'കാലം പറഞ്ഞ കഥ' തിയറ്ററുകളിലേക്ക്




നഗരഹൃദയത്തിൽ ആറ് കൊലപാതകങ്ങൾ നടത്തി നാടിനെ വിറപ്പിച്ച ഒരു യുവാവ്. സാഹചര്യത്തിന്റെ സമ്മർദം കൊണ്ട് ക്രൂരമായ കൊലപാതക പരമ്പരകൾ നടത്തേണ്ടിവന്ന ഈ യുവാവിന്റെ അതിശയിക്കുന്ന കഥ പറയുകയാണ് 'കാലം പറഞ്ഞ കഥ' എന്ന ചിത്രം. നിരവധി ടിവി പരമ്പരകളിലൂടെയും സിനിമകളിലൂടെയും ശ്രദ്ധേയമായ പ്രസാദ് നൂറനാട് ചിത്രത്തിന്റെ സംവിധാനം നിർവഹിക്കുന്നു. അമ്പത് വർഷമായി അശ്വതി ഭാവന എന്ന നാടക സമിതിയുടെ സാരഥിയായ കരുനാഗപ്പള്ളി കൃഷ്ണൻ കുട്ടി, നാടകശാല ഇന്റർനാഷണൽ മൂവീസിന്റെ ബാനറിൽ നിർമാണവും, കഥ-തിരക്കഥ-സംഭാഷണവും രചിക്കുന്ന ചിത്രം റിലീസിന് ഒരുങ്ങുന്നു.

പുലിമുരുകൻ എന്ന ചിത്രത്തിൽ, മോഹൻലാലിന്റെ ചെറുപ്പകാലം അവതരിപ്പിച്ച അജാസാണ് ആറ് കൊലപാതകങ്ങൾ നടത്തേണ്ടിവന്ന നായകന്റെ വേഷം അവതരിപ്പിക്കുന്നത്. ബാലനടിയായി രംഗത്തുവന്ന സാന്ദ്ര നായികയായി എത്തുന്നു. വിദേശത്ത് അച്ഛൻ ഉണ്ടാക്കിയ കടം തീർക്കാൻ വേണ്ടി കടം വാങ്ങിയ അമ്മയുടെയും മക്കളുടെയും കൂടി കഥ ചിത്രം പറയുന്നു.

സുഖജീവിതത്തിനുവേണ്ടി പണം കണക്കിൽ കവിഞ്ഞ് ചെലവാക്കിയ ഇവർ മറ്റുവരുടെ മുന്നിൽ തലകുനിക്കാതെ അവസാനം വരെ ജീവിച്ചു. ഒടുവിൽ തലകുനിക്കണം എന്ന സാഹചര്യം വന്നപ്പോൾ അവർ ഒരു കടുത്ത തീരുമാനമെടുത്തു. എല്ലാവരെയും ഞെട്ടിക്കുന്ന ഈ കഥ പറയുകയാണ് 'കാലം പറഞ്ഞ കഥ' എന്ന ചിത്രം.

അജാസ്, സാന്ദ്ര, നിഷ സാരംഗ്, മാസ്റ്റർ അർജിത്ത്, ജയൻ ചേർത്തല, ശിവജി ഗുരുവായൂർ, അരിസ്റ്റോ സുരേഷ്, കൊല്ലം തുളസി തുടങ്ങിയവർ സിനിമയിൽ അഭിനയിക്കുന്നു.

കാമറ-വിനോദ് ജി. മധു, എഡിറ്റിംഗ്-കണ്ണൻ, ജോജി, ആലാപനം-സിത്താര കൃഷ്ണകുമാർ, സൂര്യനാരായണൻ, അരിസ്റ്റോ സുരേഷ്, ഗാനരചന-വയലാർ ശരത്ചന്ദ്രവർമ്മ, ശ്രീകുമാർ ഇടപ്പോൺ, സംഗീതം-അജയ് രവി, ആക്ഷൻ-ബ്രൂസിലി രാജേഷ്, നൃത്ത സംവിധാനം-കിരൺ മാസ്റ്റർ, ആർട്ട്-സന്തോഷ് പാപ്പനംകോട്, മേക്കപ്പ്-സുധീഷ് നാരായൻ.

# 'ധീരം' ഡിസംബർ അഞ്ചിന് റിലീസ് ചെയ്തു

ആകാംക്ഷയും ദുരൂഹതയും നിറഞ്ഞ കഥാസന്ദർഭങ്ങളുമായി, ഇന്ദ്രജിത്ത് സുകുമാരൻ പോലീസ് വേഷത്തിൽ എത്തുന്ന ക്രൈം ഇൻവെസ്റ്റിഗേഷൻ ത്രില്ലർ ധീരത്തിന്റെ ഔദ്യോഗിക ട്രെയ്‌ലർ റിലീസായി.

പൊതുജനമധ്യത്തിൽനിന്നു തെരഞ്ഞെടുത്ത മൂന്നുപേർ ചേർന്ന് ലോഞ്ച് ചെയ്ത തിരുവനന്തപുരത്തെ പരിപാടി ഏറെ വ്യത്യസ്തമായി.

ചിത്രത്തിലെ താരങ്ങളും അണിയറപ്രവർത്തകരും ക്ഷണിക്കപ്പെട്ട അതിഥികളും പങ്കെടുത്തു. റെമോ എന്റർടെയ്മന്റ്സ് ഇൻ അസോസിയേഷൻ വിത്ത് മലബാർ ടാക്കീസിന്റെ ബാനറിൽ എം. എസ്. റിമോഷ്, ഹാരിസ് അമ്പലത്തിങ്കൽ എന്നിവർ നിർമിച്ച് ജിതിൻ കെ. സുരേഷ് സംവിധാനം ചെയ്യുന്ന 'ധീരം എന്ന ചിത്രം ഡിസംബർ 5- ന് പ്രദർശനത്തിനെത്തി.

അഞ്ചിന് ഡ്രീംബിഗ് ഫിലിംസ് ചിത്രം തിയറ്ററുകളിൽ എത്തിയ ചിത്രത്തിന്റെ ജിസിസി വിതരണാവകാശം ഫാഴ്സ് ഫിലിംസ് ആണ് കരസ്ഥമാക്കിയത്. ഇന്ദ്രജിത്ത് സുകുമാരൻ, അജു വർഗീസ്, ദിവ്യ പിള്ള, നിഷാന്ത് സാഗർ, രഞ്ജി പണിക്കർ, റെബ മോണിക്ക ജോൺ, സാഗർ സൂര്യ (പണി ഫെയിം), അവന്തിക മോഹൻ, ആഷിക അശോകൻ, ശ്രീജിത്ത് രവി, സജൽ സുദർശൻ തുടങ്ങിയവരും പ്രധാന വേഷത്തിലെത്തുന്നു.

നിരവധി ഹ്രസ്വചിത്രങ്ങളിലൂടെ പ്രശസ്തനായ ജിതിൻ ടി. സുരേഷ് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം സൗഗന്ദ് എസ്.യു ആണ്.

ഇൻവെസ്റ്റിഗേറ്റീവ് ത്രില്ലറായ ചിത്രത്തിൽ ഇന്ദ്രജിത് സുകുമാരൻ എസ് പി സ്റ്റാലിൻ ജോസഫ് എന്ന കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ദീപു എസ്. നായരും സന്ദീപ് നാരായണനുമാണ് തിരക്കഥ ഒരുക്കിയിട്ടുള്ളത്.

ചിത്രം ഏറെ ആവേശവും ആകാംക്ഷയുമുണർത്തുന്ന ആക്ഷൻ സസ്പെൻസ് ത്രില്ലറാണെന്ന് ട്രെയ്‌ലർ സാക്ഷ്യപ്പെടുത്തുന്നു.




# 'പ്രകാശം പരത്തുന്ന പെൺകുട്ടി' ചിത്രീകരണം ഡിസംബറിൽ

സാബു കക്കട്ടിൽ സംവിധാനം ചെയ്യുന്ന പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന ചിത്രത്തിന്റെ ഓഡിയോ ലോഞ്ച് കോഴിക്കോട് പഴശി മ്യൂസിയം പ്രിവ്യൂ തിയറ്ററിൽ നടന്നു. പ്രസിദ്ധ സംഗീത സംവിധായകൻ വിദ്യാധരൻ മാഷ് പ്രകാശന കർമം നിർവഹിച്ചു.



തുടർന്ന് ബാബു അധ്യക്ഷനായിരുന്ന ചടങ്ങിൽ , പരിസ്ഥിതി പ്രവർത്തകൻ സി. ആർ. നീലകണ്ഠൻ, ജയചന്ദ്രൻ മൊകേരി, കോട്ടയ്ക്കൽ കുഞ്ഞുമൊയ്തീൻ കുട്ടി, കോഴിക്കോട് വിനോദ്, രഞ്ജിത്ത് സർക്കാർ എന്നിവരെ ആദരിക്കുകയും മരണാനന്തര ബഹുമതിയായി മാമുക്കോയക്കുള്ള ആദരം മക്കളായ നിസാർ മാമുക്കോയ, റഷീദ് മാമുക്കോയ എന്നിവർ ഏറ്റുവാങ്ങുകയും ചെയ്തു.

രാസലഹരി സമൂഹത്തെ കാർന്നു തിന്നുമ്പോൾ ബോധവൽക്കരണം ഇളം മനസിൽനിന്നുതന്നെ തുടങ്ങണമെന്ന ലഹരിവിരുദ്ധ സന്ദേശവുമായി എത്തുന്ന പ്രകാശം പരത്തുന്ന പെൺകുട്ടിയുടെ ചിത്രീകരണം ഡിസംബർ ആദ്യം കോഴിക്കോട് ആരംഭിക്കും.

എന്റെ നന്മ വെൽഫെയർ ചാരിറ്റബിൾ സൊസൈറ്റിയും, കണ്ണാം തുമ്പി ഫിലിംസും ചേർന്ന് ജനകീയമായി നിർമിക്കുന്ന ചിത്രമാണ് പ്രകാശം പരത്തുന്ന പെൺകുട്ടി.

തിരക്കഥ, സംവിധാനം- സാബു കക്കട്ടിൽ, ഗാനരചന- ബാബു വാസുദേവ്, ഹരീഷ് ചുഴലി, സാബു കക്കട്ടിൽ, സംഗീതം- സന്ദീപ് ആർ. ബല്ലാൽ, ആലാപനം മധുബാലകൃഷ്ണൻ, അശ്വനി അനീഷ്, സന്ദീപ് ആർ. ബി.

ആടുകുളം മുരുകദാസ്, നിസാർ മാമുക്കോയ, സുധി കോഴിക്കോട്, ഷിബു തിലകൻ, ബാബു വാസുദേവ് നമ്പൂതിരി, വിനോദ് കോഴിക്കോട്, അലൈദ തുടങ്ങിയവർ അഭിനയിക്കുന്നു.




# ‘എക്കോ’യിലെ പ്രധാന കഥാപാത്രമായ മോഹൻ പോത്തനെ അവതരിപ്പിച്ച വിനീത് സിനിമയെക്കുറിച്ച് സംസാരിക്കുന്നു

കുര്യച്ചൻ എന്ന നിഗൂഢത തേടിയിറങ്ങുന്ന കുറച്ചധികം പേർക്കൊപ്പം പ്രേക്ഷകരും നടുക്കുന്ന സത്യങ്ങളുടെ ബൈനോകുലാർ കാഴ്ച്ചകളിലെത്തിപ്പെടുന്ന ക്ലാസിക് സിനിമാറ്റിക് അനുഭവമാണ് ‘എക്കോ’. കുര്യച്ചന്റെ ക്രൈമുകളുടെ പങ്കാളിയും കാലാന്തരത്തിൽ അയാളുടെ ശത്രുവുമാകുന്ന ‘എക്കോ’യിലെ മോഹൻ പോത്തനിൽ രൂപഭാവങ്ങളിലും കഥാപാത്ര നിർവഹണത്തിലുമെല്ലാം വേറിട്ട പുതുമയുള്ള മോഡിഫൈഡ് വിനീതിനെ ആസ്വദിക്കാനാകുന്നതിന്റെ ഉജ്വല മുഹൂർത്തങ്ങളുണ്ട്.

ഇതുവരെ ചെയ്തതിൽ വെല്ലുവിളിയുയർത്തിയ വേഷങ്ങളിലൊന്നാണിത്. പെർഫോമൻസിനു പ്രാധാന്യമേറിയ കഥാപാത്രം. തിയറ്റർ സന്ദർശനത്തിനു പോയപ്പോൾ രാത്രി പന്ത്രണ്ടരയ്ക്കും കുടുംബ പ്രേക്ഷകർ! പ്രായമുള്ള അമ്മമാരും കുട്ടികളുമുൾപ്പെടെ, അവരൊക്കെ കൈപിടിച്ച് അവരുടെ സന്തോഷംപങ്കുവയ്ക്കുന്നു. അതൊക്കെ എന്തൊരനുഗ്രഹമാണ്.




പോത്തനെ ആദ്യം കാണിക്കുന്ന സീനിൽ പണ്ടു നായയെക്കുറിച്ചു പഠിക്കാൻ മലേഷ്യയിൽ പോയിരുന്നുവെന്നും മറ്റും വളരെ കാഷ്വലായാണ് അയാൾ അപ്പൂട്ടിയോട് സംസാരിക്കുന്നത്. അപ്പൂട്ടി കുര്യച്ചനെക്കുറിച്ചു പറയുമ്പോഴൊക്കെ പോത്തൻ അതെല്ലാം വകവച്ചുകൊടുക്കുന്നുമുണ്ട്. അവിടെ നിഗൂഢതകളൊന്നും വെളിപ്പെടുത്തുന്നതേയില്ല. പക്ഷേ, പോത്തനും മ്ലാത്തിയുമായുള്ള സംഘർഷഭരിതമായ സംഭാഷണത്തിലാണ് അയാളുടെ നിരാശയും മനസിലെ വിഷമവും പുറത്താകുന്നത്. പോത്തനും കുര്യച്ചനും ഒരേയളവിൽ ചെകുത്താന്റെ ആത്മാവുള്ളവരാണ്. അവിടെയാണ് എഴുത്തിലും കഥാപാത്രസ്വഭാവ വിശകലനത്തിലും കഥാപാത്ര നിർവചനത്തിലുമുള്ള ബാഹുലിന്റെ വൈഭവം വെളിവാകുന്നത്.

‘എക്കോ’ നല്കുന്ന പരിശുദ്ധമായ സിനിമാറ്റിക് അനുഭവത്തിന് പിന്നിൽ കലാപരമായ ബ്രില്യൻസ്, സിനിമയുടെ ക്രാഫ്റ്റ്, ഛായാഗ്രഹണം ഉൾപ്പെടെയുള്ളവയുടെ സാങ്കേതിക മികവ്.... ഇതിനെല്ലാമപ്പുറം ബാഹുൽ രമേശിന്റെ തിരക്കഥയുമുണ്ട്. ഒരു പസിലിന് ഉത്തരം കണ്ടെത്തുന്നതുപോലെയുള്ള അനുഭവമാണ് ഈ സിനിമ നൽകുന്നത്. പലപ്പോഴും പിയൂസോ മോഹൻ പോത്തനോ മ്ലാത്തിയോ പറയുന്നതു ചെറിയൊരു ഡയലോഗ് ആയിരിക്കാം. പക്ഷേ, അതിലുള്ളത് സിനിമയുടെ മറ്റൊരു സ്വീക്വൻസുമായി ബന്ധിപ്പിക്കുന്ന ഒരു ഉത്തരമായിരിക്കാം. നായ്ക്കളെ കൂട്ടിലിട്ടല്ല പോറ്റേണ്ടതെന്ന് ഒരു സീനിൽ മ്ലാത്തിച്ചേട്ടത്തി പറയുന്നുണ്ട്. ആ മലനിരകളിലെ നായക്കൂട്ടങ്ങളെ അവർ എങ്ങനെയാണു നിയന്ത്രിക്കുന്നതെന്നു ആ സംഭാഷണം സൂചന തരുന്നുണ്ട്. പ്രേക്ഷകർക്കു വളരെ വ്യക്തമായി വിശകലനം ചെയ്ത് ചിന്തിച്ച് തീരുമാനിക്കാനുള്ള ഒരിടമാണു സിനിമയിൽ ബാഹുൽ കൊടുത്തിരിക്കുന്നത്. മ്ലാത്തിച്ചേട്ടത്തിയായി വേഷമിട്ട മേഘാലയൻ അഭിനേത്രി ബിയാനെ മോമിൻ, അവരുടെ ചെറുപ്പകാലം അവതരിപ്പിച്ച മലേഷ്യൻ മോഡൽ സീഫൈ, സൗരബ് സച്ച്ദേവ്, അശോകൻ, നരേൻ, സഹീർ മുഹമ്മദ്, സന്ദീപ്, ബിനു പപ്പു എല്ലാവരും അവരവരുടെ കഥാപാത്രങ്ങൾ ഗംഭീരമാക്കി.

അസാധാരണ പ്രതിഭാവിശേഷമുള്ള ചെറുപ്പക്കാരാണു ബാഹുലും ദിൻജിത്തും. അവരുടെ വർക്കിംഗ് രീതിക്കൊപ്പം നിൽക്കാനായതാണ് അനുഗ്രഹം. തിരക്കഥാരചനയിലുൾപ്പെടെ അവരിൽനിന്ന് എത്രത്തോളം മുന്നൊരുക്കവും പരിശ്രമങ്ങളുമുണ്ടായിട്ടുണ്ട്. എന്നതു ഷൂട്ടിംഗിനെത്തിയപ്പോഴാണു ബോധ്യമായത്. ഇടുക്കിയുടെ ഉൾപ്രദേശങ്ങളിൽ ഇതേവരെ ആരും എക്സ്പ്ലോർ ചെയ്യാത്ത വനാന്തരങ്ങളിലെ കിഴക്കാംതൂക്കായ മലഞ്ചെരുവുകളിലായിരുന്നു ചിത്രീകരണം. മഴ, കോട, ഇടി, കാറ്റ്... പലപ്പോഴും അഞ്ചാറു മണിക്കൂർ വരെ കാത്തിരുന്നു കിട്ടിയ അരമണിക്കൂറിലൊക്കെ ഷോട്ടെടുക്കേണ്ടി വന്നിട്ടുണ്ട്.

വൈചിത്ര്യവും അസാധാരണത്വവുമുള്ള, നിരീക്ഷണകുതുകിയായ കഥാപാത്രമാണു പോത്തൻ. പക്ഷേ, എല്ലാം വളരെ ഉദാസീനരീതിയിലാവും പറയുക. തെക്കൻ സ്ളാംഗിൽ വളരെ ആഴത്തിലുള്ള സംഭാഷണങ്ങളാണ് ബാഹുൽ എഴുതിയിരിക്കുന്നത്. മാത്രമല്ല, ഈ കഥയുമായി ബന്ധപ്പെടുത്തുന്ന ധാരാളം കാര്യങ്ങൾ സന്ദീപിനോടും മ്ലാത്തിയോടും പോത്തൻതന്നെ പറയുന്നുമുണ്ട്. അതൊക്കെ ഒരേ മീറ്ററിൽ തന്നെ പറയണമെന്നുള്ളതു ഡയറക്ടർക്കും കാമറാമാനും നിർബന്ധമായിരുന്നു. ആ ഡയലോഗുകളൊക്കെ പഠിച്ച് ആ മോഡുലേഷനിൽത്തന്നെ പറയുമ്പോഴാണ് അതിനു ഭംഗിയും പൂർണതയും കൈവരുന്നത്. ആ രീതിയിലേക്ക് ഇഴുകിച്ചേരുക എന്നത് എന്നിലെ നടനു വെല്ലുവിളിയായിരുന്നു.

ഇത്തരം തീവ്ര സ്വഭാവത്തിലുള്ള സിനിമകൾക്കൊക്കെ മുന്നൊരുക്കമുണ്ടാവും. മൂന്നാലു പ്രാവശ്യം തിരക്കഥ വായിച്ച് മൊത്തം സംഭാഷണവും പഠിച്ചശേഷമാണു സെറ്റിലെത്തിയത്. ആദ്യം വേറൊരു ഗെറ്റപ്പ് നോക്കി. പക്ഷേ, എവിടെയെങ്കിലും അതു കൃത്രിമമെന്നു തോന്നാനിടയായാൽ കഥാപാത്രത്തെ ബാധിക്കും. അങ്ങനെ ഈ ഗെറ്റപ്പിലെത്തി. മേക്കപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നേരത്തേ തീരുമാനിച്ചുറപ്പിച്ചു. പോത്തൻ എന്ന കഥാപാത്രം എങ്ങനെയായിരിക്കണം എന്നതിലുള്ള ബാഹുലിന്റെയും ദിൻജിത്തിന്റെയും ഉറച്ച ബോധ്യമാണ് പ്രേക്ഷകർക്ക് അതു വേറിട്ട അനുഭവമാക്കിയത്.




‘മലമടക്കിലെവിടെയോ ഒരു പൊത്ത്. അവിടെ 24 മണിക്കൂറും നീരുറവ. പുറത്തുനിന്നു പഴങ്ങളും മറ്റുമെത്തിക്കാൻ പട്ടികൾ. ലോകത്ത് ഒരു കുഞ്ഞുപോലുമറിയാതെ 25-30 ദിവസം കഴിയാനൊരു സ്ഥലമുണ്ടെന്നു കുര്യച്ചൻ പണ്ടു പറഞ്ഞിരുന്നു. ഞാൻ ഒരുപാടു പ്രാവശ്യം ചോദിച്ചതിനു ശേഷമാണ് അയാൾ എന്നോടതു പറഞ്ഞത്. എന്നാൽ സ്ഥലം ഏതാണെന്നു പറഞ്ഞിട്ടുമില്ല.’ ഈ സംഭാഷണങ്ങൾ ഒട്ടും നാടകീയമാകാതെ വളരെ കാഷ്വലായി അവതരിപ്പിക്കണം എന്നതായിരുന്നു സംവിധായകന്റെ താത്പര്യം. അത്തരത്തിൽ അവതരിപ്പിക്കുക എന്നതായിരുന്നു പ്രധാന വെല്ലുവിളി. സംഭാഷണശൈലി തന്നെ ചലഞ്ചിംഗായിരുന്നു. ഒപ്പം, ശബ്ദ ക്രമീകരണം കൊണ്ടുവരികയും വേണം.

ഗംഭീര തിരക്കഥകൾ വരുന്നതുകൊണ്ടാണ് നിരന്തരം സിനിമകൾ ചെയ്യാത്തത്. മിക്കപ്പോഴും എന്റെ കഥാപാത്രത്തിനുവേണ്ടി എനിക്കു കാര്യമായി ഒന്നുംതന്നെ ചെയ്യാനുണ്ടാവില്ല. എനിക്ക് ആത്മവിശ്വാസമുള്ളത്, പുതുമ തോന്നുന്നത്, ഒരു സീനാണെങ്കിലും അതിൽ പെർഫോം ചെയ്യാൻ എന്തെങ്കിലുമുള്ളത്... അതിലൂടെ ആത്മസംതൃപ്തി നേടാനാകുന്നത്... അത്തരം വേഷങ്ങളാണു ചെയ്യുന്നത്. എക്കോയിൽ നോക്കൂ, എനിക്ക് മ്ലാത്തിയുമായുള്ള സംഘർഷഭരിതമായ ആ ഒരു സീൻ മതി. കുര്യച്ചനെത്തേടി മ്ലാത്തിയുടെ വീട്ടിലെത്തുന്ന പോത്തൻ അവരോടു കയർത്തു സംസാരിക്കുന്ന ആ സീൻ. ഈ പടത്തിൽ എന്റെ കഥാപാത്രത്തെ വെളിപ്പെടുത്തുന്ന സീനാണത്. നടനെന്ന നിലയിൽ എനിക്കതു ചലഞ്ചിംഗ് ആയിരുന്നു.

സിനിമയുടെ മൊത്തത്തിലുള്ള ക്രാഫ്റ്റിലും പോത്തന്റെ കഥാപാത്ര നിർവചനത്തിലുള്ള മതിപ്പിലുമാണ് പ്രേക്ഷകർ ഇന്ന് എന്നോടു നല്ല വാക്കുകൾ പറയുന്നത്. അതുകൊണ്ടുതന്നെ അഭിനയിക്കാൻ സിനിമകൾ തെരഞ്ഞെടുക്കുന്നതു വലിയ ഉത്തരവാദിത്വമായി കാണുന്നു. കരുത്തും കാതലുമുള്ള വേഷങ്ങൾ ചെയ്താലേ അവരുടെ മനസിൽ നമ്മൾ എപ്പോഴുമുണ്ടാവുകയുള്ളൂ.

## ‘കമ്മീഷണർ’ വീണ്ടും തിയറ്ററുകളിലേക്ക്

പ്രേക്ഷകരെ കോരിത്തരിപ്പിച്ച കമ്മീഷണർ വീണ്ടും തിയറ്ററുകളിലേക്ക്. 4കെ അറ്റ്മോസ് സാങ്കേതികത്തികവിൽ റീമാസ്റ്റർ ചെയ്താണ് ചിത്രം വീണ്ടും റിലീസ് ചെയ്യുന്നത്.





മുപ്പത്തിയൊന്നു വർഷങ്ങൾക്കു മുമ്പ് രൺജി പണിക്കരുടെ തിരക്കഥയിൽ ഷാജി കൈലാസ് സംവിധാനം ചെയ്ത ചിത്രമാണ് കമ്മീഷണർ. സുരേഷ് ഗോപി എന്ന നടനെ സൂപ്പർതാരപദവിയിലേക്ക് നയിച്ച കഥാപത്രം കൂടിയായിരുന്നു ഇതിലെ ഭരത് ചന്ദ്രൻ ഐപിഎസ്. തമിഴിലും തെലുങ്കിലും മൊഴിമാറ്റത്തിലൂടെയും ചിത്രം വലിയ വിജയം നേടിയിരുന്നു.

തെലുങ്കിൽ നൂറു ദിവസത്തിലേറെ തിയറ്ററുകൾ നിറഞ്ഞാടി. സുനിത പ്രൊഡക്ഷൻസിന്റെ ബാനറിൽ എം. മണിയാണ് ഈ ചിത്രം നിർമിച്ചത്. രതീഷ്, ശോഭന, രാജൻ പി. ദേവ്, വിജയ രാഘവൻ, ബൈജു സന്തോഷ്, ഗണേഷ് കുമാർ തുടങ്ങിയ പ്രമുഖ താരങ്ങളും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചു. പുതിയ പതിപ്പിൽ പശ്ചാത്തല സംഗീതം പുനരാവിഷ്കരിച്ചത് ബെന്നി ജോൺസാണ്.

# ഇന്ത്യ–യുഎസ് വ്യാപാരക്കരാര്‍ യാഥാര്‍ത്ഥ്യമാകുമെന്ന് ജയശങ്കര്‍

ന്യൂഡല്‍ഹി: ഇന്ത്യ-യുഎസ് വ്യാപാരക്കരാര്‍ ഉടന്‍ യാഥാര്‍ത്ഥ്യമാകുമെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കര്‍. നയതന്ത്രത്തില്‍ പിന്മാറ്റം എപ്പോഴും സാധ്യമാണെന്ന മുന്നറിയിപ്പിനൊപ്പം ഇന്ത്യ സ്വന്തം താത്പര്യങ്ങളില്‍ ഉറച്ചുനില്‍ക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഇന്ത്യയെ സംബന്ധിച്ച് തൊഴിലാളികളുടെയും കര്‍ഷകരുടെയും മധ്യവര്‍ഗത്തിന്റെയും താത്പര്യങ്ങള്‍ പ്രധാനമാണ്. യുഎസുമായുള്ള വ്യാപാരക്കരാര്‍ പരിഗണിക്കുമ്പോള്‍ നമ്മുടെ നിലപാടിനോട് നമ്മള്‍ അങ്ങേയറ്റം നീതി പുലര്‍ത്തേണ്ടതുണ്ട്.



കരാറിന്റെ കാര്യത്തില്‍ യുഎസുമായി മതിയായ ചര്‍ച്ച നടന്നിട്ടില്ലെന്ന ആരോപണം ജയശങ്കര്‍ നിഷേധിച്ചു. എന്നാല്‍, പരിഹരിക്കപ്പെടേണ്ട ഭിന്നതകളുണ്ട്. ഇന്ത്യ-യുഎസ് ബന്ധത്തിലെ പ്രധാന പ്രശ്നം വ്യാപാരമായിരുന്നു. ഇക്കാര്യത്തില്‍ നിരവധി ചര്‍ച്ച നടന്നു.

വ്യാപാരക്കരാര്‍ ഉടനുണ്ടാകുമോയെന്നു ചോദിച്ചാല്‍, ഉറപ്പായും സാധ്യമാകുമെന്നാണ് ഉത്തരം. അതിന് അല്‍പം സമയമെടുത്തേക്കാം. കരാര്‍ എപ്പോഴുണ്ടാകുമെന്ന ചോദ്യത്തിനു കൃത്യമായ മറുപടി നല്കാന്‍ മന്ത്രി തയ്യാറായില്ല. നയതന്ത്രത്തില്‍ എപ്പോഴും ശുഭാപ്തി വിശ്വാസമുണ്ടാകണം. എന്നാല്‍, പൊടുന്നനേ കാര്യങ്ങള്‍ മാറിമറിഞ്ഞേക്കാം.

എല്ലാ യുഎസ് പ്രസിഡണ്ടുമാര്‍ക്കും ഒരു പൊതുസമീപനമുണ്ടായിരുന്നു. എന്നാല്‍, പ്രസിഡണ്ട് ഡോണള്‍ഡ് ട്രംപിന്റെ വഴികള്‍ മുന്‍ഗാമികളുടേതില്‍നിന്ന് പൂര്‍ണമായും വ്യത്യസ്തമാണെന്ന് എന്‍ഡി ടിവിക്ക് നല്കിയ അഭിമുഖത്തില്‍ ജയശങ്കര്‍ ചൂണ്ടിക്കാട്ടി. ഇന്ത്യയുമായുള്ള വ്യാപാരക്കമ്മിസംബന്ധിച്ച് ട്രംപ് മുമ്പ് വിമര്‍ശനങ്ങള്‍ ഉന്നയിച്ചിരുന്നു. ക്ഷീര, കാര്‍ഷിക മേഖലകള്‍, വിദേശ വിപണിക്കു തുറന്നുകൊടുക്കുന്നതില്‍ ഇന്ത്യക്കുള്ള എതിര്‍പ്പാണ് കരാറിനുള്ള തടസ്സങ്ങളില്‍ പ്രധാനം.

തങ്ങളുടെ കാര്‍ഷികോത്പന്നങ്ങള്‍ വിറ്റഴിക്കാന്‍ ഇന്ത്യന്‍ വിപണി തുറന്നുകൊടുക്കണമെന്നതാണ് അമേരിക്കയുടെ ആവശ്യം. ജനിതകമാറ്റം നടത്തിയ വിളകളുടെ ഇറക്കുമതി അനുവദിക്കില്ലെന്നതാണ് ഇന്ത്യന്‍ നിലപാട്. സ്വതന്ത്ര വ്യാപാരത്തിന്റെ പേരില്‍ രാജ്യത്തെ കര്‍ഷകരുടെ താത്പര്യങ്ങള്‍ ബലികഴിക്കില്ലെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു.

# 69–ാം ചരമവാര്‍ഷികദിനത്തില്‍ അംബേദ്കറെ സ്മരിച്ച് ഇന്ത്യ

ന്യൂഡല്‍ഹി: ഭരണഘടനാശില്‍പി ഡോ. ബി.ആര്‍ അംബേദ്കറിന്റെ 69-ാം ചരമവാര്‍ഷികദിനത്തില്‍ (മഹാപരിനിര്‍വാണ്‍ ദിവസ്) അദ്ദേഹത്തിന് ആദരമര്‍പ്പിച്ച് ഇന്ത്യ. രാഷ്ട്രപതി ദ്രൗപദി മുര്‍മു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്‍, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുല്‍ ഗാന്ധി, ലോക്സഭാ സ്പീക്കര്‍ ഓം ബിര്‍ല തുടങ്ങിയവര്‍ പാര്‍ലമെന്റ് സമുച്ചയത്തിലെ പ്രേരണാസ്ഥലിലുള്ള അംബേദ്കറുടെ പ്രതിമയില്‍ പുഷ്പാര്‍ച്ചന നടത്തി.



പാര്‍ലമെന്റ് സമുച്ചയത്തിലെ പ്രേരണാസ്ഥലിലുള്ള ഭരണഘടനാശില്‍പി ഡോ. ബി.ആര്‍. അംബേദ്കറുടെ പ്രതിമയില്‍ രാഷ്ട്രപതി ദ്രൗപദി മുര്‍മു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്‍, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കര്‍ ഓം ബിര്‍ള, കിരണ്‍ റിജിജു എന്നിവര്‍ ആദരമര്‍പ്പിക്കുന്നു.

അംബേദ്കറിന്റെ ദീര്‍ഘവീക്ഷണമുള്ള നേതൃത്വവും നീതിയോടും സമത്വത്തോടും ഭരണഘടനാവാദത്തോടുമുള്ള അചഞ്ചലമായ പ്രതിബദ്ധതയും നമ്മുടെ രാഷ്ട്രത്തിനു മാര്‍ഗമായി തുടരുന്നുവെന്ന് അദ്ദേഹത്തിന് ആദരമര്‍പ്പിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സില്‍ കുറിച്ചു.

"സമത്വം, നീതി, മാനുഷിക മഹത്വം എന്നിവയിലുള്ള അംബേദ്കറിന്റെ കലാതീതമായ പൈതൃകം ഭരണഘടന സംരക്ഷിക്കാനുള്ള എന്റെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുകയും കൂടുതല്‍ ഉള്‍ക്കൊള്ളുന്നതും അനുകമ്പയുള്ളതുമായ ഇന്ത്യയ്ക്കായുള്ള നമ്മുടെ കൂട്ടായ പോരാട്ടത്തിനു പ്രചോദനം നല്‍കുകയും ചെയ്യുന്നുവെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുല്‍ ഗാന്ധി എക്സില്‍ കുറിച്ചു.

ജീവിതത്തിലുടനീളം ബാബാസാഹെബ് വ്യക്തിസ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി എന്നീ ജനാധിപത്യമൂല്യങ്ങള്‍ക്കുവേണ്ടി നിലകൊണ്ടുവെന്നും ഇന്ത്യയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ഏറ്റവും വലിയ സമ്മാനമായ ഭരണഘടനയും അദ്ദേഹത്തിന്റെ ജീവിതമൂല്യങ്ങളും എപ്പോഴത്തേയുംകാള്‍ അധികമായി ഇന്ന് സംരക്ഷിക്കാനും പ്രതിരോധിക്കാനും നമ്മള്‍ ആഹ്വാനം ചെയ്യപ്പെടുന്നുവെന്നും രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാര്‍ജുന്‍ ഖാര്‍ഗെ എക്സില്‍ കുറിച്ചു.

# നിശാ ക്ലബ്ബില്‍ തീപിടിത്തം

(3-ാം പേജില്‍നിന്നും)

ആവശ്യമായ സുരക്ഷാ മുന്‍കരുതലുകള്‍ സ്വീകരിക്കാന്‍ എല്ലാ നിശാ ക്ലബ്ബുകള്‍ക്കും സര്‍ക്കാര്‍ നിര്‍ദേശം നല്കി.

നിയമവിരുദ്ധമായി ക്ലബ് പ്രവര്‍ത്തിക്കാന്‍ അനുമതി നല്‍കിയ ഉദ്യോഗസ്ഥര്‍ക്കെതിരെ കര്‍ശന നടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു. ക്ലബ് ഉടമകളായ സൗരഭ് ലൂത്ര, ഗൗരവ് ലൂത്ര എന്നിവര്‍ക്കെതിരെ എഫ്ഐആര്‍ രജിസ്റ്റര്‍ ചെയ്തുവെന്നു മുതിര്‍ന്ന പോലീസ് ഉദ്യോഗസ്ഥന്‍ അറിയിച്ചു. ഇവരെ ഉടന്‍ അറസ്റ്റ് ചെയ്യും. നിശാ ക്ലബ്ബിന് ട്രേഡ് ലൈസന്‍സ് നല്‍കിയ സര്‍പഞ്ച് റോഷന്‍ റെഡ്കറെ കസ്റ്റഡിയിലെടുത്തു.

മരിച്ച 25 പേരെയും തിരിച്ചറിഞ്ഞു. ഇവരില്‍ 20 പേരും ക്ലബ്ബിലെ ജീവനക്കാരാണ്. ഒന്നാം നിലയില്‍നിന്നാണു തീപിടിത്തമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം. തിക്കും തിരക്കും ഇടുങ്ങിയ വാതിലും കാരണം ആളുകള്‍ക്കു പുറത്തേക്ക് രക്ഷപ്പെടാനായില്ല. ഏതാനും പേര്‍ ഗ്രൗണ്ട് ഫ്ളോറില്‍ കുടുങ്ങി. നൃത്തം നടക്കുന്നതിനിടെ എല്ലാം ഭാഗത്തും പടക്കം പൊട്ടിയെന്നും തീപിടിത്തത്തിന് ഇതു കാരണമായെന്നും ഡല്‍ഹിയില്‍നിന്നുള്ള ടൂറിസ്റ്റ് റിയ പറഞ്ഞു. ഡാന്‍സ് നടന്ന ഫ്ളോറില്‍ നൂറോളം പേരുണ്ടായിരുന്നു. തീപിടിത്തമുണ്ടായതോടെ പലരും താഴത്തെ നിലയിലെ അടുക്കളയുടെ ഭാഗത്തേക്ക് ഓടി. ഇവരും അടുക്കളയിലുണ്ടായിരുന്ന ജീവനക്കാരും പുറത്തേക്ക് പോകാനാകാതെ ഇവിടെ കുടുങ്ങുകയായിരുന്നു. നിമിഷങ്ങള്‍ക്കകം ക്ലബ് മുഴുവന്‍ തീ വിഴുങ്ങി. ആഴ്ചവട്ടമായതിനാല്‍ നിശാ ക്ലബില്‍ നല്ല തിരക്കായിരുന്നു.

അര്‍പോറ നദീതീരത്തുള്ള നിശാ ക്ലബിലേക്ക് ഇടുങ്ങിയ വഴിയാണുള്ളത്. ഫയര്‍ ബ്രിഗേഡ് വാഹനങ്ങള്‍ക്ക് അങ്ങോട്ട് എത്താന്‍ കഴിഞ്ഞില്ല. 400 മീറ്റര്‍ അകലെയാണ് ഫയര്‍ ബ്രിഗേഡിന്റെ ടാങ്കറുകള്‍ പാര്‍ക്ക് ചെയ്തത്. ഏറെ പണിപ്പെട്ടാണ് തീയണയ്ക്കാനായത്. ആസാം, ജാര്‍ഖണ്ഡ് സംസ്ഥാനങ്ങളില്‍നിന്നുള്ള ജീവനക്കാര്‍ മരിച്ചവരില്‍ ഉള്‍പ്പെടുന്നു.

അപകടത്തില്‍ സര്‍ക്കാരിനെതിരെ രൂക്ഷവിമര്‍ശനവുമായി പ്രതിപക്ഷം രംഗത്തെത്തി. മുഖ്യമന്ത്രി രാജിവെക്കണമെന്ന് കോണ്‍ഗ്രസ് ആവശ്യപ്പെട്ടു. രാഷ്ട്രപതി ദ്രൗപദി മുര്‍മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുല്‍ഗാന്ധി എന്നിവര്‍ ദുരന്തത്തില്‍ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബത്തിന് രണ്ടു ലക്ഷം രൂപയും പരുക്കേറ്റവര്‍ക്ക് 50,000 രൂപയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയില്‍നിന്ന് ധനസഹായം നല്‍കും.

പരുക്കേറ്റു ചികിത്സയില്‍ കഴിയുന്നവരെ ഗോവ ഗവര്‍ണര്‍ അശോക് ഗജപതി രാജു സന്ദര്‍ശിച്ചു.

# വ്യാജബിരുദ സര്‍ട്ടിഫിക്കറ്റ്: പത്തംഗ സംഘം അറസ്റ്റില്‍

തൃശൂര്‍: സംസ്ഥാന വ്യാപകമായി വ്യാജബിരുദ സര്‍ട്ടിഫിക്കറ്റുകള്‍ നിര്‍മ്മിച്ച് വിതരണം ചെയ്യുന്ന സംഘത്തിലെ പത്ത് പേര്‍ അറസ്റ്റില്‍. ഒരു ലക്ഷത്തോളം വ്യാജ സര്‍ട്ടിഫിക്കറ്റുകള്‍, നൂറോളം സീലുകള്‍, പ്രിന്ററുകള്‍ എന്നിവ പിടിച്ചെടുത്തു.

തിരൂര്‍ മീനടത്തൂര്‍ നെല്ലിക്കത്തറയില്‍ ധനീഷ് ധര്‍മന്‍ (38), പൊന്നാനി നരിപ്പറമ്പ് മൂച്ചിക്കല്‍ ഇര്‍ഷാദ് (39), തിരൂര്‍ പുറത്തൂര്‍ പുതുപ്പള്ളി നമ്പ്യാരകത്ത് രാഹുല്‍ (30), തിരൂര്‍ പയ്യനങ്ങാടി പാലുപറമ്പില്‍ അബ്ദുള്‍ നിസാര്‍ (31), തിരുവനന്തപുരം നെടുമങ്ങാട് സ്വദേശികളായ മണകോട് ജസീം മന്‍സിലില്‍ ജസീം (35)പി.എസ് നഗര്‍ നെട്ട വാര്‍ഡില്‍ രതീഷ് നിവാസില്‍ രതീഷ് (37) ആര്യനാട് കടയറ വീട്ടില്‍ ഷെഫീക് (32) തമിഴ്നാട് സ്വദേശികളായ ശിവകാശി അയ്യപ്പന്‍ കോളനിയിലെ ജൈനുലാബുദ്ദീന്‍ (40) വിതുരനഗര്‍ എസ്.എന്‍.പുരം റോഡില്‍ അരവിന്ദ് കുമാര്‍ (24), ശിവകാശി റെയില്‍വേ ഫീഡര്‍ റോഡില്‍ വെങ്കിടേഷ് (24) എന്നിവരെയാണ് പൊന്നാനി ഇന്‍സ്പെക്ടര്‍ എസ്. അഷ്റഫിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം പിടികൂടിയത്. തമിഴ്നാട്ടിലെ പൊള്ളാച്ചി കേന്ദ്രീകരിച്ചായിരുന്നു വ്യാജ സര്‍ട്ടിഫിക്കറ്റുകളുടെ അച്ചടി. ധനീഷ് ധര്‍മനാണ് സംഘത്തില്‍ പ്രധാനി. പൊന്നാനിയിലെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തില്‍ അധ്യാപകനായ ഇര്‍ഷാദ് ചമ്രവട്ടം ജംഗ്ഷനില്‍ വിദ്യാഭ്യാസ റിക്രൂട്ടിംഗ് സ്ഥാപനവും നടത്തുന്നുണ്ട്. ഈ സ്ഥാപനത്തിലെ പരിശോധനയില്‍ സംസ്ഥാനത്തിനു പുറത്തുള്ള വിവിധ സര്‍വകലാശാലകളുടെ നൂറോളം സര്‍ട്ടിഫിക്കറ്റുകളും മാര്‍ക്ക് ലിസ്റ്റുകളും പിടിച്ചെടുത്തു.

# എന്‍.എച്ച് 66 നിര്‍മ്മാണം അശാസ്ത്രീയം

തിരുവനന്തപുരം: കാസര്‍കോട് തലപ്പാട് മുതല്‍ തിരുവനന്തപുരം-കാരോട് വരെ നിര്‍മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ദേശീയപാത 66-ലെ അശാസ്ത്രീയ നിര്‍മ്മിതി വന്‍ ദുരന്തമാകുമെന്നു വിദഗ്ദ്ധ സമിതി. കേരളത്തിന്റെ പ്രത്യേക കാലാവസ്ഥയും ഭൂപ്രകൃതിയും മനസ്സിലാക്കാതെ തയ്യാറാക്കിയ രൂപരേഖയുടെ ഫലമായി ഉരുള്‍പൊട്ടലും മണ്ണിടിച്ചിലും റോഡ് ഒലിച്ചുപോകുന്നതും ഉള്‍പ്പെടെയുള്ള നാശനഷ്ടങ്ങളുണ്ടാകാമെന്നും ദേശീയപാതാ അതോറിറ്റി നിയോഗിച്ച നാലംഗ വിദഗ്ദ്ധ സമിതിയുടെ റിപ്പോര്‍ട്ടില്‍ പറയുന്നു. ഈ നിരീക്ഷണം ശരിവെക്കുന്നതാണ് കൊല്ലം കൊട്ടിയത്തെ ദേശീയ പാതയുടെ തകര്‍ച്ച.

കൊട്ടിയം മൈലക്കാടിനു സമീപം ദേശീയപാത ഇടിഞ്ഞു താഴ്ന്ന സംഭവത്തില്‍ കരാറുകാരനെതിരെ നടപടിയെടുത്ത് കേന്ദ്രസര്‍ക്കാര്‍. മതിയായ പരിശോധനയില്ലാതെയാണ് നിര്‍മാണമെന്നും കണ്ടെത്തി. കരാറുകാരനായ ശിവാലയ കണ്‍സ്ട്രക്ഷന്‍സിനെയും പദ്ധതിയുടെ സ്വതന്ത്ര എന്‍ജിനീയറിങ് വിഭാഗമായ ഫീഡ്ബാക്ക് ഇന്‍ഫ്രാ, സത്ര സര്‍വീസസിനെയും ഒരു മാസത്തേക്ക് ദേശീയപാതാ അതോറിറ്റി സസ്പെന്‍ഡ് ചെയ്തു.

# രാഹുലിനെ കണ്ടെത്താന്‍ പുതിയ സംഘം

(3-ാം പേജില്‍നിന്നും)

ഒളിക്കാന്‍ സ്ഥലം ഏര്‍പ്പാടാക്കിയവരെ കണ്ടെത്തിയെങ്കിലും രാഹുല്‍ എവിടെയെന്ന് ഉറപ്പിക്കാന്‍ പോലീസിനു കഴിഞ്ഞില്ല. എത്രയും വേഗം പിടികൂടണമെന്നു ഡിജിപി കര്‍ശന നിര്‍ദേശം നല്‍കിയ കേസാണിത്.


ബെംഗളൂരുവില്‍ ഒളിവില്‍ കഴിയാന്‍ രാഹുലിനെ സഹായിച്ച രണ്ടു പേരെ അറസ്റ്റ് രേഖപ്പെടുത്തിയശേഷം പോലീസ് വിട്ടയച്ചു.

രാഹുലുമായുള്ള ശബ്ദസന്ദേശങ്ങള്‍, വാട്സാപ് ചാറ്റ്, ഗര്‍ഭഛിദ്രത്തിനിരയായതിന്റെ മെഡിക്കല്‍ രേഖകള്‍ എന്നിവ പീഡനത്തിനിരയായ യുവതി പോലീസിനു കൈമാറിയിരുന്നു. വിശദമൊഴിയും നല്‍കിയിട്ടുണ്ട്. കേസില്‍ ഈ മാസം 15 വരെ രാഹുലിന്റെ അറസ്റ്റ് തടഞ്ഞ് ഹൈക്കോടതി കഴിഞ്ഞ ദിവസം ഉത്തരവിറക്കിയിരുന്നു.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH | ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
... COMING SOON ...


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING,
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**